"തൽക്ഷണം ആ പ്രഭു, ഗുരോ, എന്റെ പുത്രൻ മരിക്കുന്നതിനു മുമ്പു വന്നു അവനെ സുഖപ്പെടുത്തേണമേ, എന്നു് അവിടുത്തോടപേക്ഷിച്ചു. നീ വീട്ടിലേക്കു പൊയ്ക്കൊൾക; നിന്റെ പുത്രൻ ജീവിക്കുന്നതാണു് എന്നു ഈശോ അയാളോടരുളിച്ചെയ്തു. ഈശോ തന്നോടരുളിച്ചെയ്ത വാക്കുകളിൽ വിശ്വസിച്ചുകൊണ്ടു അയാൾ വീട്ടിലേക്കു പോയി"

യോഹന്നാൻ IV: 48-50

# സത്യദീപം

"ആജ്ഞാപിക്കുന്നതിനുള്ള അധികാരസ്ഥാനത്തിരിക്കുന്നതിനെക്കാൾ, ആജ്ഞാനുസാരിയായിരിക്കുന്നതു് വളരെയധികം സുരക്ഷിതമാണ്. അധികംപേരും അനുസരണമുള്ളവരായിരിക്കുന്നതു് അവർക്കു ഈശ്വരനോടുള്ള സ്നേഹം നിമിത്തമെന്നതിനെക്കാൾ ഗത്യന്തരമില്ലാത്തതുകൊണ്ടാണ്. ഇങ്ങനെയുള്ളവർ കഷ്ടപ്പെടുകയും എളുപ്പം പിറുപിറുക്കുകയും ചെയ്യുന്നു."

—ക്രിസ്ത്വനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 ഒക്ടോബർ 3—ബുധനാഴ്ച | Vol. 30, No. 8

# സാക്ഷാത്തായ സമാധാനം വി. ഫ്രാൻസിസിന്റെ ആദർശങ്ങളിൽ

(റവ. ഫാദർ ലിയോ ഒ. എഫ്. എം. Cap.)

യുദ്ധം ഉണ്ടാകുമോ? ഇതാണു് ഇന്നു പലരേയും വിഷമിപ്പിക്കുന്ന ചോദ്യം. രണ്ടാംലോകമഹായുദ്ധം അവസാനിച്ചപ്പോൾ പ്രധാനപ്പെട്ട രാഷ്ട്രീയശക്തികൾ സാൻഫ്രാൻസിസ്കോയിൽവച്ചു് ഒരു മഹാസമ്മേളനം നടത്തി. "സാൻ ഫ്രാൻസിസ്കോ" എന്നതിന്റെ അർത്ഥം വിശുദ്ധ ഫ്രാൻസീസിന്റെ നാട്ടു് എന്നാണു്. അന്നു് അധികമാരും വി. ഫ്രാൻസിസ് അസ്സീസിയെപ്പററി ചിന്തിച്ചുകാണുകയില്ല. എങ്കിലും ദൈവപരിപാലനയുടെ ശക്തി രാഷ്ട്രീയ നേതാക്കന്മാരെ വി. ഫ്രാൻസീസിന്റെ പാദങ്ങളിലേക്കു ആനയിച്ചതാണെന്നു വിശ്വസിക്കുന്നതിൽ തെററില്ല.

കോൺഫറൻസ്ഹാളിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ ഒരു വലിയ ചിത്രം സ്ഥാപിക്കപ്പെട്ടിരുന്നു. മാത്രമല്ല സാൻഫ്രാൻസിസ്കോ പട്ടണത്തിന്റെ ഒരു വശത്തായി ഉയർന്നുനില്ക്കുന്ന മലമുകളിൽ ഒരുനൂറടി ഉയരമുള്ള ഇലക്ട്രിക്കുരിശു് കോൺഫറൻസ് ദിവസങ്ങളിൽ പ്രകാശിക്കുന്നുണ്ടായിരുന്നു. ഇവയെല്ലാം പണ്ടു്, വി. ഫ്രാൻസിസ് ജീവിച്ചിരുന്ന കാലത്തു്, സിൽവെസ്റ്റർസഹോദരൻ കണ്ടതായ അത്ഭുതകാഴ്ചയുടെ പ്രതിരൂപംമാത്രമായിരുന്നു. ആ കാഴ്ച എന്തായിരുന്നുവെന്നോ?

ഒരു വൈദികനായിരുന്ന സിൽവെസ്റ്റർ പ്രാർത്ഥനയിൽ നിമഗ്നനായിരുന്നപ്പോൾ ഒരു ദർശനമുണ്ടായി:- ഭൂഗോളത്തെ വിഴുങ്ങുവാൻ ഒരു ഗംഭീരസർപ്പം അടുത്തുവരുന്നു. സിൽവെസ്റ്ററച്ചൻ ഭയന്നുവിറച്ചു. എന്താണു അടുത്തു സംഭവിക്കുവാൻ പോകുന്നതു്......? അതാ വരുന്നു താപസനായ ഒരു ഭിക്ഷു; അയാളുടെ വായിൽനിന്നും ഒരു ജ്വലിക്കുന്ന കുരിശു് മേല്പോട്ടുയരുന്നു. ആ വൻകുരിശിന്റെ ഇരുശിഖരങ്ങളും ഭൂഗോളത്തിന്റെ ഇരുവശങ്ങളിലേക്കും വിരിഞ്ഞു. അതിന്റെ പ്രകാശം കണ്ടമാത്രയിൽ ആ ഭയങ്കരസർപ്പം ഭയന്നു് ഓടിപ്പോയി. സിൽവെസ്റ്ററച്ചന്റെ പ്രാർത്ഥന തീർന്നപ്പോൾ അദ്ദേഹത്തിനു മനസ്സിലായി, ഈ ദർശനത്തിനു വലിയ ഒരർത്ഥമുണ്ടെന്നു്. അന്നു് ഒരു വൈദികനായിരുന്ന സിൽവെസ്റ്റർ കേവലം ഭിക്ഷുവായിരുന്ന ഫ്രാൻസിസിന്റെ പാദങ്ങളിൽവന്നു് അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഒരുവനായിത്തീർന്നു.




ഒരു ഭയങ്കരസർപ്പം ഇന്നു ലോകത്തെ വിഴുങ്ങിക്കളയുമെന്നു് പലരും ഭയപ്പെടുന്നു. എല്ലാവരും വി. ഫ്രാൻസിസ് അസ്സീസിയുടെ പാദത്തിൽ അഭയംതേടുമെങ്കിൽ സമാധാനം നിശ്ചയമാണു്. "ചെന്നായും കുഞ്ഞാടും ഒരുമിച്ചുവസിക്കും; കരടിയും ആട്ടിൻകുട്ടിയും ഒരുമിച്ചുകിടക്കും; പശുക്കിടാവും സിംഹവും ആട്ടിൻകുട്ടിയും ഒരുമിച്ചുതാമസിക്കും......" (ഏശയ്യാ XI. 6) എന്നു പ്രവാചകനായ ഏശയ്യാ എഴുതിയിരിക്കുന്നതുപോലെ വി. ഫ്രാൻസിസ് അസ്സീസിയുടെ പാദത്തുങ്കൽ ചെന്നായും കുഞ്ഞാടും, കുറുനരിയും മുയലും, പക്ഷികളും മത്സ്യങ്ങളും സന്തോഷത്തോടുകൂടി സഹവസിക്കുന്നുവെങ്കിൽ വിവിധജാതിമതക്കാരും, രാഷ്ട്രീയനേതാക്കന്മാരും ഇവിടെ സമാധാനം കണ്ടെത്താതിരിക്കുമോ?

സമുദായോദ്ധാരണത്തിനു് പല പല മാറ്റങ്ങളും ഉപദേശിക്കുന്നുണ്ടു്. ലോകസമുദായത്തിലെ രോഗത്തിനുള്ള മൂലകാരണം എന്തെന്നു മനസ്സിലാക്കാതെ ചില നേതാക്കന്മാർ ഔഷധം നിർദ്ദേശിക്കുന്നതിനാൽ പല "ഇസ്സങ്ങളും" അട്ടിമറിപ്പൻലഹളകളും ആവിർഭവിക്കുന്നു. എന്നാൽ, ഭാഗ്യസ്മരണാർഹനും ദീർഘദൃഷ്ടിയുള്ള പരമാധികാരിയുമായിരുന്ന 13-ാം ലെയോ മാർപ്പാപ്പാ, ലോകസമുദായത്തിലെ സുഖക്കേടിന്റെ മൂലകാരണം കണ്ടുപിടിക്കുകയും ശരിയായ ഔഷധങ്ങൾ വിവേകപൂർവ്വം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്. മനുഷ്യസമുദായത്തിന്റെ പരമോദ്ദേശ്യമെന്തെന്നു ബഹുഭൂരിപക്ഷമാളുകളും മറന്നു്, ദൈവകല്പനകളെ ലംഘിച്ചു്, നശ്വരങ്ങളായ സുഖഭോഗങ്ങൾക്കുവേണ്ടി ജീവിതം നയിക്കുന്നുവെന്നതാണു് ഇന്നത്തെ ലോകത്തിന്റെ രോഗത്തിനുള്ള മൂലകാരണം. സ്വയസ്പ്രശ്നമല്ല യുദ്ധത്തിന്റെ യഥാർത്ഥകാരണം. മനുഷ്യർ ദൈവത്തെ മറന്നു ജീവിക്കുന്നു—പാപങ്ങൾ വർദ്ധിക്കുന്നു—എന്നതാണു് യുദ്ധത്തിന്റെ കാരണം. മൂന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടില്ലെങ്കിൽതന്നെയും പാപിയെ സംബന്ധിച്ചിടത്തോളം അവന്റെ ഹൃദയത്തിലും ഭവനത്തിലും യുദ്ധം ആരംഭിച്ചുകഴിഞ്ഞു. വെറുതെ ഭയപ്പെട്ടാൽ ഗുണമില്ല.

നേരെമറിച്ചു് ലോകം ഫ്രാൻസീസിനെ നോക്കട്ടെ. ഫ്രാൻസിസ് സദാ ദൈവത്തെ സ്തുതിച്ചു പാടുന്നതിൽ ശ്രദ്ധാലുവായിരുന്നു. വിശ്വത്തിൽ കാണുന്നവയെല്ലാം ദൈവത്തിന്റെ സൃഷ്ടികളാകയാൽ അവ ഫ്രാൻസീസിനു് സഹോദരീസഹോദരന്മാരായിരുന്നു. ഫ്രാൻസീസ് എല്ലാ ജീവികളേയും സമഭാവേന സ്നേഹിച്ചു. അവ അദ്ദേഹത്തേയും സ്നേഹിച്ചു. അവ തങ്ങളുടെ ക്രൂരതമറന്നു് ഒരുമിച്ചു വസിക്കുവാൻ മടിച്ചില്ല. മനുഷ്യരാശി ഫ്രാൻസീസിനെപ്പോലെ ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടു്, ക്രിസ്തീയപുണ്യങ്ങൾ അഭ്യസിക്കുവാൻ പ്രയാസപ്പെടാമെങ്കിൽ യുദ്ധം ഉണ്ടാകയില്ല. മൂന്നാംലോകമഹായുദ്ധം ഉണ്ടായാൽതന്നെയും ഭക്തനെ സംബന്ധിച്ചിടത്തോളം അവന്റെ ഹൃദയത്തിൽ സൗഭാഗ്യം സദാ കളിയാടും. ഒന്നാമതായി നാം ദൈവത്തെ സ്തുതിക്കണം. ധർമ്മനിഷ്ഠയോടുകൂടി നമ്മുടെ ജീവിതംകൊണ്ടു് സ്രഷ്ടാവിനെ മഹത്വപ്പെടുത്തണം. അപ്പോൾ നമുക്കു ആവശ്യമുള്ളവ നല്ലവനായ ദൈവം പ്രദാനംചെയ്യും.

സ്വത്തു്, കീർത്തി, സുഖം, അധികാരം എന്നിവ കൈവരുത്തുവാൻ നാം പരിശ്രമിക്കുന്നതോടൊപ്പം ക്രിസ്തീയപുണ്യങ്ങൾ നിരന്തരം അഭ്യസിക്കുവാൻ പരിശ്രമിച്ചിരുന്നെങ്കിൽ......? ഇതിനുള്ള പരിശീലനക്കളരിയാണു് ഫ്രാൻസിസ്കൻ മൂന്നാംസഭ. പണം സൂക്ഷിക്കുവാനും വർദ്ധിപ്പിക്കുവാനും ആഗ്രഹിക്കുന്ന മനുഷ്യൻ അയാളുടെ പണം ബാങ്കിൽ നിക്ഷേപിക്കുന്നതുപോലെ ക്രിസ്തീയപുണ്യങ്ങൾ അഭ്യസിക്കുവാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യാനി ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേരുന്നു. "എന്റെ സമുദായോദ്ധാരണപദ്ധതി ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ

(ശേഷം 3-ാംപേജിൽ)

# ചോദിച്ചാൽ പറയാം

21. ചോ: ചോദിച്ചാൽ പറയാമെന്ന പംക്തിയിൽ ആരു ചോദിച്ചാലും മറുപടി പറയുമോ? ഒരാൾക്കു് എത്ര ചോദ്യങ്ങൾവരെ ചോദിക്കാം?

(എൽ. എസ്. എ. മുഴൂർ)

ഉ: ഈ പംക്തിയിൽ സംശയമുള്ളവർക്കൊക്കെ ചോദിക്കാം. ചോദ്യകർത്താവു് ആരാണെന്നോ, ചോദ്യങ്ങളുടെ സംഖ്യ എത്രയാണെന്നോ നോക്കാറില്ല. എന്നാൽ ആത്മാർത്ഥമായ ഒരു സന്ദേഹം പരിഹരിക്കുന്നതിനുവേണ്ടിയുള്ളതായിരിക്കണം ചോദ്യം. അതിനു മറുപടി പറയുന്നതുകൊണ്ടു് മററു വായനക്കാർക്കും പ്രയോജനമുണ്ടാകുന്നതരത്തിലുള്ളതുമായിരിക്കണം.

ചോദ്യങ്ങൾ അയക്കുന്നതോടുകൂടി ചോദ്യകർത്താവിൻെറ പൂർണ്ണമായ മേൽവിലാസവും കാണിച്ചിരിക്കണം. മേൽവിലാസം അറിയിക്കാതെ പലരും ഇവിടെ ചോദ്യങ്ങൾ അയക്കുന്നുണ്ടു്. അത്തരം ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. സ്വന്തം വ്യക്തിത്വം അറിയിക്കുവാൻ മടിക്കുന്നവർ ആത്മാർത്ഥമായ സംശയമുള്ളവരല്ലല്ലോ. ആകയാൽ പൂർണ്ണമായ മേൽവിലാസത്തോടുകൂടിയല്ലാതുള്ള യാതൊരു ചോദ്യങ്ങളും പരിഗണിക്കുന്നതല്ല. അതുപോലെതന്നെ, ഒരിക്കൽ ഉത്തരംപറഞ്ഞ ചോദ്യം വാചകരീതിമാററി വീണ്ടും എഴുതിഅയച്ചാൽ മറുപടിപറയുകയില്ല. പലരും അങ്ങനെ ഭാഷയും ശൈലിയും മാററി ചോദ്യങ്ങൾ അയക്കുന്നുണ്ടു്. അവയ്ക്കു മുൻപു സത്യദീപത്തിൽ നൽകിയിരുന്ന മറുപടി അവർ വായിച്ചിട്ടില്ലെന്നു ചോദ്യത്തിൽനിന്നുതന്നെ വ്യക്തമാണു്.

22. ചോ: "വിശുദ്ധ അഗുസ്തീനോസ്" എന്ന പുസ്തകത്തിൽ വിശുദ്ധ അഗുസ്തീനോസ് മരിച്ചതു് 430 സെപ്തംബർ 5-ാംനു-യാണെന്നു കാണുന്നു. എന്നാൽ കലണ്ടറിലും സത്യദീപത്തിലും ആഗസ്റ്റ് 28. തിരുനാൾ എന്നു കാണുന്നു. ആഗസ്റ്റ് 28 മരിച്ച തീയതിയോ പേരു വിളിച്ച തീയതിയോ?

(വി. എം. വി. കുടക്കച്ചിറ)

ഉ: വിശുദ്ധ അഗുസ്തീനോസ് മരിച്ചതു ആഗസ്റ്റ് 28-ാം തീയതിയാണെന്നാണു കാത്തലിക്ക് എൻസൈക്ലോപീഡിയാ (I, p 84) പറയുന്നതു്. അതായിരിക്കാം കുറേക്കൂടി വിശ്വാസ്യം. മരണത്തീയതി ആഗസ്റ്റ് 28 ആണോ സെപ്തംബർ 5 ആണോ എന്നതു ഗവേഷണപരമായ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിമാത്രമാണു്. എന്നാൽ പ്രാചീനകാലംമുതൽ കത്തോലിക്കാസഭ വിശുദ്ധ അഗുസ്തീനോസിൻെറ തിരുനാൾ ആഘോഷിക്കുന്നതു് ആഗസ്റ്റ് 28-ാം തീയതിയാണു്. അതാണു പ്രസക്തമായ സംഗതി.

23. ചോ: പ്രോട്ടസ്റ്റൻറുകാരുടെ ദേവാലയപ്രാർത്ഥനകളിൽ കത്തോലിക്കർ സംബന്ധിക്കുന്നതു ശരിയാണോ? (പി. ടി. എം.)

ഉ: അല്ല. പ്രോട്ടസ്റ്റൻറുസഭ പരമമായി അവനവൻെറ വിധിയെ ആശ്രയിച്ചിരിക്കുന്ന ഒരു മതമാണു്. അതുകൊണ്ടാണു് പലതരത്തിലുള്ള മതാദർശങ്ങളോടും വിശ്വാസാചാരങ്ങളോടുംകൂടിയ ആളുകളെ നാം അവരുടെ ഇടയിൽ കാണുന്നതു്. എന്നാൽ കത്തോലിക്കാസഭ ദൈവികമായ, അപ്രമാദമായ, പഠനങ്ങളെ ആധാരമാക്കിയുള്ള ഒരു സഭയാണു്. ഒരു പ്രോട്ടസ്റ്റൻറുകാരൻ സത്യത്തെ അന്വേഷിക്കുന്നയാളും, കത്തോലിക്കൻ സത്യത്തെ ഗ്രഹിച്ചിരിക്കുന്നയാളുമാണെന്നു പറയാം. അവൻെറ സ്വാധീനത്തിലുള്ള സത്യത്തെ അന്വേഷിച്ചു നടക്കേണ്ട ആവശ്യം ഒരു കത്തോലിക്കനു നേരിടുന്നില്ല. അവൻെറ വിശ്വാസം സന്ദേഹാതീതമായിട്ടുള്ളതാകുന്നു. അതു ദൈവത്തിൻെറ അധികാരത്തെ ആധാരമാക്കിയുള്ളതാണു്. അതുകൊണ്ടാണു് മററു സഭകൾ ശരിയാണെന്നു കത്തോലിക്കർ സമ്മതിക്കാത്തതു്. സത്യംതന്നെയായ ദൈവത്തെ ആരാധിക്കുന്നതിനു ശരിയായ മാർഗ്ഗങ്ങളുള്ളപ്പോൾ, ശരിയല്ലാത്ത മാർഗ്ഗത്തെ അവലംബിക്കേണ്ടതില്ലല്ലോ.

കേവലം കാഴ്ചക്കാരായി സംബന്ധിക്കുന്നതിനെയാണു ചോദ്യകർത്താവു ഉദ്ദേശിക്കുന്നതെങ്കിൽ, അതു സന്ദർഭത്തെ ആശ്രയിച്ചിരിക്കുന്നതാണു്. കത്തോലിക്കൻെറ സാന്നിദ്ധ്യം, പ്രോട്ടസ്റ്റൻറുകാരുടെ ദേവാലയപ്രാർത്ഥനകളിൽ സംബന്ധിക്കുന്നുവെന്ന പ്രതീതി മററുള്ളവരിൽ ഉളവാക്കുമെങ്കിൽ, അതിനെ വർജ്ജിക്കേണ്ടതാകുന്നു. ഇടർച്ചയ്ക്കു ഇടംകൊടുക്കാതെ നോക്കേണ്ടതാണല്ലോ. പ്രോട്ടസ്റ്റൻറുകാരുടെ ദേവാലയപ്രാർത്ഥനകളെ അംഗീകരിക്കുന്നുവെന്ന ധാരണ അവർക്കോ മററുള്ളവർക്കോ ഉളവാക്കാതെ സൂക്ഷിക്കേണ്ടതാണു്.

24. ചോ: കർത്താവിനെ 30-ാമത്തെ വയസ്സിലാണല്ലോ യോർദ്ദാനിൽവച്ചു് മാമ്മോദീസാ മുക്കിയതു്? നമ്മെ എന്തുകൊണ്ടു പള്ളിയിൽവച്ചു 8-ാംദിവസം മാമ്മോദീസാ മുക്കുന്നു?

(ബി. വി. എ., അങ്കമാലി)

ഉ: നമ്മുടെ കർത്താവിനു താൻ 33 വയസ്സുവരെ ജീവിച്ചിരിക്കുമെന്നു നേരത്തെ അറിയാമായിരുന്നല്ലോ. 30-ാമത്തെ വയസ്സിൽ മാമ്മോദീസാ സ്വീകരിക്കുവാൻ നമ്മിൽ എത്രപേർ ആ പ്രായംവരെ ജീവിച്ചിരിക്കുമെന്നു ആർക്കു ധൈര്യമുണ്ടു്? "മനുഷ്യൻ വെള്ളത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനുകഴികയില്ല (യോഹ: III 5) എന്നാണു് ക്രിസ്തു ഖണ്ഡിതമായി അനുശാസിച്ചിരിക്കുന്നതു്. 30 വയസ്സിൽ താഴെയുള്ളവർക്കു സ്വർഗ്ഗരാജ്യം വേണ്ടെന്നു ആരും പറയുകയില്ലല്ലോ.

ക്രിസ്തു സ്ഥാപിച്ചതും ക്രൈസ്തവസഭയിൽ നിലവിലിരിക്കുന്നതുമായ മാമ്മോദീസായും, സ്നാപകയോഹന്നാൻ നൽകിയിരുന്ന മാമ്മോദീസായും ഒന്നല്ലെന്നുള്ളതു സ്പഷ്ടമാണു്. സ്നാപകയോഹന്നാൻെറ മാമ്മോദീസാ സ്വീകരിച്ചിരുന്നവരെ വിശുദ്ധ പൗലോസ് വീണ്ടും ജ്ഞാനസ്നാനപ്പെടുത്തിയതായി അപ്പസ്തോലനടപടികളിൽ (XIX, 2—5) നാം വായിക്കുന്നു. നാം എന്തിനുവേണ്ടി മാമ്മോദീസാ സ്വീകരിക്കുന്നുവോ അതിനുവേണ്ടി ആയിരുന്നില്ലാ ക്രിസ്തു മാമ്മോദീസാ സ്വീകരിച്ചതെന്നതു സ്പഷ്ടമത്രെ. "ഇപ്രകാരം സകല നീതിയും പൂർത്തിയാക്കുന്നതു നമുക്കു യുക്തമാകുന്നു" (മത്താ III 15) എന്നു പറഞ്ഞുകൊണ്ടാണല്ലോ നമ്മുടെ കർത്താവു സ്നാപകൻെറ മാമ്മോദീസാ സ്വീകരിച്ചതും.

ശിശുക്കളെ മാമ്മോദീസാ മുക്കുന്ന സമ്പ്രദായം അപ്പസ്തോലികകാലംമുതൽ നടപ്പിലിരിക്കുന്നതാണു്. അതു് അപ്പസ്തോലന്മാർ ഏർപ്പെടുത്തിയ നടപടിതന്നെയാണെന്നു ഒരിജൻ (185—255) പ്രസ്താവിക്കുന്നതു് ഇവിടെ അനുസ്മർത്തവ്യമാകുന്നു. (Epis. ad Rom., Lib., V 9) വിശുദ്ധ അഗുസ്തീനോസും ഇങ്ങനെതന്നെ പറയുന്നു. (Epsis., CXLIV, 23) വിശുദ്ധ സിപ്രിയാനോസും, കാർത്തേജിലെ മൂന്നാംസൂനഹദോസിൽ (എ. ഡി. 253) സംബന്ധിച്ചിരുന്ന മെത്രാന്മാരും, ശിശുക്കളെ കഴിയുന്നത്ര വേഗം മാമ്മോദീസാമുക്കണമെന്നാണു് പ്രബോധിപ്പിച്ചിട്ടുള്ളതു്.

25. ചോ: ക്രിസ്തുനാഥൻ സ്ഥാപിച്ച ക്രിസ്തീയസഭയ്ക്കു കത്തോലിക്ക സഭയെന്നോ, യാക്കോബായ സഭയെന്നോ, മാർത്തോമ്മാ സഭയെന്നോ, പ്രൊട്ടസ്റ്റൻറു സഭയെന്നോ വകഭേദങ്ങളുണ്ടോ? ഉണ്ടെങ്കിൽ സാക്ഷാൽ സത്യസഭ ഏതു്?

(കെ. ജോയി, ചിറ്റവനം)

ഉ: ക്രിസ്തുനാഥൻ ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. അതിനു കത്തോലിക്ക, യാക്കോബായ, മാർത്തോമ്മാ, പ്രൊട്ടസ്റ്റൻറു് എന്ന ഏതെങ്കിലും പേരു് അവിടുന്നു നൽകിയിരുന്നില്ലെന്നതു ശരിതന്നെ. പക്ഷെ "ക്രിസ്തീയ"മെന്നപേരും പിൽക്കാലത്തു നൽകപ്പെട്ടതാണു്. തിരിച്ചറിയുന്നതിനു വേണ്ടിയാണല്ലോ പേരു നൽകുന്നതു്. ഒന്നുമാത്രമേ ഉള്ളുവെങ്കിൽ പേരു കൂടാതെതന്നെ തിരിച്ചറിയാൻ സാധിക്കും. ക്രിസ്തുനാഥൻ ഒരേ ഒരു സഭയേ സ്ഥാപിച്ചുള്ളു. അതിനാൽ അതിനൊരു പ്രത്യേകപേരുകൂടാതെ തന്നെ അറിയപ്പെടുന്നതിനുള്ള സാദ്ധ്യതകളുണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ കൃത്രിമസഭകളുണ്ടാകുകയും, അവയെല്ലാം ക്രിസ്തു സ്ഥാപിച്ച സഭകളാണെന്നു അവകാശവാദം പുറപ്പെടുവിക്കുകയും ചെയ്തപ്പോൾ, സാക്ഷാൽ സഭ ഏതെന്നു് അറിയുന്നതിനു പേരു നൽകേണ്ടതു് ആവശ്യമായി വന്നു.

അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് സ്മിർണായിലെ സഭയ്ക്കെഴുതിയ കത്തിലാണു് (എ. ഡി. 110) "കത്തോലിക്ക സഭ" എന്ന പദം ആദ്യം ഉപയോഗിച്ചിരിക്കുന്നതെന്നു തോന്നുന്നു. "എവിടെ മെത്രാനായിരിക്കുന്നുവോ അവിടെ വിശ്വാസികളുടെ സമൂഹമായിരിക്കട്ടെ; എവിടെ ഈശോമിശിഹാ ആയിരിക്കുന്നുവോ അവിടെ കത്തോലിക്കാസഭ ആയിരിക്കുന്നതുപോലെ" എന്നാണു് അദ്ദേഹം എഴുതിയിട്ടുള്ളതു്. (Ad Smyr., VII, 2) "വിശുദ്ധ പൊലിക്കാർപ്പിൻെറ രക്തസാക്ഷിത്വം" എന്ന കൃതിയിൽ (എ. ഡി. 155) കത്തോലിക്കസഭ എന്ന പദം മൂന്നു തവണ ഉപയോഗിച്ചിട്ടുണ്ടു് (VIII, I, XVI, 2, XIX 2) ഒരിജൻ, അലക്സാന്ത്രിയായിലെ ക്ലെമെൻറു് മുതലായവരും ക്രിസ്തു സ്ഥാപിച്ച സഭയെ കത്തോലിക്കസഭയെന്നു സംബോധന ചെയ്തിരിക്കുന്നു. തെർത്തുല്യനാകട്ടെ കത്തോലിക്ക എന്ന പദം ക്രിസ്തീയ സഭയുടെ പര്യായമായി ഉപയോഗിച്ചിട്ടുണ്ടു്. വിശുദ്ധ അഗുസ്തീനോസാകട്ടെ 240 പ്രാവശ്യമാണു് ഇങ്ങനെ ഉപയോഗിച്ചിരിക്കുന്നതു്. മൂന്നാം ശതാബ്ദത്തിൻെറ ആരംഭമായപ്പോഴേക്കും യഥാർത്ഥസഭ കത്തോലിക്ക എന്നു വിളിക്കപ്പെടുന്ന സഭയാണെന്നുള്ള പ്രയോഗം സാധാരണമായിത്തീർന്നു എന്നാണു മഹാപണ്ഡിതനായ ഫാദർ ഹെർബിഗ്നി പ്രസ്താവിക്കുന്നതു്.

സത്യസഭ ഏതെന്നു കണ്ടുപിടിക്കുന്നതിനുള്ള പല മാർഗ്ഗങ്ങളിൽ ഒന്നു നിഖ്യാ വിശ്വാസപ്രമാണത്തെ മാനദണ്ഡമാക്കി ഒരു പരിശോധന നടത്തുകയാകുന്നു. "ഏകവും പരിശുദ്ധവും കത്തോലിക്കവും അപ്പസ്തോലികവുമായ സഭയിൽ വിശ്വസിക്കുന്നു" എന്നാണു ആ വിശ്വാസപ്രമാണത്തിൽ ഏററു പറയുന്നതു്. ക്രിസ്തു സ്ഥാപിച്ച സഭ ഏകവും, പരിശുദ്ധവും, കത്തോലിക്കവും, അപ്പസ്തോലികവുമായിരിക്കണം. ഈ ലക്ഷണങ്ങൾ നാലും ഒത്തിണങ്ങുന്ന സഭ ഏതോ അതായിരിക്കും സത്യസഭ. "പിതാവേ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിനു നീ എനിക്കു തന്ന അവരെ നിൻെറ നാമത്തിൽ നീ കാത്തുകൊള്ളേണമെ" (യോഹ: XVII, 11) എന്നാണു് തൻെറ അനുഗാമികൾക്കു വേണ്ടി ക്രിസ്തു പ്രാർത്ഥിച്ചിട്ടുള്ളതു്. പിതാവായ ദൈവവും പുത്രനായ ദൈവവും തമ്മിലുള്ള ഐക്യം പോലെ സുദൃഢമായ ഐക്യം—വിശ്വാസത്തിലും ഭരണത്തിലും—സത്യസഭയ്ക്കു് അവശ്യം ഉണ്ടായിരിക്കണം. "മിശിഹാ തൻെറ സഭയെ സ്നേഹിക്കുകയും,... അവളെ ശുദ്ധീകരിപ്പാനും വെടിപ്പാക്കുവാനും, അവളിൽ കറയോ ചുളിവോ, ഇവയ്ക്കു തുല്യമായ എന്തെങ്കിലുമോ ഇല്ലാതെ, എന്നല്ല അവൾ മലിനതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടതിനു അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു" (എഫേ: V 25-27) എന്നു വിശുദ്ധ പൗലോസു പറയുന്നുണ്ടു്. ആകയാൽ വിശ്വാസത്തിലും, ആദർശങ്ങളിലും സഭ പരിശുദ്ധമായിരിക്കുകയും, പരിശുദ്ധി വളർത്തുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കുകയും വേണം.

"നിങ്ങൾ ഓർശ്ലേത്തും യൂദയാ മുഴുവനിലും ശമ്രായരുടെ സ്ഥലത്തും ഭൂമിയുടെ അതിർത്തികൾവരെയും എനിക്കു സാക്ഷികൾ ആകും" (നടപടി I 8). "നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും എൻെറ സുവിശേഷം പ്രസംഗിക്കുവിൻ" (മാർക്കോ XVI 15) എന്നാണു ക്രിസ്തുവിൻെറ അനുശാസനം. ആകയാൽ ക്രിസ്തുവിൻെറസഭ സാർവ്വത്രികം—കത്തോലിക്ക—ലോകത്തിലെങ്ങും പ്രചരിച്ചതു്—ആയിരിക്കണം. വീണ്ടും "നിങ്ങൾ ശ്ലീഹന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു" (എഫേ: II 20) എന്നാണു വിശുദ്ധ പൗലോസു് പറയുന്നതു്. ആകയാൽ സത്യസഭ അപ്പസ്തോലന്മാരിൽ അടിസ്ഥാനപ്പെടുത്തപ്പെട്ടിട്ടുള്ളതും ഇടമുറിയാതെ അവരിൽനിന്നു പിന്തുടർച്ചയോടുകൂടിയതുമായിരിക്കണം.

നിഖ്യായിൽ സമ്മേളിച്ച പിതാക്കന്മാർ ഏകകണ്ഠമായി നിർവചിച്ച ഈ നാലുലക്ഷണങ്ങളോടും കൂടിയ ഏകസഭ റോമാ മാർപ്പാപ്പായ്ക്കു വിധേയമായിരിക്കുന്ന കത്തോലിക്ക സഭ മാത്രമാണു്.

26. ചോ: "ഞാൻ ഒരാളെ പ്രേമിച്ചു. അതു സഫലമായില്ല. എനിക്കു മററു പല വിവാഹാലോചനകളിലും തൃപ്തിയില്ല. മററു അന്തസ്സിൽ പ്രവേശിക്കുന്നതിനു ആഗ്രഹവുമില്ല. അതുകൊണ്ടു ഇപ്പോൾ ഞാൻ ഒരു സ്വതന്ത്രനായി നിൽക്കുന്നു. അതു ശരിയാണോ?"

ഉ: തന്നിൽത്തന്നെ പറഞ്ഞാൽ ഒരു അവിവാഹിതനായി നിൽക്കുന്നതിൽ തെററൊന്നുമില്ല. വൈദികാന്തസ്സിലോ സന്യാസാന്തസ്സിലോ പ്രവേശിക്കുന്നവരൊഴികെ എല്ലാ മനുഷ്യരും വിവാഹം ചെയ്തുകൊള്ളണമെന്നു കല്പനയില്ല. എന്നാൽ സ്വതന്ത്രജീവിതം പാപകാരണമാകുന്നുവെന്നു കാണുന്നപക്ഷം നിത്യരക്ഷയ്ക്കുവേണ്ടി വിവാഹം കഴിക്കുകയാണു നല്ലതു്.

ഒരാളെ പ്രേമിച്ചിട്ടു ഫലിച്ചില്ലെന്നുള്ളതു വിവാഹം പാടേ ഉപേക്ഷിക്കുന്നതിനു തക്ക കാരണമാണെന്നു തോന്നുന്നില്ല മററു പല സംഗതികളും പരാജയമടഞ്ഞാലും വീണ്ടും ശ്രമിച്ചു വിജയം നേടുന്നതുപോലെ ഇവിടെയും പാടില്ലായ്കയില്ല. ആദ്യം പ്രേമിച്ചയാളെ ലഭിക്കാതെപോയതു നന്നായെന്നു പക്ഷേ കുറേക്കഴിയുമ്പോൾ അറിഞ്ഞെന്നുവരാം. ആളുകളുടെ ഉള്ളും പുറവും അതുപോലെതന്നെ ഇനിവരാനുള്ള സംഭവങ്ങളും എല്ലാം വ്യക്തമായി കണ്ടുകൊണ്ടിരിക്കുന്ന ദൈവം നമുക്കു ആത്മീയമായി ഏററവും നല്ലതായിട്ടുള്ളവയെ അങ്ങേ പരിപാലനയാൽ ക്രമീകരിച്ചുതരുന്നു. പലപ്പോഴും നിഷ്ഫലമായിപ്പോയെന്നു നാം കരുതുന്ന സംഗതികളായിരിക്കും നിത്യതത്തിൽ ഏററവും ഉപകാരപ്രദമായി നമുക്കു അനുഭവപ്പെടുക.


## മയ്യഴിത്തിരുനാൾ മഹാമഹം

### ഒക്ടോബർ 14, 15

### തിരുനാളാരംഭം ഒക്ടോബർ 5

തീർത്ഥകരുടെ സൗകര്യാർത്ഥം 1956 ഒക്ടോബർ 14, 15 തീയതികളിൽ തീവണ്ടിക്കും, ബസ്സിനും പ്രത്യേക ഏർപ്പാടുകൾ ചെയ്യപ്പെടുന്നതാണു്.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും, മയ്യഴിയിൽ 1736-ൽ സ്ഥാപിച്ചതായ അത്ഭുതകരവും ബഹുമാന്യവുമായ അവിലായിലെ വിശുദ്ധ ത്രേസ്യായുടെ തീർത്ഥകേന്ദ്രത്തിൽ അഭയം തേടുക. നിങ്ങൾക്കു് ഒരിക്കലും ഇച്ഛാഭംഗം വരികയില്ല.



കൊല്ലംതോറും തിരുനാൾ മഹോത്സവവേളയിൽ 25000-ൽ പരം തീർത്ഥയാത്രക്കാർ ഇവിടം സന്ദർശിക്കുകയും ലക്ഷക്കണക്കിൽ മെഴുകുതിരികൾ പ്രാർത്ഥനയായി ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുന്ന ഏവർക്കും ഈ പുണ്യവതിവഴിയായി കാര്യസാഫല്യമുണ്ടാകുന്നതാണെന്നു ഇവിടെ പരക്കെ അനുഭവപ്പെട്ടതായറിയുന്നു. അത്യാശ്ചര്യകരമായ പല അനുഭവങ്ങളും നിരവധി ജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്.

അപേക്ഷകളും സംഭാവനകളും, പൂജാധർമ്മങ്ങളും താഴെക്കാണുന്ന വിലാസത്തിൽ എത്തിക്കേണ്ടുന്നതാണു്.

Parish Priest, Mahe, N. Malabar

# മാർട്ടിന്റെ കൊച്ചുറാണി

## "ആധുനികകാലത്തെ ഏററം വലിയ മിഷ്യനറി"

(ഫാദർ ലേത്തൂസ് സി. ഡി.)

പ്രസന്നമായ ഒരു പ്രഭാതം. അദ്ദേഹം ചിന്താമഗ്നനായി, പ്രാർത്ഥനാനിരതനായി കസാലയിൽ ഇരിക്കുന്നു. ആക്കും തോന്നും ഒരാദരം ആ വന്ദനീയനെ കണ്ടാൽ. പഞ്ഞിക്കടംപോലെ നരച്ച തല; യുവത്വംവെടിയാത്ത മുഖാബ്ജം. ശാന്തിയോലുന്ന നേത്രങ്ങൾ. "അംബിളിക്കഴലേറും" എന്നു കവികൾ പറയും അദ്ദേഹത്തിന്റെ ഫാലപ്രദേശം കണ്ടാൽ. മണി ഒൻപതടിച്ചു. ശിരസ്സുയർത്തി ക്ലോക്കിലേക്കു നോക്കി ആ സുകൃതീന്ദ്രൻ. ഹൃദയം വെമ്പൽ കൊള്ളുന്നുണ്ടു്; ഗൃഹാന്തർഭാഗത്തുനിന്നു് ഒരു സന്ദേശത്തിനായി. നെടുനിശ്വാസം ഇടകലർന്നു. "എന്റെ ഈശോയെ, നിനക്കു വേണ്ടി മിഷൻരംഗങ്ങളിൽ വേല ചെയ്യുവാൻ ഒരു പുത്രനെ എനിക്കു പ്രദാനംചെയ്യണമേ." ഈ പ്രാർത്ഥനാശകലമാണ് അദ്ദേഹം ഉരുവിടുന്നതു്.

"മാർട്ടീൻ, മാർട്ടിൻ" സാഹ്ലാദം അദ്ദേഹത്തെ വിളിച്ചുകൊണ്ടു് ഒരു സ്ത്രീ അദ്ദേഹത്തിന്റെ സവിധം ഓടിയെത്തുന്നു; പ്രിയ സഹോദരിയാണിതു്. "പിറന്നിരിക്കുന്നു ഒരു കുമാരി നിങ്ങൾക്കു്, വരൂ അകത്തേക്കു" അവൾ പറഞ്ഞു. ഒരു മിന്നൽ പാഞ്ഞു മാർട്ടിന്റെ ഹൃദയത്തിൽ. തന്റെ ഒൻപതാമത്തെ സന്താനവും പെൺകുഞ്ഞു്. അദ്ദേഹം ആത്മഗതം ചെയ്തു: "എന്റെ കുടുംബത്തിൽ ഒരു മിഷനറി ഉണ്ടാകേണ്ടായെന്നായിരിക്കാം ദൈവേഷ്ടം." വിസീറേഷ്യൻ മഠത്തിൽ പഠനം നടത്തിയിരുന്ന മാർട്ടിന്റെ കുമാരിമാരായ മരിയയും പൗളിനും ക്രിസ്മസ് അവധിപ്രമാണിച്ചു് വീട്ടിൽ വന്നിട്ടുണ്ടു്. "അപ്പച്ചാ, ഞങ്ങൾക്കൊരു കുഞ്ഞനുജത്തി! വരൂ, ആ തങ്കക്കുടത്തെ കാണാൻ ഓടി വരൂ" എന്നു് കുമാരിമാരും ഓടിവന്നു പറഞ്ഞു. സാഹ്ലാദം അദ്ദേഹം കസാലയിൽനിന്നെണീററു് ശാന്തമായി അകത്തേക്കു നടന്നു, തന്റെ കൊച്ചുറാണിയെ ഒന്നാമതായി കാണുവാൻ. കണ്ണുകുളക്കെ കണ്ടു തൃപ്തിയടഞ്ഞു. "ഈ കുഞ്ഞിനു ഒരു മിഷനറിയാകുവാൻ സാധിക്കയില്ലല്ലൊ" അതായിരുന്നു അപ്പോഴും അദ്ദേഹത്തിന്റെ സങ്കടം. "ഹേ! മാർട്ടിൻ, ക്ലേശിക്കേണ്ടാ. മിഷനറിമാരുടെ മിഷനറിയാണ് ഈ കിടക്കുന്ന ചോരക്കുഞ്ഞു്" മാലാഖാമാർ ഉദീരണം ചെയ്തു. അക്കഥയുണ്ടോ മാർട്ടിൻ അറിഞ്ഞു! ആധുനികകാലത്തെ ഏററം വലിയ വിശുദ്ധയാണു ഈ പിറന്ന കുഞ്ഞനുജത്തിയെന്നു മരിയ കരുതിയോ? പൗളിൻ ചിന്തിച്ചോ? ഇല്ല, തീർച്ചയായുമില്ല ലോകൈക കൊച്ചുറാണിയുടെ ജന്മനക്ഷത്രത്തിൽ!



തിരുനാൾ—ഒക്ടോബർ 3

മാർട്ടിന്റെ തോട്ടത്തിൽ തേന്മാവു് 40 പ്രാവശ്യമേ പൂത്തുള്ളൂ പിന്നീടു്. 1914 ജൂൺ 10-ാംനു- സായാഹ്നം. പുണ്യശ്ലോകനായ പത്താംപീയൂസ് മിഷനറിപ്രമുഖനായ ഒരു മെത്രാനു സന്ദർശനമരുളിക്കൊണ്ടിരിക്കുന്നു. മാർട്ടിന്റെ കൊച്ചുറാണിയുടെ സ്വയംകൃതചരിതം ഒന്നു തിരുമേനിയുടെ കൈയിലുണ്ടു്. പുസ്തകം മെത്രാന്റെ കരത്തിലേക്കു കൊടുത്തുകൊണ്ടു് വിശുദ്ധനായ പരിശുദ്ധ പിതാവു പറയുകയാണ്: "ഇതാ, ആധുനികകാലത്തെ ഏററം വലിയ വിശുദ്ധ." വാനമേഘങ്ങൾക്കപ്പുറത്തിരുന്നു മാർട്ടിൻ അതുകേട്ടു സന്തുഷ്ടനായിരിക്കണം.

അനന്തരം മൂന്നു വ്യാഴവട്ടങ്ങൾ ആയിട്ടില്ല. 1946 ജനുവരി 16-ാംനു- ആണ്. മോൺ: ജമ്മയിൻ പന്ത്രണ്ടാം പീയൂസ് തിരുമേനിയെ സമീപിച്ചിരിക്കുന്നു, ചെറുപുഷ്പജൂബിലി യാഘോഷത്തിനു അനുമതി ലഭിക്കുവാൻ. ദൈവദൂതസന്നിഭനായ ആധുനികപീയൂസ് വിശുദ്ധ പീയൂസിന്റെ പദങ്ങൾ കടമെടുത്തുകൊണ്ടു് കല്പിച്ചരുളുന്നു: "ആധുനികകാലത്തെ ഏററം വലിയ വിശുദ്ധയായ കൊച്ചുത്രേസ്യായോടുള്ള ഭക്തി എത്രയധികം പ്രകടിപ്പിച്ചാലും അതു് അധികമാകയില്ലെന്നു പറയത്തക്കവണ്ണം അത്ര അതിരററ ഒരു പ്രതീക്ഷയാണ് വിശുദ്ധയുടെ മദ്ധ്യസ്ഥതയിൽ നമുക്കുള്ളതെ"ന്നു്! ഹേ, ലൂയീസ് മാർട്ടീൻ, അങ്ങയുടെ ആ പെൺകുഞ്ഞിനെപ്പററി പരിശുദ്ധ പിതാക്കന്മാർ പറഞ്ഞതു അങ്ങു ശ്രവിച്ചുവോ? ഒൻപതാമത്തെ സന്താനവും പെണ്ണായിപ്പിറന്നതിൽ അങ്ങേക്കിപ്പോൾ കുണ്ഠിതമുണ്ടാകയില്ലല്ലോ. പന്ത്രണ്ടാം പീയൂസിന്റെ നിർദ്ദേശപ്രകാരം ഭൂമുഖത്തെങ്ങും 1947-ൽ അത്യാഡംബരപൂർവ്വം കൊണ്ടാടപ്പെട്ടു; മാർട്ടിന്റെ കൊച്ചുറാണിയുടെ ഒന്നാമത്തെ ജൂബിലി; ചെറുപുഷ്പം വിണ്ടലംപൂകിയതിന്റെ 50-ാം വാർഷികമഹോത്സവം.

"ആധുനികകാലത്തെ ഏററം വലിയ വിശുദ്ധ" വീണ്ടും കൊണ്ടാടി ഒരു മഹോത്സവം 1950-ൽ; വിശുദ്ധപദാരോഹണത്തിന്റെ വെള്ളിജൂബിലി. 1952-ൽ ലോകം കൊണ്ടാടിയതു് കൊച്ചുറാണിയുടെ തൃതീയജൂബിലിയാണ്. വിശുദ്ധയെ വേദപ്രചാരണത്തിന്റെ സാരഥിയായുയർത്തപ്പെട്ടതിന്റെ രജതജൂബിലി. എൺപത്തിനാലു സംവത്സരമേ ആയിട്ടുള്ളൂ അവളുടെ ജന്മനക്ഷത്രത്തിൽ സ്വപിതാവു കുണ്ഠിതപ്പെട്ട ആ ചിന്താമൂതമായ സംഭവം നടന്നിട്ടു്. മാർട്ടിന്റെ കൊച്ചുറാണി വേഗം വളർന്നുവന്നു. അവൾ സാഹ്ലാദം കൊതിച്ചു, ഒരു മിഷനറിയാകുവാൻ. ഒരു പുരോഹിതനാകുവാൻ; അപ്പസ്തോലനാകുവാൻ, വേദപരാഗതനാകുവാൻ! പെണ്ണായിപ്പിറന്നുപോയ അവൾക്കുണ്ടോ അതുവല്ലതും സാധിക്കൂ? വിമർശകവിചക്ഷണന്മാർ പറയട്ടെ, വിശുദ്ധയുടെ സ്വയംകൃതചരിത്രത്തിനോ വേദപരാഗതന്മാരുടെ കൃതികൾക്കോ ഇന്നു കൂടുതൽ പ്രചാരമെന്നു്? പുരോഹിതസഹസ്രങ്ങൾ ചെയ്യാത്തതു് അവൾ ഇന്നു സാധിച്ചുകഴിഞ്ഞില്ലേ എന്നു്? അഖിലലോകത്തേയും വിസ്മയിപ്പിക്കുന്ന ഒരപ്പസ്തോലയായി അവൾ വിരാജിക്കുന്നില്ലേ എന്നു്? അഖിലലോകമിഷനറിമാരും ഇന്നു ലിസ്യൂവിലെ മിഷനറിക്കു് അടിപണിയുന്നില്ലേ എന്നു്!

ചെറുപുഷ്പമിഷനറിയുടെ വിജയരഹസ്യം എന്തായിരുന്നുവെന്നോ? കേട്ടുകൊള്ളുക. വിശുദ്ധ തന്നെ പറയുന്നു: "എന്റെ പ്രാണനാഥാ! ആത്മാക്കൾക്കു ഞാൻ ഒരു ദീപമായിത്തീരും. ദിഗന്തംമുതൽ ദിഗന്തംവരെ സഞ്ചരിച്ചു് അവിടുത്തെ നാമം ഞാൻ പ്രസംഗിക്കും. അനാഗതരുടെ നാടുകളിൽ മഹത്സ്സേറിയ അങ്ങയുടെ കുരിശു ഞാൻ നാട്ടും. ഒരു മിഷൻരംഗം കൊണ്ടു ഞാൻ തൃപ്തയാകയില്ല. ഭൂഗോളംമുഴുവൻ ഞാൻ ചുററിനടക്കും. ഏററം വിദൂരങ്ങളായ ദ്വീപാന്തരങ്ങളിൽപോലും നിന്റെ സുവിശേഷം ഞാൻ പ്രചരിപ്പിക്കും. ഞാനൊരു മിഷനറിയാകും. ഏതാനും വർഷത്തേക്കു മാത്രമല്ല, ലോകാരംഭംമുതൽ ലോകാവസാനംവരെ മിഷനറിയായി വേല ചെയ്യുവാനാണു എന്റെ അഭിലാഷം."

കൊച്ചുറാണിയുടെ വിജയത്തിന്റെ രഹസ്യത്തെ പരിശുദ്ധപിതാവു് പതിനഞ്ചാംബനദിക്തോസ് പ്രകീർത്തിക്കുന്നതു് കേട്ടാലും: "അവളുടെ വിജയരഹസ്യം എന്താണെന്നു നമ്മുടെ മക്കളായ സകലപേരും അറിഞ്ഞിരിക്കണമെന്നു നാം പ്രത്യേകം ആഗ്രഹിക്കുന്നു". 1921 ആഗസ്റ്റ് 14-ാംതീയതിയാണ് ആ ജഗൽപിതാവിതരുളിയതു്. കൊച്ചുത്രേസ്യായെ പ്രകീർത്തിച്ചിട്ടുള്ളിടത്തോളം ആധുനികമാർപ്പാപ്പാമാർ മററാരെയെങ്കിലും പ്രകീർത്തിച്ചിട്ടുണ്ടോ? ഇല്ലെന്നു വേണം പറയുവാൻ. മഹാരഥനായ പതിനൊന്നാംപീയൂസ് ചെറുപുഷ്പഭക്തരത്നമായിരുന്നു. "എന്റെ മദ്ധ്യസ്ഥ—എന്നെ നയിക്കുന്ന നക്ഷത്രം" എന്നൊക്കെയാണു തിരുമേനി ചെറുപുഷ്പത്തെ അഭിസംബോധനം ചെയ്തിരുന്നതു്. "നമുക്കു ഏററം പ്രിയമുള്ള നമ്മുടെ പുണ്യവതി" എന്നും "നമ്മുടെ ആലോചനക്കാരി" എന്നും മററും അവളെപ്പററി തിരുമേനി സോന്മേഷം ഉദീരണം ചെയ്യാറുണ്ടായിരുന്നു. 1923 ഏപ്രിൽ 29-ാംനു- ലിസ്യൂവിലെ കർമ്മലീത്താക്കാരിയെ ധന്യപദത്തിൽ അവരോധിച്ചശേഷം സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു പരിശുദ്ധപിതാവു് പ്രസംഗിച്ചു: "ഞാൻ ഇന്നു എത്രമാത്രം സന്തുഷ്ടനായിരിക്കുന്നെന്നോ? നമ്മുടെ ഭരണകാലത്തുണ്ടായിട്ടുള്ളതിൽ ഏററം വിസ്മയനീയമായ സുദിനമാണു ഇന്നു്! ഇക്കഴിഞ്ഞ ഏതാനും ദിവസങ്ങളായി അവൾ പ്രത്യേകവിധം എന്നോടുകൂടി ഉണ്ടായിരുന്നു എന്നു എനിക്കു തോന്നിപ്പോകുന്നു" എന്നു്. ആയിരമായിരം വൈദികരുടെയും 250 തോളം മെത്രാന്മാരുടേയും സാന്നിദ്ധ്യത്തിൽ 33 കർദ്ദിനാളന്മാരുടെ അകമ്പടിയോടുകൂടി, ഭൂമുഖം ആനന്ദാശ്രു പൊഴിക്കവെ 1925 മെയ് 17-ാംനു- കൊച്ചുറാണിയെ വിശുദ്ധ എന്നു നാമകരണം ചെയ്തതും പതിനൊന്നാംപീയൂസ് തിരുമേനിയാണ്. അവിടുന്നു കൊച്ചുത്രേസ്യായെയാണ് ഒന്നാമതായി വിശുദ്ധയെന്നും, ഒന്നാമതായിതന്നെ ധന്യയെന്നും നാമകരണം ചെയ്തതു്. അതിൽ അദ്ദേഹം അഭിമാനംകൊണ്ടു. അതൊരു പ്രത്യേക ദൈവാനുഗ്രഹമാണെന്നു തിരുമേനി കരുതി. അന്നവിടുന്നു പ്രസ്താവിച്ചതു് "സകലരും ഈ വിശുദ്ധയുടെ ജീവിതം നന്നായി പഠിക്കുകയും ജീവിതത്തിൽ അനുഷ്ഠാനപരമാക്കുകയും ചെയ്യണമെന്നും തദ്വാരാ എല്ലാവരും ശിശുമനസ്കരായിത്തീരണമെന്നും നാം മനപ്പൂർവ്വം ആഗ്രഹിക്കുന്നു" എന്നാണ്. ഇന്നു തിരുസ്സഭാഭരണം കൈവിളങ്ങുന്ന പരിശുദ്ധ പിതാവു് 12-ാംപീയൂസ് തിരുമേനി ഒരിക്കൽ ചോദിച്ചു: "പതിനൊന്നാംപീയൂസ് തിരുമനസ്സിലെ ദീപ്തിസമ്പന്നമായ ഭരണകാലത്തെ ഏററം മഞ്ജുളകാന്തി ചൊരിഞ്ഞ സുദിനമായിട്ടു വേണ്ടയോ കൊച്ചുത്രേസ്യായുടെ നാമകരണമഹത്തെ കരുതുവാൻ?" എന്നു്!

അനവധി അനവധിയായി അന്നു് ഹർജികൾ ഒഴുകിക്കൊണ്ടിരുന്നു, വത്തിക്കാനിലേക്കു്; ലോകത്തിന്റെ നാനാഭാഗത്തുനിന്നും. വി. കൊച്ചുത്രേസ്യായെ വേദപ്രചാരപ്രവർത്തനങ്ങൾക്കു് മദ്ധ്യസ്ഥയായി പ്രഖ്യാപനം ചെയ്യണമെന്നാണു അവയെല്ലാം ഐകകണ്ഠ്യേന അപേക്ഷിച്ചതു്. പക്ഷെ മഠത്തിന്റെ കനത്ത മതിൽക്കെട്ടിനകത്തു മറഞ്ഞിരുന്ന ഒരു കന്യക ഈ ഔന്നത്യമേറിയ സ്ഥാനത്തിനു്— പ്രേഷകപ്രവീണയെന്ന സ്ഥാനത്തിനു്—അർഹയല്ല എന്നു തിരുസംഘം വിധി പറഞ്ഞു. കൊച്ചുത്രേസ്യായാകട്ടെ പുഷ്പവൃഷ്ടിയുമായി ചൈനയിലും ജപ്പാനിലും മററു പലേടത്തും തുടരെ പ്രത്യക്ഷയായി. തുറിച്ച കണ്ണുകളോടും ചുളിച്ച നെററികളോടുംകൂടി ലോകം അവളുടെ അത്ഭുതങ്ങൾ കണ്ടു നിർന്നിമേഷരായി നിന്നുപോയി! മിശിഹായുടെ പ്രതിപുരുഷനായ 11-ാംപീയൂസ് പറഞ്ഞു തന്റെ വാത്സല്യഭാജനമായ ലിസ്യൂവിലെ കൊച്ചുറാണി, അവൾക്കു നിഷേധിക്കപ്പെട്ട ആ സ്ഥാനത്തിനു തികച്ചും അർഹയാണെന്നു്! 1927 ഡിസംബർ 14-ാംനു-പതിനൊന്നാം

(1-ാംപേജ് തുടർച്ച)

പ്രചാരണമാകുന്നു" എന്നു് 13-ാം ലെയൊ മാർപ്പാപ്പാ പ്രഖ്യാപിക്കുകയും ഈ സംഘടനയെ പ്രചരിപ്പിക്കുവാൻ 1882 സെപ്റ്റംബർ 17-ാം തീയതി ഒരു വിശ്വലേഖനം പരസ്യപ്പെടുത്തുകയും ചെയ്തു. "ക്രിസ്തുവിന്റെ ഈ ഭടസമൂഹത്തിൽ ചേരണമെന്നു് എല്ലാ ക്രൈസ്തവരേയും നാം ഉദ്ബോധിപ്പിക്കുന്നു" എന്നാണ് തിരുമനസ്സുകൊണ്ടു ഉപദേശിച്ചതു്. എന്തിനു്? ലോകസമുദായത്തിനു ശാശ്വതമായ സമാധാനം കൈവരുവാൻ. തിരുമനസ്സുകൊണ്ടു തുടരുന്നു: "ഇക്കാലത്തെ അതിദാരുണമായ സാഹചര്യങ്ങളിൽ വി. ഫ്രാൻസീസിന്റെ ഭരണം എത്ര ആശ്വാസപ്രദമായിരിക്കുമെന്നു് വന്ദ്യസഹോദരന്മാർക്കു നിഷ്പ്രയാസം മനസ്സിലാക്കാമല്ലോ. വി. ഫ്രാൻസീസിന്റെ ഗുണകരമായ ആ വ്യവസ്ഥ വീണ്ടും നടപ്പിൽവരുമെങ്കിൽ, വിശ്വാസം ഭക്തി മുതലായി ക്രൈസ്തവവ്യവസ്ഥിതിയിൽ എന്തെല്ലാം മഹത്തായുണ്ടോ അവയെല്ലാം വീണ്ടും കൈവരുന്നതാണ്. കൂടാതെ ഈ ലോകത്തിലെ നശ്വരമായ സ്വത്തുക്കൾക്കുവേണ്ടിയുള്ള അതിയായ ദുരാഗ്രഹം ഒന്നു ശമിക്കും; ആശാപാശങ്ങളുടെ പിറകേയുള്ള മനുഷ്യരുടെ വിരണ്ടോട്ടം നിയന്ത്രിതമാകയുംചെയ്യും. യഥാർത്ഥസാഹോദര്യം പൊതുജീവിതരംഗത്തുണ്ടാകുമ്പോൾ ദരിദ്രരേയും ദുഃഖിതരേയും ക്രിസ്തുവിന്റെ പ്രതിനിധികളായി ലോകം ദർശിക്കും… …" ഏവരും വി. ഫ്രാൻസീസിന്റെ പാദത്തിൽവന്നാൽ സമാധാനം കൈവരും; യുദ്ധം ഉണ്ടാകുകയില്ല.

വി. ഫ്രാൻസീസിന്റെ പാദാന്തികത്തിലേക്കു് ഏവരും സമീപിക്കുവാൻവേണ്ടി 15-ാം ബെനദിക്തോസ് മാർപ്പാപ്പാ "സാക്രാപ്രോപ്പെദീയേം" എന്ന വിശ്വലേഖനത്തിൽഇപ്രകാരം ഉപദേശിക്കുന്നു: "ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ധാരാളം ഉണ്ടായിരിക്കുക എന്നതു് അഭിലഷണീയമാണ്." 11-ാം പീയൂസ് മാർപ്പാപ്പാ കുറേക്കൂടി ശക്തിയായി "റീത്തെ എക്സ്പീയാത്തിസ്" എന്ന വിശ്വലേഖനംവഴി നിർദ്ദേശിക്കുന്നു: "ഈ വിശിഷ്ടസേനയിൽ ചേർന്നിട്ടില്ലാത്തവരോടു് ഈ വർഷംതന്നെ ചേരുവാൻ ഉപദേശിക്കണം" എന്നു്.

യുവത്വംതുളുമ്പുന്ന കാലത്തുതന്നെ ഏവരും വി. ഫ്രാൻസിസിന്റെ ചൈതന്യം കൈവരിക്കുന്നതായാൽ ഇഹത്തിലും പരത്തിലും ആന്തരികസൗഭാഗ്യം അവർക്കു കൈവരുന്നതാണ്.

# കൊരട്ടിമുത്തിയുടെ തിരുനാൾ

### ഇക്കൊല്ലം ഒക്ടോബർ 14-ാംതീയതി ഞായറാഴ്ചയാണ്

വികാരി

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.
**ബാങ്ക് ഓഫ് കൊച്ചിൻ**
**ലിമിറ്റഡ്**
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്

പീയൂസ് തൻെറ "താരക"യെ, അഖിലലോകമിഷ്യൻ പ്രവത്തനങ്ങളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥയായി പ്രഖ്യാപനം ചെയ്യുകതന്നെ ചെയ്തു. "വേദപ്രചാരത്തിൻെറ പാപ്പാ" എന്ന അപരാഭിനാമമാന്ന് തിരുമേനിയുടെ ഹൃദയത്തിനു ഏററം പ്രിയംകരമായിരുന്ന മിഷ്യൻപ്രവത്തനങ്ങളെ തൻെറ പ്രത്യേകമദ്ധ്യസ്ഥയായ ചെറുപുഷ്പത്തിനു ഭരമേല്പിച്ചുകൊടുക്കുന്നതിൽ അഭിമാനം കൊള്ളുകയാണ അദ്ദേഹം ചെയ്തതു്. അതിൻെറ രജതജൂബിലി 1952 ഡിസംബർ 14-ാംനു- ആഘോഷിക്കപ്പെട്ടു.

പതിനൊന്നാം പീയൂസ് പറഞ്ഞു, മിഷ്യൻപ്രവത്തനങ്ങളിലേപ്പെട്ടിരുന്നവരെ വിളിച്ചുകൊണ്ടു് "ക്ലേശം പേറുന്ന നിങ്ങളുടെ പരിശ്രമങ്ങളെയെല്ലാം വി. കൊച്ചുത്രേസ്യായുടെ കരങ്ങളിൽ നിങ്ങൾ സമപ്പിക്കുവിൻ" എന്നു്. റീത്തുകളുടെ തിരുസംഘം അന്നു പുറപ്പെടുവിച്ച ലിഖിതത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "മിഷ്യൻ പ്രവത്തനങ്ങളിലുള്ള തൃഷ്ണകൊണ്ടു ഉജ്ജ്വലിച്ചിരുന്നവളും പുറജാതികളുടെ രാജ്യങ്ങളിൽ വിസ്മയനീയങ്ങളായ മാനസാന്തരവേല സാധിച്ചുപോരുന്നവളും ആയ ഉണ്ണിയീശോയുടെ വി. കൊച്ചുത്രേസ്യായെ എല്ലാ മിഷ്യൻകേന്ദ്രങ്ങളിലും വേലചെയ്യുന്ന മിഷ്യനറിമാരുടെ മദ്ധ്യസ്ഥയായി പ്രഖ്യാപനം ചെയ്യുന്നപക്ഷം കത്താവിൻെറ മുന്തിരിത്തോട്ടത്തിൽ ഏററം സമൃദ്ധമായ ഫലപ്രാപ്തിയുണ്ടാകുമെന്നു് അനേകം മെത്രാന്മാക്കു ബോദ്ധ്യമായി. ലോകമൊട്ടുക്കുള്ള മിഷ്യനറിമാർ ഒന്നുചേന്നു തങ്ങളുടെ ഈ ആഗ്രഹസാദ്ധ്യത്തിനായി പരിശുദ്ധപിതാവിനെ തിരുമനസ്സുണത്തിച്ചു. അത്രയേറെ മെത്രാന്മാരുടെ അഭ്യ

## കൃതജ്ഞത

കരിയാററി മെത്രാപ്പോലീത്തായുടെ സഹായത്താൽ സിദ്ധിച്ച അത്ഭുതകരമായ അനുഗ്രഹത്തിനു്.

മുൻനിശ്ചയപ്രകാരം,
ഏണേക്കാട്ടു് യൗസേപ്പു കത്തനാർ
പൊൻകുന്നം.

ത്ഥനയെ ഏററം വലിയ നന്മനസ്സോടെ സ്വീകരിച്ചുകൊണ്ടു്, ഉണ്ണിയീശോയുടെ വി. കൊച്ചുത്രേസ്യായെ ലോകമെങ്ങുമുള്ള മിസ്സുങ്ങളുടെയും സ്ത്രീപുരുഷന്മാരായ സകലമിഷ്യനറിമാരുടെയും പ്രത്യേകമദ്ധ്യസ്ഥ എന്ന സ്ഥാനപ്പേരിൽ പ്രഖ്യാപനം ചെയ്യുവാൻ, മാപ്പാപ്പാ തിരുമേനി കല്പിച്ചനുവദിച്ചിരിക്കുന്നു. അതിനാൽ വി. കൊച്ചുത്രേസ്യാ ഈ സ്ഥാനപ്പേരു സംവഹിക്കുന്ന സമസ്തഅവകാശങ്ങളോടും ആനുകൂല്യങ്ങളോടുംകൂടെ വി. ഫ്റാൻസിസ് സേവ്യറിനോടൊപ്പം മിഷ്യൻപ്രവത്തകരുടെയെല്ലാം പ്രധാന മദ്ധ്യസ്ഥ ആയിരിക്കുന്നതാണു്."

ലിസ്യൂ ബസിലിക്കായോടനുബന്ധിച്ചു ബ്രഹ്മാണ്ഡമായ ഒരു മണി സ്ഥാപിതമായിട്ടുണ്ടു്. ചെറുപുഷ്പത്തിൻെറ ഒന്നാമത്തെ ജൂബിലിയുടെ സ്മാരകമായി 1947-ൽ അതു ഉൽഘാടനം ചെയ്യപ്പെട്ടു. "മിഷ്യൻ പ്രവത്തനങ്ങളുടെ മദ്ധ്യസ്ഥ" എന്നു ആ മണിക്കു നാമം നൽകിയിരിക്കുന്നു. അതിൻെറ തൂക്കം 8000 റാത്തലാണു്. 50000-ത്തിൽപരം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ പാരീസിലെ കട്ടിനാൾ അതിൻെറ ഉൽഘാടനകമ്മം നടത്തി. ലിസ്യുവിൽനിന്നുള്ള ഘണ്ടാരവം നിരങ്കുശം പ്രകീത്തിക്കുകയാണു്, നോർമണ്ടിയിലെ അജ്ഞാതബാലിക അഖിലലോകമിഷ്യൻ പ്രവത്ത

# പുലിയൂർമിഷ്യൻെറ

## അത്ഭുതകരമായ വളർച്ച

(T. K.)

"പൈതൽ വളന്നു. ആത്മാവിലും ശക്തിയിലും ബലപ്പെട്ടു. മനുഷ്യരുടേയും ദൈവത്തിൻേറയും കൃപ അവൻെറമേൽ ഉണ്ടായിരുന്നു." (ലൂക്കാ 2: 40)

1953 ഡിസംബർ മാസം 25-ാം തീയതി ഒരു മരച്ചോട്ടിൽ വെച്ചാണു് പുലിയൂർ മിഷൻ സമാരബ്ധമായതു്. നാലഞ്ചു കുടുംബങ്ങളിൽനിന്നുമായി ചുരുക്കം ചിലർ സത്യപ്രതിജ്ഞചെയ്തു കത്തോലിക്കാതിരുസ്സഭയുടെ അങ്കതലത്തിൽ പ്രവേശിച്ചു, അന്നാരും അതിനു വലിയ പ്രാധാന്യം നൽകിയില്ല. ചില "ഉച്ചക്കിറുക്കന്മാരു"ടെ വെറുമൊരു പ്രസ്ഥാനമായി പലരും അതിനെ പരിഹസിച്ചു; ചൂടാറുമ്പോൾ എല്ലാം പഴയപടി ആവുമെന്നു പ്രതീക്ഷിച്ചുകൊണ്ടു്. അന്നാ മിഷനു നൽകിയ പേരു് അപ്പത്തിൻെറ ഭവനമെന്നത്ഥമുള്ള "ബേത്‌ലഹം" എന്നാണു്. ആ നാമമിന്നു തികച്ചും അത്ഥവത്തായിരിക്കുന്നു.

രണ്ടായിരം വർഷങ്ങൾക്കപ്പുറം ബേത്‌ലഹേമിലേ കല്ലടാവിൽ ജീവൻെറ അപ്പം സവ്വലോകത്തിനും നൽകുവാൻ കെല്പററ മിശിഹാതമ്പുരാൻ ജാതനായി. അന്ധകാരത്തിൽ ആണ്ടുപോയ ജനതയെ അഖനം ചെയ്യുവാൻ അവതരിച്ച ആ ദിവ്യ പൈതലിനെ ആരുമത്ര കൂട്ടാക്കിയില്ല. പക്ഷേ, സത്യത്തിൻെറ പിന്നാലെ അന്വേഷണത്തോടെ പുറപ്പെട്ടവർ അങ്ങയെ കണ്ടുപിടിച്ചു. പ്രതീക്ഷയുടെ പൂത്തീകരണം അവിടുന്നാണെന്നു അവർ ഗ്രഹിച്ചു. അവിടുത്തേ പിന്നാലെ അങ്ങനെ ലോകം തിരിച്ചു. പക്ഷേ, എല്ലാരുമല്ല.

രണ്ടബ്ദം മുമ്പു തുടങ്ങിയ ആ ചെറിയ മിഷൻ ഇന്നിതാ വലുതായി വളന്നിരിക്കുന്നു. തിരുവനന്തപുരം അതിരൂപതയിലെ ഏററം മികച്ച ഒരു കേന്ദ്രമായി അതിന്നുയന്നിട്ടുണ്ടു്. അതിമനോഹരവും വിശാലസുന്ദരവുമായ ഒരു ദൈവാലയം അവിടെ പണിതീത്തു. കഴിഞ്ഞ സെപ്റ്റംബർ 9-ാം തീയതി അതിൻെറ വിശുദ്ധീകരണശുശ്രൂഷ ആഡംബരസമന്വിതം നടത്തപ്പെട്ടു. കേരളത്തിൻെറ സവിശേഷശ്രദ്ധ പതിയത്തക്കവണ്ണം ആ ഇടവക കേരളത്തിലേ സുവിശേഷവേലക്കു് മകുടോദാഹരണമാണു്. ഈ ചുരുങ്ങിയ രണ്ടു വർഷങ്ങൾകൊണ്ടു് 117 വീട്ടുകാർ അവിടെ അംഗങ്ങളായി. പള്ളിയുടെ വിശുദ്ധീകരണശുശ്രൂഷ നിവത്തിച്ച വേളയിൽ പതിനായിരത്തിൽപ്പരം ജനങ്ങൾ അവിടെ സന്നിഹിതരായിരുന്നു. വിശാലസുന്ദരമായ നെൽപ്പാടങ്ങളുടേയും കേരത്തോട്ടങ്ങളുടേയും മദ്ധ്യേ ഉയന്നുനില്ക്കുന്ന പുലിയൂർ കുന്നിൻെറ തടത്തിലാണു പള്ളി പണിതിരിക്കുന്നതു്. നാലുഭാഗത്തുനിന്നും വീശീക്കൊണ്ടിരിക്കുന്ന കുളിർവാതം ആ സ്ഥലത്തെ ഒരു സുഖവാസകേന്ദ്രം കൂടി ആക്കിയിട്ടുണ്ടു്. പള്ളിയിലും പരിസരത്തും ഒതുങ്ങാത്തവണ്ണം അതിവിപുലമായ ജനസഞ്ചയം അന്നവിടെ തടിച്ചുകൂടി. കാരണം വി. സുവിശേഷത്തിലെ കടുകുമണിയുടെ ഉപമ യഥാത്ഥീകരിച്ച ഒരു അത്ഭുതസംഭവമാണു് അവിടെ നടന്നതു്. ചെങ്ങന്നൂർ മാവേലിക്കര റോഡിൽനിന്നു മാന്നാനത്തേക്കുള്ള റോഡിൻെറ കവലക്കടുത്തു് സുപ്രസിദ്ധമായ പുലിയൂർ ക്ഷേത്രത്തിൻെറ സമീപത്തായിട്ടാണു് പള്ളി.

8-ാംനു- വൈകിട്ടു് അഭിവന്ദ്യ തിരുമേനിമാക്കു് ഒരു സ്വീകരണം നൽകി. അര മൈൽ ദൈർഘ്യമേയുണ്ടായിരുന്നുള്ളു ഘോഷയാത്രക്കു്. എന്നു വെച്ചാൽ പള്ളിയിൽനിന്നു് അത്രയും ദൂരത്തിലുള്ള റോഡിൽ തിങ്ങിനിറഞ്ഞ വിധം ജനപ്പെരുപ്പമുണ്ടായിരുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് തിരുമേനിയും, തിരുവല്ലാ, കോട്ടയം, രൂപതാദ്ധ്യക്ഷന്മാരും കൂടിയാണു് പള്ളികൂദാശ നടത്തിയതു്. റവ. ഫാ. ഫിലിപ്പ് ഇരട്ടമാക്കിൽ ബി. ഏ., എൽ. ടി. സുദീർഘമായ ഒരു പ്രസംഗം നടത്തി.

പിറേറദിനം വി. കുർബാനക്കുശേഷം അഭിവന്ദ്യമെത്രാപ്പോലീത്താതിരുമേനി പുലിയൂരിൻെറ അഭ്യസൂയാവഹമായ വളർച്ചയെക്കുറിച്ചു് അത്ഭുതപ്പെട്ടുകൊണ്ടു് അതിൻെറ പ്രകൃതിവിലാസത്തെയും അതു പ്രാപിക്കുന്ന ദിവ്യാനുഗ്രഹങ്ങളേയും പുരസ്കരിച്ചു് ഒരു മണിക്കൂർ ദീർഘിച്ച ഒരു പ്രസംഗം ചെയ്തു.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചൃണങ്ങ്,
താരൻ, മുഖക്കുരു
മുതലായവയ്ക്കു്
S.V. PRODUCTS, IRINJALAKUDA

... നങ്ങൾക്കു് സൂത്രധാരത്വം വഹിക്കുന്നെന്നു്! "ലൂയീസ് മാർട്ടിൻെറ കുഞ്ഞിതം തീന്നേ" എന്നു്! ഒരു മധുരഗാനമാലപിക്കയല്ലയോ ആ മണിനാദൻ ഇന്നു ചെയ്യുന്നതു്? ഇളയുടെ അറുതിവരെ ചെയ്യുവാൻ പോകുന്നതു്. മാർട്ടിൻെറ അന്നത്തെ ദുഃഖം! പെണ്ണായ്പിറന്ന തൻെറ കുഞ്ഞിനു് ഒരു മിഷ്യനറി ആകുവാൻ സാധിക്കുകയില്ലല്ലോ എന്ന ആ മഹാദുഃഖം ഇന്നു എവിടെ? മാർട്ടിൻ, അങ്ങയുടെ കുമാരി അനവരതം മിഷ്യനറിമാരുടെ മിഷ്യനറിയായി പരിശോഭിക്കതന്നെ ചെയ്യും.

## വി. ചെറുപുഷ്പത്തിൻെറ തിരുനാൾ

മൂക്കന്നൂർ ചെറുപുഷ്പദേവാലയത്തിൽ വിശുദ്ധയുടെ തിരുനാൾ 1956 ഒക്ടോബർ 7-ാംതീയതി ഞായറാഴ്ച സാഘോഷം കൊണ്ടാടുന്നതാണു്. തിരുനാൾ പ്രസുദേന്തി മൂക്കന്നൂർ ഞാളിയത്തു് പൗലോ തോമസ് അവർകളാണു്.

ചെറുപുഷ്പാശ്രമം സുപ്പീരിയർ
ഫാദർ ബസീലിയസ് സി. എസ്സ്. ടി.

ആദ്ധ്യാത്മികവീഥി

# പരിത്യാഗപരിശീലനം

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

ശൈശവം മുതൽതന്നെ സ്നേഹത്താലും വിശ്വാസത്താലും പ്രേരിതരായി പരിത്യാഗം അഭ്യസിക്കുവാൻ തങ്ങളുടെ കുട്ടികളെ പരിശീലിപ്പിക്കുന്നതിനു മാതാക്കൾക്കാണു് കൂടുതൽ സൗകര്യം.

"കുഞ്ഞിനു അമ്മച്ചിയെ പ്രിയമാണോ?" ഒരമ്മ കുട്ടിയോടു ചോദിച്ചു. "എനിക്കു വലിയ പ്രിയമാണു്". "കുഞ്ഞിനു അമ്മച്ചിയെ തന്നതാരാണെന്നറിയാമോ?" "അറിഞ്ഞുകൂടാ". "എന്നാൽ ഞാൻ പറയാം. ആ ഇരിക്കുന്ന രൂപം ആരുടേതാണു്?" "ഈശോയുടേതു്" "ഈശോയാണു കുഞ്ഞിനു അമ്മച്ചിയെ തന്നതു്, കുഞ്ഞിനോടുള്ള സ്നേഹംകൊണ്ടു്. "കുഞ്ഞിനു ഈശോയോടു സ്നേഹമുണ്ടോ?" "ഉണ്ടു്." "എന്നാൽ ഈശോക്കു എന്തുകൊടുക്കും?" "എന്തു വേണമെങ്കിലുംകൊടുക്കാം. എന്തു വേണമെന്നു അമ്മച്ചി പറ". "ഞാൻ പറയുന്നതു എന്താണെങ്കിലും കൊടുക്കാമോ?" "കൊടുക്കാം." "ഇന്നലെ അലക്കിക്കൊണ്ടുവന്ന കുഞ്ഞിൻെറ ആ പച്ച ഉടുപ്പു കൊടുത്തേക്കാമോ?" "കൊടുക്കാം. പക്ഷേ ഈശോ ഇവിടെ ഇല്ലല്ലോ. പിന്നെയെങ്ങനെയാ കൊടുക്കുന്നതു്?" "അതിനു ഞാൻ സൂത്രം പറഞ്ഞുതരാം. ഈശോയെക്കുറിച്ചു വല്ല സാധുക്കൾക്കും നാം എന്തെങ്കിലും കൊടുത്താൽ ഈശോക്കുതന്നെ കൊടുത്തതുപോലെ അവിടുന്നു സ്വീകരിച്ചുകൊള്ളും. നിൻെറകൂടെ കളിക്കുന്ന അങ്ങേക്കൂററ മേരിയില്ലേ? അവളുടെ ഉടുപ്പു നീ കണ്ടോ, എത്ര പഴകി കീറിയതാണെന്നു്? നിൻെറ ഉടുപ്പു അവൾക്കു കൊടുത്താൽ മതി. അപ്പോൾ ഈശോക്കു കൊടുത്തതുപോലെയായിരിക്കും. എന്താ അങ്ങനെ ചെയ്യാമോ?" "ഈശോയിക്കല്ലേ, ഞാൻ കൊടുക്കുന്നതു്? കൊടുത്തേക്കാം." "എന്നാൽ അതെടുത്തുകൊണ്ടുവാ. ഈശോയുടെ രൂപത്തിൻെറ മുൻപിൽ കൊണ്ടുവന്നു വച്ചു അവിടെ മുട്ടുകുത്തി എൻെറ ഈശോ അങ്ങേക്കു വേണ്ടിയാണു മേരിക്കു ഈ ഉടുപ്പു ഞാൻ കൊടുക്കാൻ പോകുന്നതു്. അങ്ങു അതു സ്വീകരിച്ചു എന്നെ അനുഗ്രഹിക്കണമേ. എന്നപേക്ഷിക്കണം." കുട്ടി അതെല്ലാം ചെയ്തുകഴിഞ്ഞപ്പോൾ ഉടുപ്പു ഒരു കടലാസിൽ പൊതിഞ്ഞു അവളെക്കൊണ്ടുതന്നെ മേരിക്കു കൊടുപ്പിച്ചു "അമ്മച്ചീ, എനിക്കെന്തൊരു ആനന്ദമാണെന്നറിയാമോ? മേരിക്കും ആ വീട്ടുകാക്കുമെല്ലാം എന്തൊരു സന്തോഷമായിരുന്നു ആ ഉടുപ്പു കിട്ടിയപ്പോൾ!" "കുഞ്ഞേ ഈശോക്കു അതിനേക്കാൾ സന്തോഷമായിരിക്കും. അവിടുന്നു കുഞ്ഞിനെ സ്നേഹപൂവ്വം ചുംബിച്ചിട്ടുണ്ടു്. എന്നുതന്നെയല്ല ഇതിൻെറ ആയിരമിരട്ടി നല്ല സമ്മാനം സ്വഗ്ഗത്തിൽവച്ചു കുഞ്ഞിനു നൽകും," അമ്മ പറഞ്ഞു.

ഇതുപോലെ നമുക്കും ചെയ്തുകൂടെയോ?

എന്നു പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

മിഷൻ പ്രവത്തനങ്ങളിൽ സമത്ഥനും സുശിക്ഷിതനും ഉജ്ജ്വലനുമായ വെരി റവ. ഫാദർ ഗീവറുഗീസ് ഒ. ഐ. സി. അവർകളായിരുന്നു ഈ മിഷൻെറ വളർച്ചയെ നിയന്ത്രിച്ചുകൊണ്ടിരുന്നതു്. ഇടവകക്കാർ അത്യുത്സാഹത്തോടെ സകലകായ്യങ്ങളിലും അദ്ദേഹത്തെ സഹായിച്ചും അദ്ദേഹത്തോടു സഹകരിച്ചും പോന്നു.

അവിടെനിന്നു പുനരൈക്യപ്പെട്ടവരിൽ മൂത്താറു പടിഞ്ഞാറേതിൽ കൊച്ചുമത്തായിയുടെ വസതി ഒരു താല്ക്കാലിക ചാപ്പലാക്കി ഉപയോഗിക്കുകയായിരുന്നു ഇത്രയും നാളും.

പുലിയൂർ ഇടവകയിലെ ലീജിയനറിമാരും സൊഡാലിററി അംഗങ്ങളും മററും അനുകരണാർഹമായവിധം സുവിശേഷവേലയിൽ തല്പരരായിക്കാണുന്നതിലുള്ള ചാരിതാർത്ഥ്യവും സന്തോഷവും അഭിവന്ദ്യപിതാവു് പ്രസംഗമദ്ധ്യേ വെളിപ്പെടുത്തി. ഇത്ര ചുരുങ്ങിയനാളുകൊണ്ടു് ഇത്ര വലുതായിവന്ന മറെറാരു മിഷനും അടുത്ത ദേശത്തെങ്ങുമുണ്ടായിട്ടില്ലത്രേ!


## വിനോദവീഥി




"നിങ്ങളെന്താ മാഷ്റെ, കോഴി മരുന്നു കഴിച്ചയാളെപ്പോലെ അനങ്ങാതെ പതുങ്ങിനടക്കുന്നതു്?"

"ശ്ശേ, ഒറച്ചുപറയാതെ പൊന്നെ. എൻെറ വാച്ചു നിന്നുപോകും! ഇപ്പോ നന്നാക്കിച്ചുകൊണ്ടു വരുന്നതേയുള്ളു!"

x x x




"ശടാ മിട്ടുക്കാ, അപ്പൊ നിൻെറ 100 രൂപേടെ പട്ടിക്കുഞ്ഞിനെ ഇത്ര ക്ഷണം വിററുകഴിഞ്ഞോ?"

"ഓഹോ! ഞാനതിനെ 50 രൂപവീതം വിലയുള്ള 2 പോർക്കുകുഞ്ഞുങ്ങൾക്കു പകരം വിററു!"

x x x x

സന്ദർശകൻ:- ഇത്ര താണ ജോലിചെയ്യുന്ന ഈ കോമളനായ യുവാവാരാണു്?

ഫോർമൻ:- അതു കമ്പനിമാനേജരുടെ സ്വന്തത്തിൽപ്പെട്ട ഒരാളാണു്.

സന്ദ:- വളരെ നല്ല ബുദ്ധി. താണപടിയിൽനിന്നു സ്വന്തപ്പെട്ടവരെ പരിശീലിപ്പിച്ചു് ഉയന്ന സ്ഥാനത്തെത്തിക്കാനാണു് മാനേജരുടെ ഉദ്ദേശ്യമല്ലേ. കമ്പനിക്കു അതു വലിയൊരു നേട്ടമായിരിക്കും.

ഫോർ:- അല്ല സർ, അയാളെ മാനേജർ ഉയന്ന ഗ്രേഡിൽ നിയമിച്ചതാണു്. പൊരുതിമുട്ടിയിട്ടു് താണതാണു് ഇവിടെ വന്നുചേന്നതത്രെ!

## ഇൻഡ്യാ വാർത്തകൾ

മൂന്നുദിവസത്തെ സൗദി അറേബ്യൻ പര്യടനംകഴിഞ്ഞു പ്രധാനമന്ത്രി നെഹ്റു ഡൽഹിയിൽ തിരിച്ചെത്തിയിരിക്കുന്നു. "സമാധാനത്തിൻെറ ദൂതൻ" എന്ന നിലയിൽ അദ്ഭുതപൂർവ്വമായ ഒരു സ്വീകരണം പ്രധാനമന്ത്രിക്കു് സൗദി അറേബ്യായിൽ ലഭിക്കുകയുണ്ടായി.

—നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിച്ചുകൊണ്ടു്, ബോംബേ കത്തോലിക്കാ അസോസ്യേഷൻെറ ആഭിമുഖ്യത്തിലും, മി. ലിയോ റോഡ്റിംഗ്സിൻെറ അദ്ധ്യക്ഷതയിലും ഒരു പൗരമഹായോഗം നടത്തപ്പെട്ടിരിക്കുന്നു.

—സിംഗപ്പൂർ, ഇൻഡൊനേഷ്യ, ജപ്പാൻ, ചൈന എന്നിവിടങ്ങളിൽ നാലാഴ്ചത്തെ പര്യടനം നടത്തുന്നതിനായി ഉപരാഷ്ട്രപതി ഡോക്ടർ രാധാകൃഷ്ണൻ അങ്ങോട്ടു പുറപ്പെട്ടിരിക്കുന്നു.

—അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ അധികാരത്തിൽനിന്നും ഗളഹസ്തം ചെയ്യുക സാദ്ധ്യമല്ലെന്നു കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സിക്രട്ടറി അജയഘോഷ് പ്രസ്താവിച്ചിരിക്കുന്നു.

—സിന്ധുനദിയിലെ ജലം 1957 മാർച്ച് 31 വരെ ഉപയോഗിക്കുന്നതു സംബന്ധിച്ചു ഇന്ത്യാ-പാക്കിസ്ഥാൻ ഗവമ്മെൻറുകൾ ഒരു താൽക്കാലികകരാറിൽ എത്തിയിരിക്കുന്നു.

—അടുത്ത പൊതുതിരഞ്ഞെടുപ്പു 1957 ഫെബ്രുവരി-മാർച്ചിനപ്പുറത്തേക്കു നീട്ടുകയില്ലെന്നു ചീഫ് ഇലക്ഷൻ കമ്മീഷണർ പ്രസ്താവിച്ചിരിക്കുന്നു.

—ഉത്തരപ്രദേശിൽ ഈയിടെയുണ്ടായ വെള്ളപ്പൊക്കംമൂലം 44 പേർ കൊല്ലപ്പെടുകയും 7 കോടി ക. യുടെ വിളവു നശിക്കുകയും ചെയ്തിരിക്കുന്നു.

—64 നാഷനൽ എക്സ്റ്റൻഷൻ സർവ്വീസ് ബ്ളോക്കുകൾകൂടി കമ്മ്യൂണിററി ഡവലപ്പുമെൻറ ബ്ളോക്കുകളാക്കുന്നതിനു ഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—തീവണ്ടിയിലെ മൂന്നാംക്ലാസ് മുറികളിൽ യാത്രക്കാരുടെ സൗകര്യങ്ങളെക്കുറിച്ചു് അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ മൂന്നു സീനിയർ എൻജിനീയർമാരുടെ ഒരു കമ്മിററിയെ റെയിൽവേ ബോർഡു് നിയമിച്ചിരിക്കുന്നു.



സെപ്റ്റംബർ 27-ാംതീയതി വരാപ്പുഴ അതിമെത്രാസനാരമനയിൽ സമ്മേളിച്ച മലബാർ കാത്തലിക് ബിഷപ്പ്സ് കോൺഫറൻസിൽ സംബന്ധിച്ച കേരളീയ വൈദികമേലദ്ധ്യക്ഷന്മാർ

## ചരമവാർത്തകൾ

**പള്ളിപ്പുറം:** പള്ളിപ്പുറം ഫൊ: ഇടവക ഊരുനാട്ടു് കരിയിൽ കുമ്പേൽ ഔസേപ്പു് വക്കിയുടെ ഭാര്യ ശ്രീമതി ഏലിക്കുട്ടി 51-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം വെ. റവ: ഫാ. ജോസഫ് പഞ്ഞിക്കാരൻ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി നടത്തുകയുണ്ടായി. റവ. ഫാ. ജോസഫ് കാവിലപ്പാടം അവർകളായിരുന്നു ചരമപ്രഭാഷണം നടത്തിയതു്.

**കാവാലം:** ഈ ഇടവക കിഴക്കേ ചേന്നങ്കരി പനയിടത്തുശ്ശേരിൽ അവുസേപ്പു മത്തായി അവർകൾ വാർദ്ധക്യസഹജമായ അസ്വാസ്ഥ്യം മൂലം സെപ്റ്റംബർ 25-ാംനു പകൽ ആറുമണിക്കു് മരണം പ്രാപിച്ചു. ശവസംസ്കാരം ബുധനാഴ്ച അഞ്ചുമണിക്കു കാവാലത്തു പള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**തമ്പലക്കാട്ടു്:** ഇലഞ്ഞിമററത്തു ശ്രീ തൊമ്മച്ചൻ 72-ാമത്തെ വയസ്സിൽ സെപ്റ്റംബർ 19-ാം തീയതി ബുധനാഴ്ച രാവിലെ എട്ടുമണിക്കു ചരമം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം പരേതൻെറ പുത്രനായ റവ. ഫാദർ കുര്യൻ ഇലഞ്ഞിമററത്തിൻെറ പ്രധാനകാർമ്മികത്വത്തിലും, തിരുവനന്തപുരം അതിരൂപതാ വികാരിജനറാൾ റൈററു് റവ. മോൺ. പീലിപ്പോസ് റമ്പാൻ, വെരി റവ. ഫാദർ സി. ററി. കുരുവിള, ബഥനി സമൂഹം സുപ്പീരിയർ ജനറൽ വെരി റവ. ഫാദർ പീററർ ഓ. ഐ. സി. എന്നിവരുടേയും മററു പല ബ. വൈദികരുടെയും സഹകരണത്തിലും തമ്പലക്കാട്ടു പള്ളി സിമിത്തേരിയിൽ നിർവഹിക്കപ്പെട്ടു. വീട്ടിൽവച്ചു റൈററു് റവ. മോൺ. പീലിപ്പോസു റമ്പാനും പള്ളിയിൽ വച്ചു് റവ. ഫാദർ കുര്യാക്കോസ് ഏണേക്കാട്ടു് എം. എ യും ചരമപ്രഭാഷണങ്ങൾ നടത്തി. മലങ്കരറീത്തിലുള്ള ധൂപപ്രാർത്ഥനയും നടത്തുകയുണ്ടായി.

**തലക്കോട്ടുകര:** ഈ ഇടവക ശ്രീ കുററിക്കാട്ടു് പൊറിഞ്ചു ഭാര്യ ത്രേസ്യാ സെപ്റ്റം: 23-ാംനു ഉച്ചകഴിഞ്ഞു് 3 മണിക്കു് 86-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ബഹുമാനപ്പെട്ട വൈദികരുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ തലക്കോട്ടുകര പള്ളിസിമിത്തേരിയിൽ റവ ഫാദർ മാത്യു പാലയൂരിൻെറ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെടുകയുണ്ടായി.

R. I. P

# ഒരാസ്വാദനം

(റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.)


**മരിയഹാരം**



ജപമാലയെപ്പററി അറിയുവാൻ ഈ പുസ്തകം സഹായിക്കും

**വില 1ക. മാത്രം**

അപേക്ഷിക്കേണ്ടും മേൽവിലാസ

മാർ ലൂയീസ് പ്രസ്സ്, എറണാകുളം-1


ജപമാലഭക്തിക്കു പ്രതിഷ്ഠിതമായ ഒക്ടോബർമാസത്തിൽ മരിയഭക്തരുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കത്തക്ക ഒരു ഗ്രന്ഥമാണു സത്യദീപം പത്രാധിപർ ഫാദർ ജോസഫ് വിതയത്തിൽ രചിച്ചിട്ടുള്ള നവഗ്രന്ഥം, "മരിയഹാരം". പൊന്നുണ്ണിയുടെ കവിൾത്തടത്തിൽ സ്നേഹപൂർവ്വം ചുംബിക്കുന്ന മരിയാംബികയാണു കവർചിത്രം. ഒരു ജപമാല ആ ചിത്രത്തെ ആവരണംചെയ്തു കിടക്കുന്നു. സുന്ദരമായ ആ കവർചിത്രം മരിയഹാരമെന്ന ഗ്രന്ഥത്തെ കണ്ടമാത്രയിൽത്തന്നെ എൻെറ ശ്രദ്ധയെ ആകർഷിച്ചു. കുറേനേരം അതുതന്നെ ധ്യാനവിഷയമായി.

മരിയഹാരം വിടത്തിട്ടനാക്കിയപ്പോൾ പ്രഥമവീക്ഷണത്തിൽ സംസൃഷ്ടമായ ആകർഷണം വർദ്ധിച്ചതേയുള്ളു. ആദ്ധ്യാത്മികവിഷയങ്ങൾ ചതുരമായി പ്രതിപാദിക്കുവാൻ പേരെടുത്തിട്ടുള്ള ഫാദർ മാത്യു മങ്കുഴിക്കരിയുടെ അവതാരിക സശ്രദ്ധമൊന്നു വായിച്ചു. ജപമാല യഥാവിധി ഭക്തിപൂർവ്വം ചൊല്ലുവാൻ ആഗ്രഹിക്കുന്നവരെല്ലാവരും "മരിയഹാരം" എടുത്തു പാടിക്കേണ്ടതാണെന്നും എല്ലാ കുടുംബങ്ങൾക്കും അലങ്കാരമാണു് ഈ കൃതിയെന്നുമാണു് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ജപമാലയിലെ പതിനഞ്ചുരഹസ്യങ്ങളും ദൈവമാതാവിൻെറ ലുത്തനിയായിലെ 49 വാക്യങ്ങളുമാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങൾ. അങ്ങനെ 64 ചെറിയ ധ്യാനങ്ങൾ ദൈവമാതൃഭക്തി ജനിപ്പിക്കത്തക്കവിധം കോർത്തിണക്കിയിട്ടുള്ള ഒന്നാണു മരിയഹാരം.

ഫാദർ വിതയത്തിലിൻെറ ശൈലി അഭ്യസ്തവിദ്യർക്കു് രസകരമായിരുത്താനും. നസറത്തിലെ ഒരു ഗ്രാമീണഭവനത്തിൽ മരിയാംബിക പ്രാർത്ഥിക്കുകയായിരുന്നുവെന്നു ചുരുങ്ങിയ വാക്കുകളിൽ സംഗതികൾ അവതരിപ്പിക്കുകയല്ല ഗ്രന്ഥകാരൻ ചെയ്യുന്നതു്. ചരിത്രസംഭവങ്ങളെ സാഹചര്യവിവരണങ്ങൾകൊണ്ടു മോടിപിടിപ്പിക്കുന്നു. മരിയഹാരത്തിൻെറ ഒന്നാമത്തെ ഖണ്ഡികതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്:

"മനോഹരമായ നസ്രത്തുഗ്രാമം. നിമ്നോന്നതമായ മലഞ്ചെരിവുകൾ വാസന്തികപ്പച്ചവിരിപ്പിൽ കുസുമസഞ്ചയംചാർത്തി നയനാഭിരാമമായി പ്രശോഭിക്കുന്നു. അവയ്ക്കിടയിൽ മുഴുവൻ വെള്ളയായ ചെറുഭവനങ്ങൾ അസ്തമനസൂര്യൻെറ അരുണകിരണങ്ങൾ തട്ടിശബളമനോജ്ഞമായി തിളങ്ങുന്നു. പ്രശാന്തമായ അന്തരീക്ഷത്തെ അരിപ്രാവുകൾ അവയുടെ കളകൂജനംകൊണ്ടു സജീവമാക്കുന്നുണ്ടു്. യഹൂദലലനാമണികൾ ഭൂരിഭാഗവും ഗൃഹാവശ്യങ്ങൾക്കുള്ള വെള്ളം ശേഖരിക്കുന്ന ജോലിയിൽ വ്യാപൃതരാണു്."

ഈദൃശമായ വിവരണങ്ങൾ ആദ്യന്തം ഗ്രന്ഥത്തെ അലങ്കരിക്കുന്നുണ്ടു്. ഈ വർണ്ണനകൾക്കൊത്ത ഭാഷയിൽത്തന്നെ ഗ്രന്ഥം മുഴുവനും രചിക്കുവാൻ സാധിച്ചിട്ടുള്ളതു ഗ്രന്ഥകാരൻെറ ഒരു നേട്ടമാണു്. പ്രതിപാദ്യരീതിയുംആശയവിനിമയവും നിർദ്ദോഷമാണു്. കാനൺ ഡെനീസ്സ് ഓഷിയുടെ മരിയമകുടം (The Crown of Mary) എന്ന ഗ്രന്ഥവും ഫാദർ ബിസ്കുപെക്കിൻെറ "മരിയൻ ലുത്തനിയാ" എന്ന കൃതിയും ഉപജീവിച്ചാണു "മരിയഹാരം" രചിച്ചിട്ടുള്ളതെന്നു കാണുന്നു. മരിയശാസ്ത്രകോവിദരായ രണ്ടു ഗ്രന്ഥകാരന്മാരുടെ മാർഗ്ഗനിർദ്ദേശമുള്ളപ്പോൾ ഉള്ളടക്കത്തിനു പോരായ്മ വരികയില്ലല്ലോ. ചമ്മട്ടിയടിയെപ്പററിയും "പാപികളുടെ സങ്കേതമേ" എന്ന ലുത്തനിയാവാക്യത്തെപ്പററിയുമുള്ള ധ്യാനങ്ങൾ വായിച്ചാൽ കാണാം ഈ ഗ്രന്ഥം ഭക്തജനങ്ങളുടെ ധ്യാനത്തിനു് എത്ര ഉതകിയതാണെന്നു്.




ഒരാസ്വാദനമെന്ന നിലയിൽ കൂടുതൽ എഴുതുന്നതു യോജ്യമായിരിക്കുകയില്ലല്ലോ. മരിയഹാരമെടുത്തു ഒരാവർത്തിവായിക്കുന്നതു ജപമാലനമസ്കാരത്തിൻെറ ആകർഷകതയും മാധുര്യവും വർദ്ധിപ്പിക്കാതിരിക്കയില്ല. അതിനാൽ എത്രയും ഉപകാരപ്രദമായ "മരിയഹാരം" സജ്ജമാക്കിയ ഗ്രന്ഥകാരനു സപ്രശ്രയം കൂപ്പുകൈ.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. 1956 OCTOBER 3 No. 7.


## മതവികാരങ്ങൾ വ്രണപ്പെടുത്തരുതു്

ഇന്ത്യ ഒരു മതേതരരാഷ്ട്രമായി ഭരണഘടനയിൽ പ്രഖ്യാപിതമായിരിക്കുന്നു. വിവിധമതസ്ഥർ ഇടകലർന്നു ജീവിക്കുന്ന ഒരു രാജ്യത്തിൽ ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടിട്ടുള്ള ഈ നയം ലോകത്തിന്റെ പൊതുവായ അംഗീകാരവും അഭിനന്ദനവും അർഹിച്ചുകഴിഞ്ഞിട്ടുണ്ടു്. ഓരോ ഭാരതീയനും അവനു നൽകപ്പെട്ടിട്ടുള്ള മൗലികമായ മതസ്വാതന്ത്ര്യത്തിൽ അഭിമാനംകൊള്ളുകയും ചെയ്യുകയാണു്. മതേതരരാഷ്ട്രമെന്ന പദത്തിന്റെ അർത്ഥം മതബോധത്തെ ബഹുമാനിക്കാത്ത ഭരണകൂടമെന്നല്ല; പ്രത്യുത, എല്ലാ മതങ്ങൾക്കും നിയമപരിധിക്കുള്ളിൽ ഒരുപോലെ പരിപൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുന്ന രാജ്യമെന്നാണെന്നു് ഉന്നതതലനേതാക്കന്മാരും ഭരണഘടനാവ്യാഖ്യാതാക്കളും വിശദമാക്കിക്കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് മതസഹിഷ്ണതയ്ക്കു പണ്ടുപണ്ടേ പ്രഖ്യാതി നേടിയിട്ടുള്ള ഭാരതം മഹത്തായ ഈ ആദർശത്തിൽനിന്നു വ്യതിചലിക്കാതെ സുസ്ഥിരമായി അതിനെ പാലിച്ചു വിരാജിക്കുമെന്നുവേണം നാം ദൃഢമായി വിശ്വസിക്കുവാൻ.

ഇന്ത്യയുടെ നേതൃതിലകവും പ്രധാനമന്ത്രിയുമായ പണ്ഡിററു നെഹ്റു പലേ അവസരങ്ങളിലും ശക്തിയായി ഉൽബോധിപ്പിച്ചിട്ടുള്ള ആദർശം ഇതാണു്. 1954-ൽ ക്രിസ്ത്യൻ മിഷ്യനറിമാർക്കെതിരായി ചില വർഗ്ഗീയവാദികൾ സ്വരമുയർത്തിയപ്പോൾ അദ്ദേഹം ഈ ആദർശത്തെ സംശയരഹിതമായ ഭാഷയിൽ വിശദീകരിക്കുകയുണ്ടായി. "ഒരു മതേതരരാഷ്ട്രമെന്നുവച്ചാൽ, മതത്തെ നിരുത്സാഹപ്പെടുത്തുന്ന രാജ്യമെന്നല്ല അർത്ഥം. മതത്തിനും മനസ്സാക്ഷിക്കും സ്വാതന്ത്ര്യമനുവദിക്കുന്നു എന്നു മാത്രമാണു് വിവക്ഷ," എന്നാണു് 1954 ആഗസ്റ്റ് 9-ാംതീയതി ഇതേപ്പററി അദ്ദേഹം പ്രഖ്യാപിച്ചതു്. പ്രാദേശികകോൺഗ്രസ്സ് പ്രസിഡണ്ടന്മാർക്കുള്ള ഒരു കത്തിൽ ഇതേപ്പററി സുവ്യക്തമായി അദ്ദേഹം പ്രസ്താവിച്ചതിപ്രകാരമാണു്:- "നമ്മുടെ രാജ്യത്തെ ഒരു മതേതരരാഷ്ട്രമെന്നു നാം വിളിക്കുന്നു. മതേതരമെന്നുള്ള ഈ സംജ്ഞ ഒരുപക്ഷെ വളരെ സുഭഗമല്ലായിരിക്കാം. അതിലുപരി മെച്ചമായ ഒരു പദമില്ലാത്തതുകൊണ്ടുമാത്രം നാമതുപയോഗിക്കുകയാണു്. മതങ്ങൾ തമ്മിൽ തമ്മിലും നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾക്കും പ്രതിബന്ധമാകാതിരിക്കണമെന്നുള്ള വ്യവസ്ഥയിൽ, എല്ലാ മതങ്ങൾക്കും പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നാണു് അതിനർത്ഥം. ഇന്ത്യയിലെ ന്യൂനപക്ഷസമുദായങ്ങൾ മതപരമായ വീക്ഷണത്തിൽ ഈ നില മനസ്സിലാക്കണമെന്നും അതർത്ഥമാക്കുന്നുണ്ടു്. പോരാ, ഈ വീക്ഷണഗതിയിൽത്തന്നെ ഭൂരിപക്ഷസമുദായവും അതു തികച്ചും ബോദ്ധ്യപ്പെടണമെന്നും അതിനർത്ഥമാണു്. എന്തുകൊണ്ടെന്നാൽ, സംഖ്യാബലംകൊണ്ടോ മററു മാർഗ്ഗങ്ങൾമൂലമോ ഭൂരിപക്ഷസമുദായം നമ്മുടെ ഈ മതേതര ആദർശത്തെ തെററിദ്ധരിക്കാവുന്ന വിധത്തിൽ അതിന്റെ നിലയെ ദുരുപയോഗിക്കാതിരിക്കേണ്ടതു അതിന്റെ കർത്തവ്യമാണു്." എല്ലാ മതങ്ങളും സ്വാതന്ത്ര്യമായും മതവികാരങ്ങളെ പരസ്പരം വ്രണപ്പെടുത്താതെയും ഭാരതത്തിൽ പ്രവർത്തിക്കണമെന്നാണു് നമ്മുടെ ഭരണഘടനയുടെ ആദർശമെന്നു ഇതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

എന്നാൽ ഈയിടെയായി അവിടവിടെ നടമാടിക്കൊണ്ടിരിക്കുന്ന സംഭവങ്ങളുടെ റിപ്പോർട്ടുകൾ ആശങ്കാജനകമായിരിക്കുന്നു എന്നു പറയാതെതരമില്ല. ഇന്ത്യാമഹാരാജ്യത്തിന്റെ മദ്ധ്യസ്ഥിതങ്ങളായ മദ്ധ്യപ്രദേശിലും മദ്ധ്യഭാരതത്തിലും ഒരുന്യൂനപക്ഷസമുദായമായ ക്രിസ്ത്യാനികളോടു ഭൂരിപക്ഷസമുദായം അനുവർത്തിച്ചുപോരുന്ന നയവും സ്വീകരിച്ചുപോരുന്ന മർദ്ദനപരിപാടികളും ഭരണഘടനയെ ആദരിക്കുന്നതോ മതസ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നതോ ആണോ? ക്രിസ്ത്യൻ മിഷ്യനറിമാർക്കെതിരായും ക്രിസ്തുമതത്തിനെതിരായും അവിടവിടങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന കുൽസിതപ്രവർത്തനങ്ങൾ ഒരു മതേതരരാഷ്ട്രത്തിൽ അനുവദിക്കപ്പെടാവുന്നതാണോ? മദ്ധ്യപ്രദേശ് ഗവമ്മേണ്ടുതന്നെ മുൻനിന്നു സൃഷ്ടിച്ചിരിക്കുന്ന നിയോഗിക്കമ്മിററി റിപ്പോർട്ടിനേയും, മദ്ധ്യഭാരത് ഗവമ്മേണ്ടിന്റെ പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റീഗ്കമ്മിററി റിപ്പോർട്ടിനേയും സംബന്ധിച്ചു് ക്രിസ്ത്യാനികൾക്കെന്നല്ല നിഷ്പക്ഷരായ ഹിന്ദുക്കൾക്കും മുസ്ലീമിങ്ങൾക്കുമുള്ള അവജ്ഞയും പ്രതിഷേധവും നാടനീളെ പ്രകടമാവുകയാണു്. എങ്കിലും മതേതരരാഷ്ട്രത്തിന്റെ ഭരണസാരഥ്യം നിർവ്വഹിക്കുന്ന കേന്ദ്രം ഇന്നുവരേയും ഭരണഘടനാവിരുദ്ധമായി ഒരു ന്യൂനപക്ഷത്തിന്റെ അവകാശങ്ങളെ നിഹനിക്കുന്നതും അവരുടെ മതസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നതുമായ ഈ പ്രസ്ഥാനങ്ങളെ സംബന്ധിച്ചു എന്തെങ്കിലും നടപടിയെടുക്കുവാൻ കൂട്ടാക്കിയിട്ടില്ലെന്നുള്ളതു വ്യഥാജനകവും ആശങ്കാപരവുമായിരിക്കുന്നു. പ്രധാനമന്ത്രിയുടെ പക്കൽ നിവേദനംനടത്തിയ പ്രതിനിധിസംഘത്തോടു അദ്ദേഹം പറഞ്ഞതു് കൃത്യാന്തരബാഹുല്യത്താൽ ഇതേപ്പററി ശ്രദ്ധിക്കുവാൻ സമയം കിട്ടിയില്ല എന്നത്രെ. സംഭവബഹുലമായ ഈ സന്ധിയിൽ അദ്ദേഹത്തിന്റെ ബദ്ധപ്പാടുകളെപ്പററി മനസ്സിലാക്കുവാൻ എല്ലാവർക്കും സാധിക്കുന്നതാണു്. എങ്കിലും ഏതാദൃശപ്രവർത്തനങ്ങൾക്ക ഒരു തല്ക്കാലനിയന്ത്രണോപാധി കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ലാതെ വരുമോ? രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഉയരുന്ന പ്രതിഷേധസ്വരത്തേയും ഇടതടവില്ലാതെ പ്രവഹിച്ചുകൊണ്ടിരിക്കുന്ന പ്രതിഷേധപ്രമേയങ്ങളേയും അടിസ്ഥാനമാക്കി ഒരു സമാധാനപദ്ധതി നിർദ്ദേശിക്കുവാൻ ഭരണകൂടത്തിനുത്തരവാദിത്വമില്ലേ? ഗവമ്മെൻറിന്റെ ഈ അനാസ്ഥയല്ലേ, ഉപര്യുപരി ദാരുണമായ വർഗ്ഗീയവിളയാട്ടങ്ങൾക്കു വഴിതെളിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അടുത്തു നടന്നതായ പൂനാ സംഭവങ്ങളുംമററും ക്രിസ്തീയവിഭാഗത്തിന്റെ മതവികാരങ്ങളെ അതിദാരുണമായി വ്രണപ്പെടുത്തുന്നവയാണെന്നു് ഉത്തരവാദപ്പെട്ടവർ മനസ്സിലാക്കണം.

ക്രിസ്ത്യാനികൾ സമാധാനത്തേയും നിയമവിധേയത്വത്തേയും അതിമാത്രം ആദരിക്കുന്നവരാണു്. അടിസ്ഥാനരഹിതമായ കുററാരോപണങ്ങളേയും ക്രൂരമായ മർദ്ദനങ്ങളേയും അങ്ങേയററം ക്ഷമാപൂർവ്വം സഹിച്ചു കുരിശുമരണംപോലും വരിച്ച ക്രിസ്തുവിന്റെ സഹനസിദ്ധാന്തമാണവർ അനുകരിക്കുന്നതു്. അതുകൊണ്ടു് അവരുടെ നീതിയുക്തമായ അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും നിഷ്പ്രയാസം ചവുട്ടിമെതിക്കാമെന്നുവച്ചാൽ അതു ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. ഈയിടെ ശ്രീ കെ. എം. മുൻഷി അവർകൾക്കുണ്ടായ അനുഭവവും തുടർന്നു മുസ്ലീംവിഭാഗത്തെ സാന്ത്വനപ്പെടുത്തുവാൻ പ്രധാനമന്ത്രിയും പണ്ഡിററു് പാന്ത്, ഡോക്ടർ കഡ്ജു മുതലായ ഉന്നതതലനേതാക്കന്മാരും പ്രകടമാക്കിയ വ്യഗ്രതയും നിരത്തിവച്ചു പരിശോധിക്കുമ്പോൾ ക്രിസ്ത്യാനികൾക്കുണ്ടായിട്ടുള്ള ഈ അനുഭവം വേദനാജനകമായിരിക്കുന്നുവെന്നു പറയാതെ തരമില്ല. അതുകൊണ്ടു് ഏതൊരു സമുദായത്തിന്റേയും മതവികാരങ്ങളെ വ്രണപ്പെടുത്താതിരിക്കുവാൻ വാക്കുകൾകൊണ്ടു മാത്രമല്ല സുശക്തമായ നടപടികൾകൊണ്ടും മതേതരരാഷ്ട്രത്തിന്റെ മേധാവികൾ ശ്രമിക്കേണ്ടതത്രെ.

## തിരുനാൾ മംഗളങ്ങൾ



റൈററ് റവ. ഡോക്ടർ ജെറോം ഫർണാണ്ടസ് ഡി. ഡി.
കൊല്ലം മെത്രാൻ
തിരുനാൾ—സെപ്തംബർ 30.

റൈററ് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം
ആലപ്പുഴ മെത്രാൻ
തിരുനാൾ—സെപ്തംബർ 29.

## പ്രസാധകക്കുറിപ്പുകൾ

### സൂയസ് പ്രശ്നത്തെപ്പററി വത്തിക്കാൻ റേഡിയോ

സൂയസ്കനാൽ പ്രശ്നത്തെപ്പററി പര്യാലോചിക്കുന്നതിനു നടത്തപ്പെട്ട കേയ്റോ കോൺഫറൻസ് നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ പ്രസ്തുത പ്രശ്നത്തിൽ പ്രത്യേകം പരിഗണനാർഹമായിട്ടുള്ള ഒന്നു രണ്ടു കാര്യങ്ങൾ വത്തിക്കാൻ റേഡിയോ ഒരു പ്രക്ഷേപണത്തിൽ ഇപ്രകാരം പരാമർശിക്കുകയുണ്ടായി:- ദേശീയമായ താല്പര്യങ്ങളെ മാത്രം മുൻനിറുത്തി ചില തീരുമാനങ്ങൾ രൂപവൽക്കരിക്കുന്നതുകൊണ്ടു കോൺഫറൻസിന്റെ കർത്തവ്യം പൂർണ്ണമായി നിർവ്വഹിക്കപ്പെടുകയില്ല എന്നും മാനവസമുദായത്തിന്റെതന്നെ ആവശ്യങ്ങളെ ഈപ്രശ്നം ഉൾക്കൊള്ളുന്നതുകൊണ്ടു് ഗൗരവതരമായ ഒരുത്തരവാദിത്വം അതിനു നിർവ്വഹിക്കേണ്ടതായിട്ടുണ്ടെന്നുമാണു് പ്രസ്തുത സന്ദേശത്തിൽ ഉൽബോധിപ്പിക്കപ്പെട്ടതു്. ന്യായയുക്തമായ സ്വന്തതാല്പര്യങ്ങളേക്കാൾ ഉപരിയായ പരിഗണന പ്രസ്തുത പൊതുവാവശ്യങ്ങൾക്കു നൽകപ്പെടേണ്ടതാണു്. എന്തുകൊണ്ടെന്നാൽ അന്താരാഷ്ട്രീയനിയമത്തിന്റെ അടിസ്ഥാനങ്ങളെ അവ സ്പർശിക്കുന്നു. ജീവിക്കുന്നതിനു മാത്രമല്ല, സാങ്കേതികവിജ്ഞാനപുരോഗതിമൂലം ജീവിതസൗകര്യങ്ങളിൽ വന്നിട്ടുള്ള അഭിവൃദ്ധിയിൽ കഴിവുപോലെ പങ്കുപററുന്നതിനും എല്ലാ ജനങ്ങൾക്കും അവകാശമുണ്ടു്. ഈജിപ്തിലെ ജനങ്ങളെ സംബന്ധിച്ചു ഇതു തികച്ചും യഥാർത്ഥമാണു്. അനുവർഷം കണക്കില്ലാതെ ധനം കടത്തിക്കൊണ്ടുപോകപ്പെടുന്ന ഈ കനാലിന്റെ തീരങ്ങളിൽ അവരിൽ ഭൂരിപക്ഷം വരുന്ന ഒരു വിഭാഗം കഷ്ടപ്പാടുകളിലും അടിമത്തത്തിലും ആണ്ടുകിടക്കുകയാണു്. എന്നാൽ അതുപോലെതന്നെ അതു പശ്ചിമരാജ്യങ്ങളിലെ ജനങ്ങളേയും സംബന്ധിക്കുന്നുണ്ടു്. ഈ കനാലിൽക്കൂടി കടന്നു അവരുടെ ഇടയിൽ വിതരണം ചെയ്യപ്പെടുന്ന അസംസ്കൃതവിഭവങ്ങളെയാണു് അവരുടെ വ്യവസായജീവിതം മുഴുവനുംതന്നെ ആശ്രയിച്ചുനില്ക്കുന്നതു്. ജീവിക്കുന്നതിനും ജീവിതോപാധികൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതിനും എല്ലാ ജനങ്ങൾക്കുമുള്ള അവകാശങ്ങൾ തീർച്ചയായും പരസ്പരവിരുദ്ധങ്ങളോ തമ്മിൽ തമ്മിൽ രമ്യപ്പെട്ടുപോകാൻ സാധിക്കാത്തവയോ അല്ല. യഥാർത്ഥത്തിൽ അവ പരസ്പരം സഹായിക്കുന്നവമാത്രമാണു്.

റേഡിയോ പ്രഭാഷണം ഇങ്ങനെ തുടർന്നു:- ഈ സംഭാഷണങ്ങളെയെല്ലാം ഏതവസരത്തിലും പരാജയപ്പെടുത്താവുന്ന ഒരുഗ്രമായ ഭീഷണി തങ്ങിനില്ക്കുന്നുണ്ടു്, അതായതു്, കമ്മ്യൂണിസ്റ്റ് ഭീഷണി. കോൺഫറൻസിൽ സംബന്ധിക്കുന്നവരെല്ലാം എപ്പോഴും ഇതോർത്തിരിക്കുന്നതു നന്നായിരിക്കും. ലോകത്തെവിടെയും ഒരു ദശവത്സരക്കാലമായി കമ്മ്യൂണിസ്റ്റ്നയം വ്രണങ്ങളിൽ വിഷം പകരുന്നതിനും അതു അഴുകുന്നതിനുള്ള പരിചരണങ്ങൾ ചെയ്യുന്നതിനും മാത്രമായിരുന്നു. ഇരുജമ്മനികളും ഇരുകൊറിയാകളും, ഇരുവിയററ്നാമുകളും ഇതിനു ദൃഷ്ടാന്തങ്ങളാണു്. ഈജിപ്തിനെ സംബന്ധിച്ചു ഏതുതരത്തിലുള്ള വ്രണമാണാവോ അതു ഇപ്പോൾ ഒരുക്കുന്നതു്? ഈ വ്രണങ്ങളൊന്നും അതിൽതന്നെ മാരകങ്ങളല്ല. എങ്കിലും അവ വർദ്ധിച്ചുവർദ്ധിച്ചു കാലാന്തരത്തിൽ രക്തം മുഴുവനും വിഷപങ്കിലമായി ഒരു ആലോക അഴുകലിൽ ചെന്നവസാനിക്കാവുന്നതാണു്. ഇസ്ലാമികരാജ്യങ്ങളും പാശ്ചാത്യരാജ്യങ്ങളും ഈ വിഷപ്രസരണംവഴി അവർ നിരന്തരപരിശ്രമംമൂലം ആർജ്ജിച്ചിട്ടുള്ള സ്വാതന്ത്ര്യവും സംസ്കാരവും കളഞ്ഞുകുളിക്കുന്നതിനിടയാകാവുന്നതുമത്രെ. വത്തിക്കാൻ റേഡിയോയുടെ ഈ സന്ദേശം കുഴഞ്ഞുമറിഞ്ഞുകിടക്കുന്ന സൂയസ്പ്രശ്നത്തെ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിനും സമാധാനപരമായ ഒത്തുതീർപ്പുവ്യവസ്ഥകളിൽ എത്തിച്ചേരുന്നതിനുമുള്ള മാർഗ്ഗങ്ങളെ സുവ്യക്തം ചൂണ്ടിക്കാണിക്കുകയാണല്ലോ ചെയ്യുന്നതു്. യാതൊരു കക്ഷിയും മർക്കടമുഷ്ടിപിടിക്കാതെ സാമൂഹികനീതിയുടെ അടിസ്ഥാനതത്വങ്ങളെ ആധാരമാക്കി ഒത്തുതീർപ്പുവ്യവസ്ഥകൾക്കു വഴിപ്പെടേണ്ടതാണു്. മാത്രമല്ല, ഈ കുഴപ്പത്തെ പററിയ അവസരമാക്കി കമ്മ്യൂണിസ്റ്റ്സാമ്രാജ്യസ്ഥാപനത്തിനുള്ള നുഴഞ്ഞുകയററങ്ങളെ ശ്രദ്ധാപൂർവ്വം സൂക്ഷിക്കുകയും അവരുടെ കൈകടത്തലുകളെ തടയുകയും ആവശ്യമത്രെ.

x x x

### കാരുണ്യവധത്തെ മാർപ്പാപ്പാ അപലപിക്കുന്നു

കത്തോലിക്കാ ഡോക്ടറന്മാരുടെ അന്തർദ്ദേശീയ കോൺഗ്രസ്സ് ഈയിടെ ഹേഗിൽവച്ചു കൂടുകയുണ്ടായല്ലോ. വിവിധ രാജ്യങ്ങളിൽനിന്നുമായി 600 പ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. പരിശുദ്ധ പിതാവു് അവർക്കായി ഒരു റേഡിയോസന്ദേശം പ്രക്ഷേപണം ചെയ്യുകയുണ്ടായി. മനുഷ്യജീവനെ സ്പർശിക്കുന്ന അതിപ്രധാനങ്ങളായ പല കാര്യങ്ങളും തിരുമേനി അതിൽ പരാമർശിച്ചിരുന്നു. അനശ്വരമായ ഒരാത്മാവിനാൽ 'സജീവമാക്കപ്പെട്ടിട്ടുള്ള ഒരു മനുഷ്യശരീരത്തെ സമീപിക്കുമ്പോൾ ബഹുമാനപൂരിതമായ ഒരാദരമാണു് ഓരോ ഡോക്ടർക്കും ഉണ്ടാകേണ്ടതെന്നുള്ള ആമുഖത്തോടുകൂടിയാണു് അവിടുന്നു പ്രഭാഷണം സമാരംഭിച്ചതു്. തുടർന്നു വൈദ്യനിയമത്തിന്റെ ഉൽപത്തിയേയും, വൈദ്യം നടത്തുന്നവർ സന്മാർഗ്ഗത്തോടും വ്യവസ്ഥാപിതനിയമങ്ങളോടും അനുവർത്തിക്കേണ്ട കടമകളേയും, രാജ്യാന്തരമായ തോതിൽ പരസ്പരം പ്രദർശിപ്പിക്കേണ്ട സഹകരണത്തേയും വിശദീകരിച്ചുകൊണ്ടു പ്രസ്താവിച്ചതിപ്രകാരമാണു്:- ജീവനെ സംബന്ധിച്ചും, ശരീരത്തിന്റെ അന്യൂനമായ പരിരക്ഷണത്തെ സംബന്ധിച്ചും സുരക്ഷിതത്വത്തേയും അപകടങ്ങളിൽനിന്നുള്ള സംരക്ഷണത്തെയും സംബന്ധിച്ചും ഓരോ വ്യക്തിക്കുമുള്ള അവകാശങ്ങൾ മററു മനുഷ്യരിൽനിന്നോ സമുദായത്തിൽനിന്നോ, സ്റ്റേററിൽനിന്നോ സ്റ്റേററുകളുടെ സംഘടനകളിൽനിന്നോ, മറേറതെങ്കിലും രാഷ്ട്രീയാധികാരത്തിൽനിന്നോ ലഭിക്കുന്നതല്ല; പ്രത്യുത സ്രഷ്ടാവായ ദൈവത്തിൽനിന്നു പ്രത്യക്ഷമായി കൈവരുന്നതാണു്. തിരുമനസ്സിലെ മുൻപ്രസ്താവനകളെ അനുസ്മരിച്ചുകൊണ്ടു് വൈദ്യസംബന്ധമായ ഗവേഷണങ്ങളിൽപോലും അവശ്യം പാലിക്കപ്പെടേണ്ട പരിധി നിയമങ്ങളെപ്പററിയും, വൈദ്യശാസ്ത്രത്തിന്റെ ദുരുപയോഗങ്ങൾ ധാർമ്മികനിയമത്താൽ പ്രതിരോധിക്കപ്പെടുന്ന ദൃഷ്ടാന്തങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുകയുണ്ടായി. "യാതൊരു വൈദ്യനിയമത്തിനും ഒരു ഡോക്ടറേയോ രോഗിയേയോ "കാരുണ്യവധ"മെന്നറിയപ്പെടുന്ന വധരീതി അവലംബമാക്കുന്നതിനു അനുവദിക്കാവുന്നതല്ല. യാതൊരു ഡോക്ടർക്കും സ്വന്തകാര്യത്തിലോ മററുള്ളവരുടെ കാര്യത്തിലോ അതു പ്രയോഗിക്കാവുന്നതുമല്ല. ഭ്രൂണനിരാകരണം സംബ

ന്ധിച്ചും ദൈവനീയമങ്ങൾക്കെതിരായ മററെല്ലാ ഔഷധപ്രയോഗങ്ങളെ സംബന്ധിച്ചും ഇതുതന്നെയാണു് നിയമം. ഈ കാര്യങ്ങളിലൊന്നും വൈദ്യനിയമത്തിനു യാതൊരധികാരപ്രസക്തിയുമില്ല. അതനുസരിക്കുവാൻ ഡോക്ടർമാർക്കു കടമയുമില്ല. മാത്രമല്ല, ഏതാദൃശവിഷയങ്ങളിൽ മനഃപ്പൂർവമായ സഹകരണംപോലും മുടക്കപ്പെട്ടിരിക്കുകയാണു്." മാർപ്പാപ്പാ തിരുമനസ്സിലെ ഈ ഉൽബോധനം ഇക്കാലത്തു പ്രത്യേകിച്ചും എല്ലാവരും ഓർത്തിരിക്കേണ്ടതുണ്ടു്. വൈദ്യശാസ്ത്രത്തെ വ്യഭിചരിക്കുന്നതിനും, അതുമായി ബന്ധപ്പെട്ട ധാർമ്മികനിയമങ്ങളെ അവഗണിച്ചു് മനുഷ്യജീവിതം ഭൗതികസുഖാനുഭവത്തിന്റെ ഒരു രംഗം മാത്രമായി രൂപാന്തരപ്പെടുത്തുന്നതിനുള്ള പരിപാടികൾ നടപ്പാക്കുന്നതിനും വെമ്പൽകൊള്ളുന്ന ഒരു കാലമാണിതു്. നിരുപയോഗമായ സാധനങ്ങളെപ്പോലെ വൃദ്ധന്മാരേയും ആതുരന്മാരേയും പുറംതള്ളുന്നതിനും, ജനസംഖ്യാവർദ്ധനവിനെ നേരിടുന്നതിനുള്ള വെപ്രാളത്തിൽ അധാർമ്മികവും അധർമ്മവും മൃഗീയവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഇന്നു എന്തെല്ലാം ദുരുപദേശങ്ങളും ദുഷ്ടമാർഗ്ഗങ്ങളുമാണു് അവലംബിച്ചു പോരുന്നതു്. പരിപാവനമായ വൈദ്യശാസ്ത്രത്തെ കൈകാര്യം ചെയ്യുന്ന ഡോക്ടറന്മാരും മാനവസമുദായത്തിന്റെ സംരക്ഷണഭാരം ഏറെറടുത്തിരിക്കുന്ന സ്റ്റേററുകൾ പോലും എത്രമാത്രം ഇക്കാര്യത്തിൽ വഴിപിഴച്ചുപോയിട്ടുണ്ടെന്നുള്ളതു ചിന്താർഹമാണു്. അതുകൊണ്ടു വിലതീരാത്ത മനുഷ്യജീവിതത്തെക്കൊണ്ടു പന്താടുന്നതിനു ഈശ്വരവിശ്വാസമുള്ള ആരും ഔദ്ധത്യം പ്രദർശിപ്പിക്കാതിരിക്കട്ടെ. സൃഷ്ടിയെ അവഗണിക്കുമ്പോൾ അതിന്റെ സ്രഷ്ടാവിനെ അവഗണിക്കുകയാണു് ചെയ്യുന്നതു്.

* * *

## വി. പത്താം പീയൂസിന്റെ തിരുനാൾ തീയതി

വി. പത്താം പീയൂസിന്റെ തിരുനാൾ തീയതി സംബന്ധിച്ച പല പ്രസിദ്ധീകരണങ്ങളിൽ പല വിധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നു പൊതുജനങ്ങൾക്കു തെററിദ്ധാരണയ്ക്കു കാരണമായിട്ടുണ്ടെന്നറിയുന്നു. വിശുദ്ധനോടുള്ള ഭക്തിക്കു പ്രചുരപ്രചാരം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അതു പല അസൗകര്യങ്ങൾക്കും നിദാനമാകുന്നതുമാണല്ലോ. സെപ്തംബർ 12-ാം തീയതിയിലെ സത്യദീപത്തിന്റെ മുഖചിത്രത്തിനടിയിൽ "സെപ്തംബർ 6-തിരുനാൾ" എന്നു ചേർത്തിരുന്നതു് ഇപ്രകാരം വന്നുകൂടിയ ഒരു പ്രമാദമാണു്. 1955-ൽ മാന്നാനത്തടിച്ച "ആരാധനക്രമം" എന്ന പുസ്തകത്തിൽ ചേർത്തിരിക്കുന്ന "തിരുനാൾ-സെപ്തംബർ 6" എന്നുള്ളതും ഇപ്രകാരം വന്നുകൂടിയ ഒരു പ്രമാദമായിരിക്കണം. 1955-ൽ ബോംബെയിൽ നിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള "Explanation of the Apostleship of Prayer Intentions" എന്ന പുസ്തകത്തിൽ ചേർത്തിരിക്കുന്ന കലണ്ടറിൽ തിരുനാൾ ആഗസ്റ്റ് 20-ാം തീയതിയായിട്ടാണു് കാണിച്ചിരിക്കുന്നതു്. എന്നാൽ തിരുനാൾ തീയതിയെപ്പററിയുള്ള ഔദ്യോഗികമായ നിർണ്ണയം അതു സെപ്തംബർ 3-ാം തീയതി ആചരിക്കണമെന്നാണു്. 1955 ഏപ്രിൽ 22-ാം തീയതിയിലെ "Acta Ap. Sedis" എന്ന പ്രമാണഗ്രന്ഥത്തിൽ (N. 5. pp. 250 seq) കൊടുത്തിട്ടുള്ള സംഗതമായ ഭാഗം താഴെ ചേർക്കുന്നു. അതിൽനിന്നു ശരിയായ തീയതി സെപ്തംബർ 3 ആണെന്നു വ്യക്തമാകുന്നതാണു്.

"Urbis et Orbis. Festus Sancti Pii X Confessorii, ab universa Ecclesia cum Officio et Missa propriis, celebrandum decernitur. Die 3 Septembris S. Pii X Papae et Confessoris... .. In Martyrologio Romano, Die 3 Septembris, Sancti Pii Papae decimi, cujus natalis dies tertio-decimo Kalendas Septembris recensetur...........

"Quare Sanctissimus Dominus Noster Pius Papa XII,....vota libenter accipiens, Sancti Pii X Papae et Confessoris, festum ad universam Ecclesiam extendere benigne dignatus est, die tertia mensis Septembris quotannis... ........recolendum."

### ജപാപ്പസ്തോലസംഖ്യത്തിന്റെ ഒക്ടോബർ മാസത്തിലെ പൊതുനിയോഗം

"കുട്ടികളുടെവിദ്യാഭ്യാസം സംബന്ധിച്ചു് മാതാപിതാക്കന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു്."

### വേദപ്രചാര നിയോഗം

"എല്ലാവിശ്വാസികളുടെയും ഉദാരത വഴിയായി മിഷ്യനുകളുടെ ആധുനികാവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനു്."

### അടുത്തയാഴ്ചയിൽ

ഒക്ടോബർ

4. വ്യാ: വി. ഫ്റാൻസീസ് അസീസി
5. വെ: വി. പ്ലാസിദോസും കൂട്ടരും.
6. ശ: വി. ബ്രൂനോ
7. ഞാ: പന്തക്കുസ്ത 20-ാം ഞായർ. പ. ജപമാലരാജ്ഞി
8. തി: വി. ബ്രിജീത്താ
9. ചൊ: വി. ദിയാനോസിയോസും കൂട്ടരും
10. ബു: വി. ഫ്റാൻസീസ് ബോർജിയാ

# വിവിധവൃത്താന്തങ്ങൾ

## ജപ്പാനിലെ കത്തോലിക്കർ

ഔദ്യോഗികകണക്കുകളനുസരിച്ചു് ജപ്പാനിലെ കത്തോലിക്കരുടെ സംഖ്യ 227,578 ആണു്. ഇതു കഴിഞ്ഞകൊല്ലത്തേക്കാൾ 15,260 കൂടുതലാണു്. ഇപ്പോൾ 17,588 പേർ മതകാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നുണ്ടു്. 400 ഏതദ്ദേശീയരുൾപ്പെടെ 1439 വൈദികരും 208 ഏതദ്ദേശീയരുൾപ്പെടെ 376 സഹോദരന്മാരുമുണ്ടു്. മേജർസെമ്മിനാരിയിലെ 515 വിദ്യാർത്ഥികളിൽ 96 പേർ വിദേശികളും 178 പേർ ഏതദ്ദേശീയസന്യാസസഭകളിൽപ്പെട്ടവരും ബാക്കി ഇടവകപ്പട്ടത്തിനു പഠിക്കുന്നവരുമാകുന്നു. ഇതിനും പുറമെ 481 പേർ മൈനർസെമ്മിനാരികളിൽ പഠിക്കുന്നുണ്ടു്. 2729 ഏതദ്ദേശീയരുൾപ്പെടെ 3713 സന്യാസിനികളും 1512 സന്യാസാർത്ഥിനികളും ഉണ്ടായിരിക്കുന്നു. നാഗസാക്കിരൂപതയിൽ 73235-ം, ടോക്കിയോരൂപതയിൽ 29,540-ം കത്തോലിക്കരാണുള്ളതു്. ജപ്പാനിലെ ജനസംഖ്യ 9 കോടിയാണു്.

## കമ്മ്യൂണിസ്റ്റുകാരൻ ലൂർദ്ദിലേക്കു്

ഇററലിയിൽ നീസിലെ ഒരു ഇലക്ട്രിക്കൽജോലിക്കാരനും പഴകിയ കമ്മ്യൂണിസ്റ്റുകാരനും, പ്രാദേശികകമ്മ്യൂണിസ്റ്റു് സെല്ലിന്റെ ഖജാൻജിയുമായ ലൂയിസ് ഒലിവാരി ഈയിടെ ലൂർദ്ദിലേക്കു ഒരു തീർത്ഥയാത്രകഴിച്ചു. ഇതു സ്വമനസ്സാ നിർവ്വഹിച്ചതായിരുന്നില്ല. കഴിഞ്ഞ ഏപ്രിൽമാസത്തിൽ കോവണിയിൽനിന്നുണ്ടായ ഒരു വീഴ്ചയെത്തുടർന്നു ആയാളുടെ വലതുവശം തളർന്നുപോയി. മൂന്നുമാസത്തെ പലവിധ ചികിത്സകൾക്കുശേഷം, രോഗശാന്തി അസാദ്ധ്യമെന്നുകണ്ടു് ഡോക്ടർമാർ കൈയൊഴിഞ്ഞു. അപ്പോഴാണു ലൂർദ്ദിലേക്കു പോകുവാനുള്ള നിർദ്ദേശമുണ്ടായതു്. ഒരു നിരീശ്വരനായ അയാൾ അതിനെ പരിഹസിക്കുകയാണു ചെയ്തതു്. പക്ഷെ കുടുംബാംഗങ്ങളുടെ നിർബന്ധത്തിനു ഒടുവിൽ ആയാൾ വഴിപ്പെട്ടു. ലൂർദ്ദിൽവെച്ചു 10 വയസ്സുള്ള ഒരു അന്ധബാലനുമായി ആയാൾ സ്നേഹത്തിലായി

## രോഗവും നിരീശ്വരത്വവും ശമിച്ചു

ആ അന്ധബാലന്റെ രോഗശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് ഒലിവേരി ലൂർദുവെള്ളത്തിൽ മുങ്ങി. വെള്ളത്തിൽനിന്നു കരയ്ക്കുകയറിയപ്പോൾ കൈകാലുകൾക്കു സ്വാധീനത തിരിച്ചുകിട്ടിയതായി അയാൾക്കു ബോദ്ധ്യപ്പെട്ടു. ഡോക്ടർമാരുടെ പരിശോധനയിൽ തളർവാതത്തിന്റെ യാതൊരു ലാഞ്ഛനയും ആയാളിൽ കാണപ്പെട്ടില്ല. എന്നാലും ഇതൊരു അത്ഭുതരോഗശാന്തിയായി പരിഗണിക്കപ്പെടുന്നില്ല. രോഗശാന്തിക്കുശേഷം കമ്മ്യൂണിസ്റ്റു സുഹൃത്തുക്കൾ ആയാളെ വളരെയധികം ശല്യപ്പെടുത്തിയതുകൊണ്ടു് ആയാൾക്കു തന്റെ ജോലി ഉപേക്ഷിച്ചു വേറൊന്നു സ്വീകരിക്കേണ്ടിവന്നു. താൻ ഇപ്പോൾ ഒരു നിരീശ്വരനല്ലെന്നു അദ്ദേഹം അഭിമാനിക്കുന്നു.

For favours received




Excuse delay
P. M. R., Kayamkulam

## ജപാപ്പസ്തോലസഖ്യം

ജപാപ്പസ്തോലസഖ്യത്തിന്റെ ഒരു പ്രത്യേക സർവ്വരാജ്യകോൺഗ്രസ് സെപ്തംബർ 20 മുതൽ 28 വരെ തീയതികളിൽ റോമയിൽ വെച്ചു നടത്തപ്പെട്ടിരിക്കുന്നു. 60 രാജ്യങ്ങളിൽനിന്നുള്ള ജപാപ്പസ്തോലസഖ്യപ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു. ഇതിനുമുൻപിലത്തെ കോൺഗ്രസ് 1948 ലായിരുന്നു. തിരുഹൃദയത്തിരുനാൾ ഒരു സാർവ്വത്രികതിരുനാളാക്കിയതിന്റെ ശതാബ്ദപൂർത്തി ഇക്കൊല്ലമായതുകൊണ്ടു് ഈ പ്രത്യേകകോൺഗ്രസ് പ്രാധാന്യമർഹിക്കുന്നു. ഓരോ രാജ്യത്തിലേയും നാഷനൽസിക്രട്ടറിമാരും തിരുഹൃദയദൂതൻമാസികയുടെ പത്രാധിപർമാരും ഈ കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. "അപ്പസ്തോലസഖ്യവും ആത്മാക്കളെടെ ഇടയനടുത്ത ശ്രദ്ധയും" എന്നതായിരുന്നു കോൺഗ്രസിലെ ചർച്ചാവിഷയം.


## തൊഴിലാളിയൂണിയൻ കേന്ദ്രആഫീസ് കെട്ടിടങ്ങൾ

അമേരിക്കയിലെ തൊഴിലാളിപ്രസ്ഥാനങ്ങളുടെ വർദ്ധമാനമായ ശക്തിയും പുരോഗതിയും എത്രമാത്രമെന്നു് അവയുടെ ആഫീസുകെട്ടിടങ്ങളിൽനിന്നുതന്നെ മനസ്സിലാക്കാം. നാലു സൗധങ്ങൾ പണിപൂർത്തിയായിക്കഴിഞ്ഞു. രണ്ടെണ്ണം പണിതുകൊണ്ടിരിക്കുകയാണു്. ഈ ആഫീസുകെട്ടിടങ്ങൾ വാഷിംഗ്ടണിൽ ഗവമ്മെൻറു് ആഫീസുകെട്ടിടങ്ങളുടെ സമീപത്തായിട്ടാണു്. മററു അമേരിക്കൻനഗരങ്ങളിൽ കേന്ദ്രആഫീസുകളുള്ള യൂണിയനുകൾ ബ്രാഞ്ചു് ആഫീസുകൾ വാഷിംഗ്ടണിൽ തുറന്നിട്ടുണ്ടു്. അമേരിക്കൻകോൺഗ്രസിന്റെ നിയമനിർമ്മാണവകുപ്പുകളുമായി കൂടുതൽ അടുത്ത സമ്പർക്കം പുലർത്തുവാനാണു് ഇങ്ങനെ ചെയ്തിരിക്കുന്നതു്.




ഇടത്തേതു്: ഇൻറർനാഷനൽ അസോസ്യേഷൻ ഓഫ് മെഷീനിസ്റ്റ്സ് എന്ന യൂണിയന്റെ പത്തുനിലയിലുള്ള ആഫീസുകെട്ടിടം. മാർബിളും ഇളംചുവപ്പുകരിങ്കല്ലുംകൊണ്ടു നിർമ്മിച്ച ഇതിനു 10 ലക്ഷം ഡോളർ തറവിലയും, 25 ലക്ഷം ഡോളർ നിർമ്മാണച്ചെലവുമായി. സംഘടനയ്ക്കു 360,000 അംഗങ്ങളുണ്ടു്.

വലത്തേതു്: ഇൻറർനാഷനൽ യൂണിയൻ ഓഫ് ഇലക്ട്രിക്കൽ വർക്കേഴ്സിന്റെ തലസ്ഥാനമായ ഫിലിപ്പുമുറേ കെട്ടിടം. (ഫിലിപ്പ് മുറേ മുൻ സി. ഐ. ഒ. പ്രസിഡണ്ടായിരുന്നു.) തറവില ഉൾപ്പെടെ 7.5 ലക്ഷം ഡോളർ ചെലവായി. ഇതിനു 860,000 അംഗങ്ങളുണ്ടു്.



ഇൻറർനാഷനൽ ബ്രദർ ഹുഡ് ഓഫ് ടീംസ്റ്റേഴ്സിന്റെ കേന്ദ്രാലയത്തിനാണു് ഏററവും കൂടുതൽ പണച്ചെലവായിട്ടുള്ളതു്. വെളുത്ത ജോർജ്ജിയാ മാർബിൾകൊണ്ടു നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടത്തിനുതന്നെ 50 ലക്ഷം ഡോളറായി. ഈ കെട്ടിടത്തിലെ പ്രസിഡൻറിന്റെ മുറിയിലുള്ള ജനലിൽക്കൂടി നോക്കിയാൽ അമേരിക്കൻ സെക്രട്ടറിയേററു് (വലത്തെ ചിത്രം) കാണാം. ഈ യൂണിയനു് 13,50,000 അംഗങ്ങളുണ്ടു്.



അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ-കോൺഗ്രസ് ഓഫ് ഇൻഡസ്ട്രിയൽ ഓർഗനൈസേഷൻസിന്റെ കേന്ദ്രആഫീസാണു് ഈ 8 നിലക്കെട്ടിടം. തറവില ഉൾപ്പെടെ 35 ലക്ഷം ഡോളറായി. ഏഴാംനിലയിലെ കോൺഫറൻസുഹാളിലുള്ള ജനലിൽക്കൂടി നോക്കിയാൽ പ്രസിഡണ്ടിന്റെ വസതിയായ വൈററ് "ഹൗസ്" (വലത്തെ ചിത്രം) കാണാം. ഈ തൊഴിലാളിസംഘടനയ്ക്കു 160 ലക്ഷം അംഗങ്ങളുണ്ടു്.

## 5 പാപ്പാമാരെ സേവിച്ചു

പേപ്പൽകൊട്ടാരത്തിലെ ഒരു അന്തേവാസിയും അഞ്ചു മാർപ്പാപ്പാമാരെ സേവിച്ചിട്ടുള്ളയാളും, പേപ്പൽസിംഹാസനവാഹികളിൽ ഒരാളുമായിരുന്ന ഷെവലിയർ കോൺസ്റ്റാൻറിനോ സ്ട്രീനി

ഈയിടെ നിര്യാതനായിരിക്കുന്നു. ഒരു ലൈബ്രേറിയനും പത്രാധിപരുംകൂടിയായിരുന്ന അദ്ദേഹം 1899 ലാണു പേപ്പൽസർവ്വീസിൽ പ്രവേശിച്ചതു്. തിരുസിംഹാസനത്തെ സേവിച്ചിട്ടുള്ള പ്രശസ്ത പാരമ്പര്യത്തോടുകൂടിയ ഒരു കുലീനകുടുംബത്തിലെ അംഗമാണദ്ദേഹം. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാർ, കുടുംബപാരമ്പര്യം പുലർത്തിക്കൊണ്ടു് ഇപ്പോൾ വത്തിക്കാൻസർവ്വീസിലുണ്ടു്.

## ചെറുപുഷ്പത്തിന്റെ ആത്മകഥ

ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മകഥ—ഒരു ആത്മാവിന്റെ ചരിത്രം (മലയാളത്തിൽ നവമാലിക)—ലോകത്തിലെ 38 ഭാഷകളിൽ ഇതിനകം പരിഭാഷപ്പെടുത്തിയിട്ടുള്ളതും കോടിക്കണക്കിനു പ്രതികൾ പ്രചരിച്ചിട്ടുള്ളതുമാണു്. എന്നാൽ ലിസ്യൂമഠത്തിന്റെ അധിപയായിരുന്ന മദർ മേരി ഡി ഗോൺസാഗ എഡിററുചെയ്ത രൂപത്തിലാണു് അതു് ഇതേവരെ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതു്. ഇപ്പോൾ മൂലം യഥാരൂപത്തിൽ പ്രസിദ്ധീകൃതമായിരിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ കൈയക്ഷരത്തിലുള്ള കൃതിയുടെ ഒരു ഫോട്ടോപ്രതിയും പ്രസിദ്ധീകൃതമായിരിക്കുന്നു. മൂലഗ്രന്ഥത്തിനു മൂന്നു ഭാഗങ്ങളാണുള്ളതു്. ഇപ്പോൾ ഇതു പ്രസാധനംചെയ്തിരിക്കുന്നതു കർമ്മലീത്താവൈദികനായ ഫാദർ ഫ്റാൻസിസ് 120 പേജുവരുന്ന ഒരു മുഖവുരയും എഴുതിച്ചേർത്തിട്ടുണ്ടു്.

## നാവികാപ്പസ്തോലസഖ്യം

നാവികാപ്പസ്തോലസഖ്യത്തിലെ അംഗങ്ങളും ലിവർപ്പൂളിലെ അററ്ലാൻറിക്ക്ഹൗസിൽനിന്നുള്ളവരുമായ ഏതാനുംപേർ ഈയിടെ തന്നെ സന്ദർശിച്ചപ്പോൾ, നാവികന്മാർക്കായി അവർ ചെയ്യുന്ന സേവനങ്ങളെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. തുറമുഖങ്ങളിൽ എത്തിച്ചേരുന്ന നാവികന്മാർ സഹായത്തിനു നാവികാപ്പസ്തോലസഖ്യത്തെ ആശ്രയിച്ചുകാണുന്നതിൽ തനിക്കുള്ള സന്തോഷത്തെ തിരുമേനി പ്രകടമാക്കി. സഖ്യത്തിനു 17 രാജ്യങ്ങളിലായി 80 കേന്ദ്രങ്ങളുണ്ടു്. നാവികർക്കു് ആദ്ധ്യാത്മികവും സാമൂഹ്യവുമായ സേവനങ്ങൾ ചെയ്യുന്നതിൽ സഖ്യം വ്യാപൃതമായിരിക്കുന്നു.

## വിദേശവാർത്തകൾ

അമേരിക്കയിൽനിന്നു ഇദംപ്രഥമമായി വിശുദ്ധയെന്നു പേരുവിളിക്കപ്പെട്ട ലിമായിലെ വിശുദ്ധ റോസായുടെ നാമത്തിൽ, അവരുടെ ജന്മസ്ഥലത്തു് ഒരു ബസ്ലിക്കാ പണികഴിപ്പിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഒരു സ്പാനിഷ് പടയാളിയുടെ പുത്രിയും, ഡൊമിനിക്കൻസന്യാസിനിയുമായിരുന്ന റോസാ 1617-ൽ മരിക്കുകയും 1672-ൽ വിശുദ്ധയെന്നു പേരുവിളിക്കപ്പെടുകയുംചെയ്തു.

—ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി തെക്കേ അമേരിക്കയിലെ പരാഗ്വേയിൽ ഈ വത്സരത്തെ ഒരു പൗരോഹിത്യവത്സരമായി ആചരിക്കുന്നതിനു മെത്രാന്മാർ തീരുമാനിച്ചിരിക്കുന്നു. 15 ലക്ഷം കത്തോലിക്കരുള്ള ആ രാജ്യത്തിൽ 123 സന്യാസവൈദികരും 111 ഇടവകവൈദികരുമാണു് ഇപ്പോഴുള്ളതു്.

—ബൊളോഞ്ഞായിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ലെർക്കാരോ വൈദികരുടെ അടുത്ത ബന്ധുക്കൾക്കും അവരെ സഹായിച്ചിട്ടുള്ളവർക്കുമായി ഒരു വിശ്രമമന്ദിരം ഏർപ്പെടുത്തിയിരിക്കുന്നു. 72 പേർക്കു താമസിക്കുന്നതിനുള്ള സൗകര്യം ഇതിനുണ്ടായിരിക്കുന്നു.



സെപ്ററംബർ 27-ാംതീയതി എറണാകുളം അതിമെത്രാസന അരമനയിൽ സമ്മേളിച്ച കേരളീയസുറിയാനി റീത്തിലും മലങ്കരസുറിയാനി റീത്തിലുംപെട്ട വൈദികമേലദ്ധ്യക്ഷന്മാർ

—ഒക്ടോബർ 7-ാം തീയതി വിശുദ്ധനെന്നു നാമകരണംചെയ്യപ്പെടുന്ന പതിനൊന്നാം ഇന്നസെൻറു് മാർപ്പാപ്പായുടെ ജന്മദേശമായ കോമോയിലെ ഭദ്രാസനദേവാലയത്തോടു അനുബന്ധിച്ചുള്ള എല്ലാ വൈദികരേയും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പേപ്പൽ ചേംബർലെയിൻമാരായി നിയമിച്ചിരിക്കുന്നു.

—അർജൻറീനായിലെ മുൻപിലത്തെ പെറോൺഗവർമ്മെൻറു കണ്ടുകെട്ടിയിരുന്ന എൽ പബ്ലോ എന്ന കത്തോലിക്കാ ദിനപ്പത്രം ഒക്ടോബർ 3-ാം തീയതിമുതൽ പുനഃപ്രസിദ്ധീകരണമാരംഭിക്കുന്നതാണു്.

—ഒരു സുപ്രസിദ്ധ ഡച്ചുസാഹിത്യകാരനും, കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടിട്ടുള്ളയാളുമായ പീററർ വാൻ ഡെർ മീർ ഡി വാൾച്ചേറൻ 75-ാമത്തെ വയസ്സിൽ അടുത്ത ഡിസമ്പർമാസത്തിൽ വൈദികപട്ടം സ്വീകരിക്കുന്നതാണു്. അദ്ദേഹത്തിന്റെ ഭാര്യയുടെ മരണത്തെത്തുടർന്നു് അദ്ദേഹം കഴിഞ്ഞകൊല്ലം ബെനഡിക്ടയിൻ സന്യാസസഭയിൽ ചേരുകയാണുണ്ടായതു്.

## ഇടവകവാർത്തകൾ

**ഇളംതോട്ടം:** ലീജിയൻ പ്രസീഡിയങ്ങളുടെ സെപ്തംബർസമ്മേളനം 23-ാംനു- റവ ബ്രദർ വി ജെ തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ഫാദർ അഗസ്റ്റിൻ നടയത്തു് സ്വാഗതമാശംസിച്ചു. ബ്രദർ ടി സി തോമസ്, ബ്രദർ ചാണ്ടി ചാക്കൊ, സി: കെ ഇ അന്നക്കുട്ടി, സി: എം എം മേരി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികളുമുണ്ടായിരുന്നു.

**ചേറാനല്ലൂർ:** സെപ്തംബർ 24-ാംനു- റവ ഫാദർ കുര്യാക്കോസ് മാഞ്ഞാലി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ശ്രീ ഒ കെ ജോസഫിന്റെ ഉടമസ്ഥതയിൽ ഉച്ചഭാഷിണി മുതലായ ഉപകരണങ്ങളോടുകൂടി സ്ഥലത്തു ആരംഭിച്ചിരിക്കുന്ന ഡി ബി സൗണ്ടു്സർവീസിന്റെ ഉൽഘാടനം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

**മുല്ലശ്ശേരി:** സ്ഥലം പള്ളിയിലെ വിവിധസംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കാനായി ശ്രീ പി എം ദേവസ്സിക്കുട്ടി ബി എ എൽ ടി അവർകളുടെ അദ്ധ്യക്ഷതയിൽ പള്ളിമൈതാനിയിൽചേന്നു. മെ: ടി ഡി വർഗ്ഗീസ്, തോമസ് പാറന്നൂർ എന്നിവർ പ്രസംഗിച്ചു. തുടന്നു പ്രതിഷേധപ്രമേയം ജേക്കബ്ബ് കെ എടക്കളത്തൂർ അവതരിപ്പിച്ചു് ഏകയോഗമായി പാസ്സാക്കി.

**തെന്നത്തൂർ:** ബൽജിയത്തിലെ സുപ്രസിദ്ധ ലൂവെയിൻ കലാലയത്തിൽ ഉപരിപഠനം നടത്തുന്നതിനു് പുറപ്പെടുന്ന ശ്രീ പി ടി ചാക്കോയെ യാത്രഅയക്കുന്നതിനു റവ ഫാദർ സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സെപ്തം: 23-ാംനു-




ഒരു യോഗംചേന്നു. മെ: ജോസഫ് ജോൺ തലയ്ക്കൽ, വി ജയിംസ്, ടി പി ജോസ്, ടി എം തോമസ്, ടി ജെ ഫെലിപ്പ് എന്നിവർ പ്രസംഗിച്ചു.

**ആലുവാ:** ശ്രീ ജോസഫ് കൈമാപറമ്പൻ അവർകളുടെ കഥാപ്രസംഗങ്ങൾ തിരുക്കൊച്ചിയിലെ എല്ലാ എൻ ഇ എസ് ബ്ലോക്കുകളിലും നടത്തുന്നതിനു തിരുക്കൊച്ചിഗവമ്മെൻറു് ഡിസ്ട്രിക്ടു് കലക്ടറന്മാർക്കും ബ്ലോക്കു് ഡെവലപ്പ്മെൻറു് ആഫീസറന്മാർക്കും ഉത്തരവുനൽകിയിരിക്കുന്നതായറിയുന്നു. കലയുടെ സഹായത്തിൽ പഞ്ചവത്സരപദ്ധതികളെപ്പററി പൊതുജനങ്ങൾക്കറിവു നൽകുകയാണു് പരിപാടിയുടെ ഉദ്ദേശ്യം.

**കാവാലം:** സ്ഥലം ലീജിയൻ ശാഖയുടെ ആഭിമുഖ്യത്തിൽ സൈന്യശാഖകളുടേയും സഹായാംഗങ്ങളുടേയും ഒരു സംയുക്തസമ്മേളനം സെപ്തം: 23-ാംനു- പകൽ മൂന്നുമണിക്കു് ലിററിൽഫ്ളവർ സ്കൂൾഹാളിൽ റവ ഫാദർ ജോർജ്ജ് മണലേൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ ജോൺ മാത്യു വള്ളിക്കാട്ടു്, മിസ് മേരി ജോസഫ് കന്നിക, മിസ്സസ് അന്നമ്മ ജോസഫ് നിലവൂത്തറ ആദിയായവർ പ്രസംഗിക്കുകയും കുട്ടികൾ വിവിധകലാപ്രകടനങ്ങൾ നടത്തുകയുമുണ്ടായി.

**ചങ്ങനാശ്ശേരി:** ചങ്ങനാശ്ശേരിരൂപതയെ അതിരൂപതയാക്കി ഉയത്തുകയും ബിഷപ്പു് ഡോ: മാത്യു കാവുകാട്ടു് തിരുമേനിയെ ആർച്ചുബിഷപ്പായി കല്പിച്ചുനിയമിക്കുകയും ചെയ്തതിൽ തിരുസിംഹാസനത്തോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിനും, തിരുമേനിയെ അനുമോദിക്കുന്നതിനുംവേണ്ടി ചങ്ങനാശ്ശേരി കത്തീഡ്രൽഇടവകക്കാരുടെ ഒരു പൊതുയോഗം സെപ്തം: 23-ാംനു- രാവിലെ 8 മണിക്കു് കത്തീഡ്രലിനോടനുബന്ധിച്ചു നിർമ്മിച്ചിട്ടുള്ള ഗ്രോട്ടോയിൽവച്ചുകൂടി. തിരുമേനിക്കു ഇടവകക്കാരുടെ വകയായി ഒരു സ്വർണ്ണക്കുരിശും മാലയും ഒരു മുക്കോണൻ സ്ഥാനത്തൊപ്പിയും സമ്മാനിക്കപ്പെടുകയുംചെയ്തു.

**ചുള്ളിക്കൽ:** സ്ഥലത്തെ മരിയസഖ്യശാഖകളുടെ ആഭിമുഖ്യത്തിൽ, സ്ഥലം സ്കൂൾഹാളിൽ സെപ്തം: 27-ാംനു- ഒരു പൊതുയോഗം ചേരുകയുണ്ടായി. യോഗത്തിൽ റവ ഫാദർ സേവ്യർ പള്ളത്തുംപറമ്പൻ അദ്ധ്യക്ഷതവഹിച്ചു. ശ്രീമാന്മാർ പി ടി ജോസ്, സി എ ജോസഫ്, മാത്യു ഇടമററം എന്നിവരും, ശ്രീമതി ക്രിസ്റ്റീന ജോർജ്ജ് ബി എ യും ലഘുപ്രസംഗങ്ങൾ നടത്തി. റവ ഫാദർ മാത്യു കോതകത്തിന്റെ നാമകാരണത്തിരുനാൾപ്രമാണിച്ചു് മരിയസഖ്യങ്ങളുടേയും അൾത്താരകുട്ടികളുടേയും മംഗളാശംസാപത്രങ്ങളും ജ്ഞാനപുഷ്പമഞ്ജരികളും സമപ്പിച്ചു. യോഗത്തോടനുബന്ധിച്ചു് മരിയസഖ്യാംഗങ്ങൾ അവതരിപ്പിച്ച "മരണക്കുറി"യെന്ന ലഘുനാടകവും, ശ്രീ കെ എ ജോർജ് ആൻറു് പാർട്ടിയുടേയും സെൻറു് സിസീലിയൻ ക്വയറി (ചുള്ളിക്കൽ) ൻേറയും ഗാനമേളയുമുണ്ടായിരുന്നു. കൂടാതെ ഏലിയാമ്മ തോമസ്, മോളി തോമസ് എന്നീ കൊച്ചുബാലികമാരുടെ നൃത്തപ്രകടനങ്ങൾ സദസ്യരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു അർഹമാകുകയുണ്ടായി.

**മലപ്പുറം:** സ്ഥലത്തെ സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒസ്സാനാംദിനം സെപ്തം: 23-ാംനു- കൊണ്ടാടി. മി സി ജെ തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. മി ജോസഫ് മൂത്തേടത്തു പ്രസംഗിച്ചു. നിയോഗിറിപ്പോർട്ടിനെ പ്രതിഷേധിച്ചു്, ബ്രദർ ജോസഫ് കമ്മാത്തുരുത്തേൽ അവതരിപ്പിച്ചു പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## തിരുക്കൊച്ചിവാർത്തകൾ

കോട്ടയം എറണാകുളം ലൈനിൽ ആദ്യത്തെ തീവണ്ടി സെപ്തംബർ 22-ാം തീയതി രാത്രി എറണാകുളത്തു നിന്നു കോട്ടയത്തെത്തി. ഈ തീവണ്ടിലൈനിന്റെ ഉൽഘാടനം ഒക്ടോബർ 17-ാം തീയതി ലാൽ ബഹദൂർ ശാസ്ത്രി നിർവഹിക്കുന്നതാണു്.

—കയർ ബോർഡ് വൈസ് ചെയർമനായി ശ്രീ ആർ. കൃഷ്ണയ്യരെ തിരഞ്ഞെടുത്തിരിക്കുന്നു.

—കേരളത്തിൽ ഒരു പുതിയ പോസ്റ്റ് ആൻഡ് ടെലിഗ്രാഫ് സർക്കിൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകളെപ്പററി ആരായുന്നതിനായി പോസ്റ്റ് ആൻഡ് ടെലിഗ്രാഫ് ഡയറക്ടർ ജനറൽ ശ്രീ എം. എം ഫിലിപ്പ് കഴിഞ്ഞ ആഴ്ച തിരു-കൊച്ചി സന്ദർശിച്ചിരിക്കുന്നു.

—കേരള സ്റ്റേററിലെ ചീഫ് സിക്രട്ടറിയായി ശ്രീ എൻ. ഇ. എസ്. രാഘവാചാരിയെ നിയമിച്ചിരിക്കുന്നു. വേറെയും 14 വകുപ്പദ്ധ്യക്ഷന്മാരുടെ നിയമനങ്ങൾ നടന്നിട്ടുണ്ടു്.

—കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ കെ. എൻ. കട്ജു കൊച്ചിയിലെത്തി അവിടത്തെ നാവികത്താവളം സന്ദർശിച്ചിരിക്കുന്നു. അദ്ദേഹം എറണാകുളം, ആലുവാ, പറവൂർ, പെരുമ്പാവൂർ, തിരുവനന്തപുരം മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രസംഗിക്കുകയും ചെയ്തു.

—തിരു-കൊച്ചി കൈവശവസ്തു ഒഴിപ്പിക്കൽ നടപടി നിത്തിവെക്കൽ നിയമത്തിന്റെ കാലാവധി സെപ്തംബർ 25 മുതൽ ഒരു കൊല്ലത്തേക്കു കൂടി നീട്ടിക്കൊണ്ടുള്ള ബില്ലിനു് പ്രസിഡൻറിന്റെ അനുമതി ലഭിച്ചിരിക്കുന്നു.

—ബൽജിയം സ്വദേശിയും ലൂവെയിൻ സർവകലാശാലാ പ്രൊഫ്സറും ഒരു പ്രശസ്ത മനശ്ശാസ്ത്രപണ്ഡിതനുമായ ഫാദർ ക്ലെയ്മൻഡ് എസ്. ജെ. എറണാകുളം ന്യൂമൻ അസോസ്യേഷനിൽവെച്ചു, സാമൂഹ്യപ്രവത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ ഉദ്ബോധിപ്പിച്ചുകൊണ്ടു ഒരു പ്രസംഗം ചെയ്തിരിക്കുന്നു.

—കൊല്ലം തോട്ടിൽ ഇരുമ്പുപാലത്തിന്റെ സ്ഥാനത്തു പുതുതായി പണി കഴിപ്പിച്ചിരിക്കുന്ന കോൺക്രീററുപാലം അഡ്വൈസർ ഉൽഘാടനം ചെയ്തിരിക്കുന്നു. 120 അടി നീളവും 22 അടി വീതിയുമുള്ള ഈ പാലത്തിനു 270000 ക. ചെലവായി.

—കേരളത്തിലെ കത്തോലിക്കവൈദികമേലദ്ധ്യക്ഷന്മാരുടെ വാർഷികസമ്മേളനം കഴിഞ്ഞ വ്യാഴാഴ്ച രാവിലെ വരാപ്പുഴ മെത്രാപ്പോലീത്ത തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ലത്തീൻ റീത്തിൽപെട്ട വൈദികമേലദ്ധ്യക്ഷന്മാരുടെ സമ്മേളനം തലേദിവസം വൈകിട്ടും, സുറിയാനി റീത്തിൽപെട്ട വൈദികമേലദ്ധ്യക്ഷന്മാരുടെ സമ്മേളനം വ്യാഴാഴ്ച ഉച്ചകഴിഞ്ഞും തനിച്ചു നടന്നു.

—കരിയാററി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്നു കൊണ്ടുവരുമ്പോൾ തിരുമനസ്സിലെ സ്വദേശമായ ആലങ്ങാട്ടു സ്ഥാപിക്കേണ്ടതാണെന്നു് സുറിയാനി വൈദികമേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ തീരുമാനിച്ചിരിക്കുന്നു.

—94,382 ക. ചെലവുവരുന്ന കരിമ്പുകൃഷി വികസന പരിപാടി പമ്പാ ഫാക്ടറി മേഖലയിലേക്കു കേന്ദ്രഗവമ്മെൻറു് അംഗീകരിച്ചിരിക്കുന്നു.

—തിരു-കൊച്ചി ഫൈനൽ വോട്ടേഴ്സ്ലിസ്റ്റു് ഒക്ടോബർ 15-ാം തീയതിക്കു പ്രസിദ്ധം ചെയ്യുന്നതാണു്.

—കസ്റ്റംസ് വകുപ്പിന്റെ കൊച്ചിയിലെ പുതിയ അഡ്മിനിസ്ട്രേററീവ് ഓഫീസ് കേന്ദ്ര റവന്യൂ-രാജ്യരക്ഷാ മന്ത്രി ശ്രീ അരുൺചന്ദ്രഗുഹ ഉൽഘാടനം ചെയ്തിരിക്കുന്നു.

—o—



വിമർശനപംക്തി

# ലൂർദ്ദിലെ അൽഭുതം

1. മിസ്സസ് രൂത്തു് ക്രാൻസ്റ്റൺ എന്ന പ്രോട്ടസ്റ്റൻറു് വനിത എഴുതിയതും ലണ്ടനിലെ ഇവാൻസ് ബ്രദേഴ്സ് കമ്പനിക്കാർ പ്രസാധനം ചെയ്തതുമായ ലൂർദ്ദിൻെറ രഹസ്യം (The Mystery of Lourdes) എന്ന ഗ്രന്ഥത്തിൻെറ ഒരു സംഗ്രഹമാണ് 1956 ജനുവരിമാസത്തിലെ റീഡേഴ്സ് ഡൈജസ്റ്റ് എന്ന അകത്തോലിക്കാമാസിക പ്രസിദ്ധം ചെയ്തിരുന്നതു്. ഡൈജസ്റ്റിലെ ആ ലേഖനത്തെ ആധാരമാക്കി പി. കെ. ഉണ്ണിക്കൃഷ്ണൻ എന്നൊരു ഹൈന്ദവസാഹിത്യകാരൻ എഴുതിയ പ്രബന്ധം 1956 ഏപ്രിൽ 1-ാം തീയതിയിലെ മാതൃഭൂമി "ലൂർദ്ദിലെ അത്ഭുതസിദ്ധികളുള്ള നീരുറവ ശാസ്ത്രലോകത്തെ അമ്പരപ്പിക്കുന്നു" എന്ന പേരിൽ പ്രസിദ്ധംചെയ്തിരുന്നു. അങ്ങനെ ലൂർദ്ദിലെ ആ കത്തോലിക്കാ തീർത്ഥസങ്കേതത്തെപ്പററി ഇംഗ്ലീഷിലും മലയാളത്തിലും എഴുതുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തവർ ആരും കത്തോലിക്കരായിരിക്കുന്നില്ല.

"ലൂർദ്ദിൽ ഒരു നീരുറവുണ്ടു്. രോഗശമനത്തിനുള്ള അതിൻെറ അത്ഭുതാവഹമായ കഴിവുകൾ—നവീനശാസ്ത്രത്തിനു പിടികിട്ടാത്ത പല സുഖക്കേടുകളും ലൂർദ്ദിൽവച്ചു ഭേദമാക്കപ്പെടുന്നു—ആ കൊച്ചു ഫ്റഞ്ചുനഗരത്തെ ഒരു തീർത്ഥാടനകേന്ദ്രമാക്കി മാററിയിരിക്കുന്നു ...ലൂർദ്ദിലെ പുണ്യതീർത്ഥത്തിൽ സ്നാനംചെയ്തുകൊണ്ടുമാത്രം പലരുടേയും മഹാരോഗങ്ങൾ പറെറ മാറിയതായി കാണുന്നു. ശാസ്ത്രലോകത്തിനു ഈ അത്ഭുതത്തിനു് ഒരു വിശദീകരണം നൽകുവാൻ ഇനിയും സാധിച്ചിട്ടില്ല." എന്നു മാതൃഭൂമി അതിലെ ലേഖനത്തിനു ആമുഖമായി പ്രസ്താവിച്ചിരുന്നു. "പ്രസിദ്ധിയും പ്രചാരവുമുള്ള പത്രങ്ങൾ ഈ ഹൈഡ്റജൻബോംബുയുഗത്തിൽ ഈവിധ വിവേകഹീനതകൾ ലജ്ജയില്ലാതെ പ്രസിദ്ധംചെയ്യുന്നതു കാണുമ്പോൾ വ്യസനം മാത്രമല്ല അനുതാപവും തോന്നിപ്പോകുന്ന"തായി പേരില്ലാത്ത "സുപ്രസിദ്ധനായ ഒരു മാന്യൻ" ഈ പ്രബന്ധം കണ്ടപ്പോൾ "യുക്തിവാദി"ക്കെഴുതി.

ആ എഴുത്തിനു സമാധാനമായി യുക്തിവാദി ലജ്ജയോടുകൂടിത്തന്നെ അതിൻെറ ഇടവം ലക്കത്തിൽ എഴുതിയ "കുറിപ്പി"ൻെറ ഉള്ളുകള്ളികളാണു് കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ നാം പരിശോധിച്ചതു്. ഈ ഹൈഡ്റജൻ ബോംബുയുഗത്തിലും യുക്തിവാദി എത്രമാത്രം അന്ധവിശ്വാസങ്ങളിലാണു കഴിയുന്നതെന്നും, അതിനെ ന്യായീകരിക്കുവാൻ എന്തുമാത്രം അസത്യങ്ങളും അസംബന്ധങ്ങളുമാണു് എടുത്തു വിളമ്പിയിരിക്കുന്നതെന്നും ഇതിനുമുൻപുള്ള ലേഖനങ്ങളിൽ നാം കണ്ടുകഴിഞ്ഞു. "യുക്തിവാദി"യുടെ ഈ അപഥസഞ്ചാരവും വക്രഗതിയും കാണുമ്പോൾ വ്യസനവും അനുതാപവുമല്ലാ, സഹതാപമാണു നമുക്കുണ്ടാകുക. പക്ഷെ നാം എത്ര സഹതപിച്ചാലും, നല്ല മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുത്താലും അവർ സത്യം ഗ്രഹിക്കുകയോ നേർവഴി നടക്കുകയോ ചെയ്യുകയില്ല. കാരണം അങ്ങനെയുള്ള ഒരു വിഷമവൃത്തത്തിലാണു അവർ അകപ്പെട്ടുകിടക്കുന്നതു്.

"വസ്തുതയുടെ മുൻപിൽ ഒരു ശിശുവിനെപ്പോലെ ഇരിക്കണം; എല്ലാ മുൻനിർണ്ണയങ്ങളും പരിത്യജിക്കുവാൻ ഒരുക്കമുണ്ടായിരിക്കണം; പ്രകൃതിയെ മാർഗ്ഗദർശിയായി വരിച്ചു് ഏതു അഗാധങ്ങളിലേക്കും അതിനെ വിനയപൂർവ്വം അനുഗമിക്കണം; അല്ലാത്തപക്ഷം നിങ്ങൾക്കു യാതൊരു ജ്ഞാനവും ലഭിക്കയില്ല;" എന്നാണു യുക്തിവാദികളുടെ മഹാചാര്യനായ ഹക്സിലി പറഞ്ഞിട്ടുള്ളതു്. പക്ഷെ ആ ഉപദേശത്തിനു കടകവിരുദ്ധമായിട്ടാണു യുക്തിവാദികൾ പ്രവർത്തിക്കാറുള്ളതു്. അവർ വസ്തുതകളെ പരിഗണിക്കുകയോ അംഗീകരിക്കുകയോ ചെയ്യാറില്ല; നേരേമറിച്ചു് ചില മുൻനിർണ്ണയങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു് അതിനെതിരായ വസ്തുതകളെയെല്ലാം നിഷേധിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നു.

ലൂർദ്ദിൽ രോഗശാന്തികൾ നടക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു് എങ്ങനെ സംഭവിക്കുന്നു? എന്നൊന്നും യുക്തിവാദികൾ തിരക്കാറില്ല. കാരണം ഈ പ്രശ്നം കൈകാര്യം ചെയ്യണമെങ്കിൽ ഏതെങ്കിലും ഒരു അത്ഭുതരോഗശാന്തിയെടുത്തു് അതിനെപ്പററി കൂലങ്കഷമായി പഠിക്കണം. അങ്ങനെ പഠിക്കുമ്പോൾ വസ്തുതകളുടെ വെളിച്ചത്തിൽ, അതു് അത്ഭുതമാണെന്നു തെളിഞ്ഞുപോയാൽ, "അത്ഭുതങ്ങൾ അസംഭവ്യ"മെന്ന തങ്ങളുടെ ഓമനമുൻവിധിയെ ഉപേക്ഷിക്കേണ്ടിവരുമല്ലോയെന്നാണു് അവരുടെ ഭയം. അതിനു അവർക്കു ഇഷ്ടമില്ലാത്തതുകൊണ്ടു് അത്ഭുതങ്ങളുടെ കാര്യത്തിൽ കണ്ണടച്ചുനിഷേധിക്കുകയെന്ന കുത്സിതനയമാണു് അവർ സ്വീകരിക്കുന്നതു്.

യുക്തിവാദി ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നില്ല. ദൈവമില്ലെന്നാണു് അവരുടെ മുൻവിധി. ദൈവമില്ലെങ്കിൽ അത്ഭുതങ്ങളും സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു് അത്ഭുതങ്ങൾ സംഭവ്യമല്ലായെന്നു് അവർ ശഠിക്കുന്നു. നീക്കുപോക്കില്ലാത്ത അവരുടെ ഒരു അന്ധവിശ്വാസമാണിതു്. തന്മൂലം പ്രകൃതിനിയമങ്ങൾക്കു അവ്യാഖ്യേയമായ ഒരു സംഭവം നടന്നാൽ ആ സംഭവത്തെത്തന്നെ അവർ നിഷേധിക്കുകയാണു പതിവു്. ഇതു യുക്ത്യനുസൃതമാണോയെന്നു ചോദിച്ചാൽ, "യുക്തിവാദി"കളുടെ യുക്തി ഇത്തരത്തിലാണെന്നു മാത്രമേ സമാധാനം പറയുവാനുള്ളു.

2. യുക്തിവാദികളുടെ വഴിപിഴച്ച ഈ കുപഥസഞ്ചരണത്തിനു ഒന്നാംതരം ഉദാഹരണമാണു് എമിലി സോള. "പ്രശസ്ത ഫ്റഞ്ചു സാഹിത്യകാരനും പ്രകൃതിശാസ്ത്രജ്ഞനുമെന്നു വിശ്വവിഖ്യാതനായ എമിലി സോള", "വിവേചനാശക്തിയുള്ള പരമാർത്ഥിയായ സോള" എന്നൊക്കെ "യുക്തിവാദി"മാസികതന്നെ പുകഴ്ത്തിയിരിക്കുന്ന സോള ലൂർദ്ദുസന്ദർശിക്കുകയും, ലൂർദ്ദിനെപ്പററി ഒരു ഗ്രന്ഥമെഴുതുകയുംചെയ്തു. ലൂർദ്ദിൽ അത്ഭുതങ്ങളൊന്നും നടക്കുന്നില്ലെന്നു സ്ഥാപിക്കേണ്ടതു്, "അത്ഭുതം അസംഭവ്യ"മെന്ന മുൻവിധിയോടുകൂടിയ സോളയ്ക്കു് ഒരു ആവശ്യമായിരുന്നു. അതിനാൽ അങ്ങനെതന്നെ അയാൾ തൻെറ പുസ്തകത്തിൽ എഴുതിപ്പിടിപ്പിക്കുകയുംചെയ്തു.

പക്ഷെ സോള ലൂർദ്ദിൽ ചെന്ന ദിവസം, ഏററം വിസ്മയാവഹങ്ങളായ രണ്ടു് അത്ഭുതരോഗശാന്തികൾ നടക്കുകയുണ്ടായി. അയാൾ തന്നെ അതു നേരിട്ടുകണ്ടതാണു്. കരതലാമലകംപോലെ വ്യക്തമായ ആ വസ്തുതയെ ലൂർദ്ദിൽവച്ചു നിഷേധിക്കുക സാദ്ധ്യമല്ലല്ലോ; തന്നെ വളരെ ബഹുമാനാദരങ്ങളോടെ സ്വീകരിച്ചിരിക്കുന്ന ലൂർദ്ദിലെ ഡോക്ടർമാരുടെ മുൻപിൽവച്ചു പ്രത്യേകിച്ചും. ആകയാൽ പാരീസിൽ ചെന്നശേഷം ആ അത്ഭുതരോഗശാന്തികളെ അയാൾ ദുർവ്യാഖ്യാനിക്കുകയും നിഷേധിക്കുകയുംചെയ്തു.

അയാളോടുകൂടി തീവണ്ടിയിൽ യാത്രചെയ്ത അർബുദരോഗപീഡിതയായ എൽസി റുക്കേ എന്ന സ്ത്രീയായിരുന്നു രോഗശാന്തി പ്രാപിച്ച ഒരുവൾ. രോഗശാന്തിപ്രാപിക്കുന്നതിനു മുൻപുള്ള അവളുടെ ബീഭത്സമായ സ്ഥിതി സോള വർണ്ണിക്കുന്നുണ്ടു്. ആ സ്ത്രീ പെട്ടെന്നു രോഗവിമുക്തയായെങ്കിലും, അവൾ ക്രമേണ സുഖപ്പെട്ടുവെന്നാണു സോള എഴുതിയിരിക്കുന്നതു്. എന്നിട്ടു് "ധാതുക്കളുടെ ശക്തിക്ഷയത്താൽ ഉണ്ടായ രോഗമാകയാൽ, ആശാപ്രേരണയാൽ ശാന്തമാകാൻ എളുപ്പമാണെ"ന്നു് ഒരു വ്യാഖ്യാനവും നൽകി. ഈ വ്യാഖ്യാനത്തിനു വേണ്ടിയാണു പെട്ടെന്നുണ്ടായ രോഗശാന്തിയെ അയാൾ "ക്രമേണ"യാക്കിത്തീർത്തതു്.

രണ്ടാമത്തെ രോഗശാന്തി അതേ തീവണ്ടിയിൽതന്നെ യാത്രചെയ്തിരുന്ന ലാ ഗ്രീവെററു് എന്ന ഒരു ക്ഷയരോഗിണിയുടേതായിരുന്നു. ലൂർദ്ദിൽ എത്തുമ്പോൾ ആസന്നമരണയായിരുന്ന അവൾ പെട്ടെന്നു സുഖം പ്രാപിച്ചു. ഇതിനെ നിഷേധിക്കുവാൻ മറെറാരു മാർഗ്ഗവും കാണായ്കയാൽ, പാരീസിലേക്കുള്ള മടക്കയാത്രയിൽ മൂന്നാം ദിവസം അവൾ മരിച്ചുപോയി എന്നു സോള തട്ടിവിട്ടു. പക്ഷെ ഈ മരണം സോളയുടെ പുസ്തകത്തിൽ മാത്രമായിരുന്നു. രോഗവിമുക്തയായ അവൾ വിവാഹം ചെയ്തു് പാരീസിൽ സോളയുടെ വസതിക്കു സമീപം തന്നെ താമസമാക്കി. (ദൈവപരിപാലനയുടെ പ്രവർത്തനം നോക്കുക.)


തൻെറ അവിശ്വാസത്തിനും കാപട്യത്തിനും ജീവനുള്ള ഒരു സാക്ഷിയായി, അവൾ തൻെറ വസതിക്കു സമീപംതന്നെ താമസിക്കുന്നതു സോളയ്ക്കു വല്ലാത്ത മനശ്ശല്യത്തിനു കാരണമായി. ഇതിനു ഒരു നിവൃത്തി ഉണ്ടാക്കാൻ വേണ്ടി, ഭർത്താവുമൊരുമിച്ചു പാരീസുവിട്ടു എവിടെയെങ്കിലും പോയി പാർക്കുന്നതിനു പണം കൊടുത്തു സോള അവളെ പ്രലോഭിപ്പിച്ചു. ഇതു് അവൾ തന്നെ സത്യം ചെയ്തു പറഞ്ഞിട്ടുള്ള ഒരു വസ്തുതയാണു്. അങ്ങനെ സോളയുടെ കള്ളത്തരങ്ങൾ ലോകം ഗ്രഹിക്കുന്നതിനു് ഇടയായി.

സത്യം നിഷേധിക്കുന്നതിനു വേണ്ടി, ജീവിച്ചിരിക്കുന്ന ഒരുവളെ മരിച്ചതായി കാണിച്ചതിലുള്ള അനൗചിത്യത്തെപ്പററി മെഡിക്കൽ ബ്യൂറോയുടെ പ്രസിഡൻറായ ഡോക്ടർ ബൊാസ്രി ഒരിക്കൽ സോളയോടു ചോദിച്ചു. "എൻെറ സാഹിത്യസൃഷ്ടികളെക്കൊണ്ടു് ഇഷ്ടംപോലെ ചെയ്യുവാൻ എനിക്കു സ്വാതന്ത്ര്യമുണ്ടു്" എന്നായിരുന്നു സോളയുടെ മറുപടി. "പ്രശസ്ത സാഹിത്യകാരനും", "വിവേചനാശക്തിയുള്ള പരമാർത്ഥിയു"മായ ആ "യുക്തിവാദി"യുടെ സത്യസന്ധതയും യുക്തിവാദവും ഏതുതരത്തിലെന്നു നോക്കുക. ഒരു അത്ഭുതസംഭവത്തെ നിഷേധിക്കാൻ വേണ്ടി എന്തു കൃത്രിമവും കള്ളത്തരവും കാണിക്കുവാൻ ആയാൾ മടിച്ചില്ല. സോളയെപ്പോലെയുള്ള ഉന്നതതരന്മാർ അത്ഭുതത്തെ നിഷേധിക്കുവാൻ ഇത്രയൊക്കെ പാടുപെടുമ്പോൾ, ആവക സിദ്ധികളൊന്നും അവകാശപ്പെടാത്ത ഇരിഞ്ഞാലക്കുടയിലെ "യുക്തിവാദി"യുടെ കസർത്തുകളിൽ നാം അത്ഭുതപ്പെടേണ്ടതുണ്ടോ?

3. യുക്തിവാദിയുടെ ശൈലിയിൽതന്നെ പറഞ്ഞാൽ, "ലൂർദ്ദിൻെറ ചരിത്രമോ, ദർശനത്തിൻെറ പശ്ചാത്തലമോ, മനസ്സിലായിട്ടില്ലാത്ത" യുക്തിവാദി തനിക്കറിഞ്ഞുകൂടാത്തതും, അറിയാൻ ശ്രമിക്കാത്തതുമായ ഒരു വിഷയത്തെപ്പററി, സഹജമായ യുക്തിരാഹിത്യത്തോടെ, എന്തൊക്കെയോ എഴുതിയിരിക്കുന്നുവെന്നു മാത്രമേ, യുക്തിവാദിയിലെ കുറിപ്പിനെപ്പററി ചുരുക്കത്തിൽ പറയുവാനുള്ളു.

സത്യദീപത്തിൽ ഈ വിമർശനം ഖണ്ഡശ: പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയപ്പോൾ, ചിങ്ങം ലക്കം യുക്തിവാദിയിൽ, ഇങ്ങനെയൊരു കുറിപ്പു പ്രസിദ്ധം ചെയ്തിട്ടുണ്ടു്. "നീരുറവയുടെ അത്ഭുതസിദ്ധി എന്ന ഞങ്ങളുടെ കുറിപ്പിൽ പറഞ്ഞിട്ടുള്ള വസ്തുതകളെ ചോദ്യം ചെയ്തു സത്യദീപം ഒരു വിമർശനപരമ്പര പ്രസിദ്ധം ചെയ്തുവരുന്നു...അതുകൾക്കു മറുപടിയും യുക്തിവാദിയിൽവഴിയെപ്രതീക്ഷിക്കാം." മറുപടി കേൾക്കുവാൻ കൗതുകമുണ്ടു്. പക്ഷെ അതു സത്യസന്ധവും യുക്തിക്കു ചേർന്നതുമായിരിക്കണം. സോളയുടെ മറുപടിപോലെയുള്ളതായിരിക്കരുതെന്നു ചുരുക്കം.

## ചരമം



ഏലൂർ. സെ. 13— പ്രസിദ്ധ ധനാഢ്യനും, മോട്ടോർബോട്ടു് ഉടമസ്ഥനുമായ ശ്രീ ജോസഫ് പുതുശ്ശേരിയുടെ പിതാവു് ശ്രീ വക്കി പുതുശ്ശേരി വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം സെപ്ററംബർ 13-ാംനു 84-ാമത്തെ വയസ്സിൽ ചരമംപ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേറദിവസം പരേതൻെറ സഹോദരനും, സുറിയാനി കർമ്മലീത്താസഭാംഗവുമായ റവ. ഫാദർ കാൻറിഡ്, ടി. ഒ. സി, ഡി. യുടെ പ്രധാന കാർമ്മികത്വത്തിലും, പല വൈദികരുടെ സഹകരണത്തിലും, വിവിധ ദർശനസമൂഹങ്ങളുടെ സാന്നിദ്ധ്യത്തിലും പുത്തൻപള്ളി പള്ളിയിൽ പ്രത്യേകം തയ്യാർചെയ്ത കല്ലറയിൽ യഥാവിധി നിർവ്വഹിച്ചു. അനേകം സാധുക്കൾക്കു് പണവും ആഹാരവും ദാനംചെയ്തു. പരേതൻെറ കുടുംബാംഗങ്ങളെ അനുശോചിച്ചുകൊള്ളുന്നു.

R. I. P.

ആഖ്യായിക

# ബറാബാസ്



അദ്ധ്യായം 19 (തുടർച്ച)

## സംശയാധീനസമരം

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

ഒരു മാനസികഭാരം ബറാബാസിനെ ദണ്ഡിപ്പിച്ചു. അയാളുടെ പ്രജ്ഞതന്നെ നശിച്ചതായി തോന്നി. "ഞാൻ കഠോരപാതകങ്ങൾ ചെയ്തു. പ്രതികാരബുദ്ധിനിമിത്തവും അധികാരമോഹംഹേതുവാലും, വീഞ്ഞുകുടിക്കുന്നവിധം ഞാൻ പാതകംകൊണ്ടു പള്ളനിറച്ചു. കർത്താവേ, കർത്താവേ, അങ്ങു സാക്ഷാൽ നീതിയുക്തനായ ദൈവമാണെങ്കിൽ അങ്ങെ സമക്ഷം നിൽക്കുവാൻ ഞാനെങ്ങനെ ശക്തനാകും? എൻെറ ശരീരം നശിച്ചുകഴിഞ്ഞിട്ടു് എൻേറതായി എന്തെങ്കിലും അവശേഷിക്കുന്നുവെന്നു വന്നാൽ അങ്ങെയുടെ ശിക്ഷ സഹിക്കുവാൻ എനിക്കെങ്ങനെ കഴിവുണ്ടാകും?" ഈവക ചോദ്യങ്ങൾ അയാളുടെ ഹൃത്തടത്തിൽ അലതല്ലിക്കൊണ്ടിരുന്നു. പരമാർത്ഥത്തിൽ ഒരു പ്രവാചകനായ നസ്രത്തിലെ മനുഷ്യനെ സമീപിച്ചാൽ അദ്ദേഹം വല്ല സമാധാനവും നൽകുമോ? ദൈവത്തിനറിയാം, ആ നസ്രായൻ സാക്ഷാൽ മിശിഹാതന്നെ ആയിരിക്കുകയില്ലയോയെന്നു്. അദ്ദേഹം കാരുണ്യത്തെപ്പററിയും അനുതാപമുള്ള പാപിക്കു ലഭിക്കാവുന്ന പാപമുക്തിയെപ്പററിയും ഉപദേശിക്കുമായിരിക്കും. താൻതന്നെ അനുതാപാത്തനാണോ? ബറാബാസിൻെറ ചിന്തകൾ ചുഴലിക്കാററുകണക്കെ വട്ടത്തിൽ കറങ്ങി. "ആ എൻെറ കർത്താവേ, ഞാൻ അനുതാപപ്പെടുന്നു. എൻെറ സമുദായത്തിൽപ്പെട്ട അനേകമനേകം സാധുക്കളെ വധിച്ചതോർത്തു ഞാൻ മനസ്താപപ്പെടുന്നു. റോമന്മാരെ ഒട്ടധികം കൊന്നൊടുക്കിയതോ? എനിക്കതിനെപ്പററി മനസ്താപമില്ല. കർത്താവേ, അതുകൊണ്ടു് എന്നെ ശിക്ഷാവിധിക്കധീനനാക്കരുതെ. അവർ വിമതസ്ഥരാണു്. അങ്ങേ ജനത്തിൻെറ ശത്രുക്കളും." ഈ ചിന്തകളെ അനുധാവനം ചെയ്തതു് ബറാബാസിൻെറ അന്ത:രംഗത്തിൽ മാറെറാലികൊണ്ട നസ്രായൻെറ ശബ്ദമായിരുന്നു: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവരോടു് നന്മചെയ്യുവിൻ." ഇങ്ങനെയൊക്കെ ചെയ്യാനാർക്കു സാധിക്കും? സാധിക്കുകയില്ല. വല്ല അതിമാനുഷികശക്തി കൊണ്ടേ അതു സാധിക്കുകയുള്ളു.

പുറത്തു വരാന്തയിൽ ഭടന്മാർ എന്തൊക്കെയോ സംസാരിക്കുന്നതു ബറാബാസ് കേട്ടു. സംസാരവിഷയം മനസ്സിലാക്കാൻ കഴിഞ്ഞില്ല. ക്രീഡാരംഗത്തുനിന്നു് ചുററികമുട്ടുന്ന സ്വരം കേൾക്കപ്പെട്ടു. ഒരുപക്ഷെ തന്നെ തറയ്ക്കുവാനുള്ള കുരി

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

ശ്ശ അവർ നാട്ടുകയായിരിക്കാം. പ്രൊക്കുറേറററിൻെറ അഭിപ്രായം മാറി, സിംഹവുമായി സമരം നടത്തുന്നതിനുപകരം താൻ രാജദ്രോഹിയും ദുഷ്ടനുമെന്ന നിലയിൽ കുരിശിൽത്തൂങ്ങി മരിക്കുകയാണു വേണ്ടതെന്നു അദ്ദേഹം തീരുമാനിച്ചു് ആ ശിക്ഷ നടത്തി വിനോദകാംക്ഷികളെ ആനന്ദിപ്പിക്കുവാനുറച്ചെന്നുവരാം. ഏതായാലും തരക്കേടില്ല എന്നായിരുന്നു ബറാബാസിൻെറ ഭാവം. മരണം ഏതുവിധമായിരിക്കുമെന്നുള്ളതിനെപ്പററി അയാൾ ചിന്തിച്ചില്ല. മരണാനന്തരം എന്തു ഭവിക്കും, എന്തു സംഭവിക്കാനിടയുണ്ടു്, എന്നുള്ള കാര്യത്തിലായിരുന്നു അയാളുടെ ശ്രദ്ധ. ന്യായവിധിയുടെ ഓമ്മ തീത്തും ദുസ്സഹമായി അനുഭവപ്പെട്ടു. ബറാബാസ് വീഞ്ഞിൻപാത്രമെടുത്തു് അതിലുണ്ടായിരുന്ന ദ്രാവകം മുഴുവനും അകത്താക്കി. വിചാരത്തിനു വഴിയടയ്ക്കത്തക്കവിധം കുടിച്ചുകളയാമെന്നായിരുന്നു അയാളുടെ ആലോചന. ആ ഉദ്ദേശ്യം സാധിച്ചില്ല. ധാരാളം ഉന്മാദകദ്രാവകങ്ങൾ ഉപയോഗിച്ചു തഴമ്പിച്ചിരുന്ന അയാളുടെ സിരകളിൽ വീഞ്ഞു പറയത്തക്ക ഫലമൊന്നും ഉണ്ടാക്കിയില്ല. പ്രേതങ്ങൾ അയാളുടെ ചുററും നിൽക്കുന്നതായി ബറാബാസ് കണ്ടു. കാലിൽനിന്നു് രക്തധാരയോടുകൂടി ആകാശത്തിൽ കൈയുംതല്ലി അലറിക്കൊണ്ടു് ചെററപ്പുരയിലേക്കു ഓടിപ്പോകുന്ന മിറിയാം അവിടെയുണ്ടായിരുന്നു. വില്ലുകുലച്ചു് ശതാധിപനെ ലക്ഷ്യമാക്കി അസ്ത്രമെയ്യുന്ന ബറാബാസ്‌തന്നെയും അവിടെ കാണപ്പെട്ടു. തൊണ്ടയിൽ അസ്ത്രം തറച്ചു് മരണവേദനയോടുകൂടി ശതാധിപൻ നിലത്തുകിടന്നുരുളുന്നതും ദൃശ്യമായി. ആ ശതാധിപനെ താൻ കൊല്ലേണ്ടിയിരുന്നോ? ഇല്ല, ദൈവമേ, അങ്ങു് എന്നിൽനിന്നു് ആ കൃത്യം ഒരിക്കലും പ്രതീക്ഷിക്കുമായിരുന്നില്ല. മിറിയാമിൻെറ കാര്യം? അവൾ തന്നെപ്രതി സ്വഭർത്താവിനെ ഉപേക്ഷിച്ചതായിരുന്നല്ലോ. നിയമം വ്യഭിചാരിണിയുടെ കാര്യത്തിൽ യാതൊരു കാരുണ്യവും അനുവദിച്ചിരുന്നില്ല. അവളുടെ പാതകം വധശിക്ഷ അർഹിക്കുന്നതായിരുന്നു. ഹാ, ദൈവമേ, അവൾ നിൻെറ ന്യായാസനത്തിനു മുമ്പിൽ ഹാജരാകുമ്പോൾ അവളേയും കുററക്കാരിയായി അങ്ങു് വിധികല്പിക്കുമോ? അരുതെ, അവളെ ശിക്ഷിക്കരുതേ, ഞാനാണവളുടെ കുററത്തിനുത്തരവാദി. കുററം സാക്ഷാൽ എൻേറതാണേ! ഇങ്ങനെ ചിന്തിച്ചപ്പോൾ ബറാബാസ് തൻെറ കാര്യത്തിൽ കാരുണ്യത്തിനു തെല്ലും അവകാശം കണ്ടില്ല.

സമരമൃഗങ്ങൾ ക്രീഡാരംഗത്തിലെ ആരവത്തിന്റെ ശബ്ദം മൂലം ചകിതരായും ക്ഷുത്പിപാസാപീഡിതരായും ഇടവിടാതെ അലറിക്കൊണ്ടിരുന്നു.

ബറാബാസിനു വീണ്ടും ധാരാളം ഭക്ഷണവും മുമ്പിലത്തേതിലുമധികം വലിപ്പമുള്ള പാത്രത്തിൽ വീഞ്ഞും നൽകപ്പെട്ടു. താൻ ചെയ്യുന്നതെന്തെന്നു് ബോധമില്ലാതിരുന്നവിധം ബറാബാസ് ഭക്ഷിക്കുകയും കുടിക്കുകയുംചെയ്തു. കാവൽഭടന്മാർ അയാളിൽ പ്രകടമായിരുന്ന അനാസ്ഥമൂലം വിസ്മയഭരിതരായതും അയാൾ ഗ്രഹിച്ചില്ല. ഉച്ചയോടുകൂടി വിനോദകാംക്ഷികളിലെ പ്രഥമഗണത്തിൽപ്പെട്ടവർ രംഗത്തു പ്രവേശിച്ചതിനെ തുടർന്നുണ്ടായ ശബ്ദകോലാഹലങ്ങൾ ബറാബാസിൻെറ കണ്ണുകളിൽപ്പെട്ടു. തൻെറ സമയം ആസന്നമായിയെന്നു് സൂചനനൽകിയ ഇവയൊന്നും ബറാബാസിനെ ചിന്താമൂകതയിൽനിന്നു നിവത്തിപ്പിച്ചില്ലാ.

ആദ്യം രംഗത്തു പ്രവേശിച്ചവരിൽ ഒരു നല്ല ഭാഗം റോമന്മാരായിരുന്നു; കിഴക്കോട്ടുള്ള യാത്രയിൽ ജറുസലേമിൽക്കൂടി കടന്നുപോകുന്ന റോമൻഭടസംഘങ്ങളുടെ അനുയായികളായിരുന്നു ഇവർ. പൊക്കംകൂടിയ മഞ്ചങ്ങളിൽ സ്ഥലം പിടിക്കുവാനുള്ള ധൃതിയിൽ മരപ്പടികൾകയറിയ ഇവർ ആപ്പുവിളിക്കുകയും കൂകുകയുംഉത്സവാവസരമാണെന്നുള്ളസംഗതിവിസ്മരിച്ചു് മുൻനിരകളിലെ സ്ഥാനങ്ങൾക്കുവേണ്ടി പരസ്പരം കലഹിക്കുകയുംചെയ്തു. വിനോദപ്രകടനങ്ങൾ എവിടെയും ആനന്ദാവസരങ്ങളാണല്ലോ. ജറുസലേമിലെ ക്രീഡാരംഗം റോമായിലെ ക്രീഡാരംഗവുമായി താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമായിരുന്നതിനു പുറമെ സീസറിയായിലെയോ യൂറോപ്പിലെ വൻതരം നഗരങ്ങളിലെയോ ക്രീഡാരംഗങ്ങളെ അപേക്ഷിച്ചു് തുലോം ചെറുതുമായിരുന്നു. എങ്കിലും അധന്യമായ ഈ പട്ടണത്തിൽ മരപ്പണിയുള്ള ഈ ക്രീഡാരംഗം സ്ഥാപിച്ചുകിട്ടിയതിൽ ജനങ്ങൾ കൃതജ്ഞരായിക്കഴിഞ്ഞു. ഒമ്പതാം മണിക്കൂറായപ്പോഴേക്കും ജോലിയിൽ ഏർപ്പെടാതിരുന്ന ഭടന്മാരും ധനാഢ്യന്മാരിൽ മേത്തരക്കാരും ഇടത്തരക്കാരും പുത്രകളത്രസമേതരായും രംഗത്തു പ്രവേശിച്ചു. അവസാനവിനാഴികയിൽ പീലാത്തോസും ക്ലാവുദിയായും സ്വപരിവാരങ്ങളോടുകൂടി ആഗതരായി. ഗവർണർക്കും അന്തേവാസികൾക്കും വേണ്ടി മേൽക്കൂരയുള്ള ഒരെടുപ്പു് വിവിധവർണ്ണങ്ങളുള്ള ശീലത്തരങ്ങളാൽ അലങ്കരിച്ചു തയ്യാർചെയ്തിരുന്നു. സൈനികമേധാവികൾക്കും ഉയർന്നതരം ഉദ്യോഗസ്ഥന്മാർക്കും അടുത്തുതന്നെ ഇത്തരം എടുപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും അവയ്ക്കു മേൽപ്പുരയുണ്ടായിരുന്നില്ലാ. മററു സന്ദർശകന്മാർ അണ്ഡാകൃതിയുള്ള രംഗത്തു് ഒന്നിനു പിമ്പു് മറെറാന്നു് എന്ന വിധം വ്യത്യസ്തരീതിയിൽ ഉയർന്ന ബെഞ്ചുകളിൽ ഇരിക്കുകയാണു പതിവു്. സർവ്വോന്നതസൈന്യാധിപൻെറ ഔദ്യോഗികവേഷത്തിനു മീതെ ചുമന്ന അരികുവാറു് തച്ചിണക്കിയ ഒരു വെള്ളയങ്കി ധരിച്ച ഗവർണ്ണരുടെ ആഗമനം കാഹളദ്ധ്വനികളാൽ പ്രഖ്യാപിതമായി. പീലാത്തോസ് മ്ളാനവദനനായി കാണപ്പെട്ടു. ഔദ്ധത്യപൂർവ്വം അവിടെ സമ്മേളിച്ച ജനാവലിയുടെമേൽ കണ്ണോടിച്ചിട്ടു് തൻെറ ആഗമനം ഉളവാക്കിയ ജയോൽഘോഷാഭിവാദ്യങ്ങൾ സ്വീകരിക്കുന്ന ഭാവത്തിൽ ആസ്ഥകൂടാതെ അദ്ദേഹം കൈയുയർത്തി. ക്ലാവുദിയായുടെ ദൃഷ്ടികളാകട്ടെ സ്വഭർത്താവിൻെറമേൽ നിക്ഷിപ്തങ്ങളായിരുന്നു.

ഒട്ടുവളരെ യഹൂദസന്ദർശകന്മാർ—ഓഫലിൽനിന്നുള്ള ആളുകളും തീരപ്രദേശത്തുനിന്നുള്ള അപരിചിതരും, ഏതാനും സമറായരും, അവിടെ സമ്മേളിച്ചിരുന്നതു് വിസ്മയാവഹമായി. ഈ കൂട്ടർ നിയമത്തേയും പുരോഹിതവൃന്ദത്തേയും ഒട്ടുംതന്നെ ഗണ്യമാക്കിയിരുന്നില്ലാ. പുരോഹിതവർഗ്ഗം അവരേയും. (തുടരും)

**Wanted**

A Malayalam Vidwan or Visarad in a temporary vacancy which is likely to be permanent:

Manager,

St. Mary's High School, Alwaye

(12-ാം പേജ് തുടർച്ച)

ള്ളികൾ അടന്നു വീണു. അദ്ദേഹം രാജുവിനെ തലോടി അവൻെറ കൈയിൽ ഒരു ലീവുലെററർ കൂടികൊടുത്തുകൊണ്ടു് ശാന്തസ്വരത്തിൽ പറഞ്ഞു: "മോനെ ഇതുകൂടി കൊടുത്തേക്കു. റോമി വരും." പക്ഷേ പരീക്ഷ കഴിഞ്ഞിട്ടും, ആ ലീവുലെററർ ചവററുകുട്ടയിൽ തള്ളപ്പെട്ടിട്ടും മത്തായിസാറു പെൻഷനു പററിയിട്ടും, ഡോക്ടരുടെ ആ പഴയ സ്റ്റെതസ്കോപ്പു രാജുവിനുനൽകീട്ടും, അവൻ റോമിയുടെ പട്ടമെത്തയിൽ ശയിച്ചിട്ടും റോമി വന്നില്ല! ആ "പിരിഞ്ഞുപോയ വിദ്യാത്ഥി" വന്നില്ല. വിശാലമായവിശ്വത്തിൽഅവൻ അജ്ഞാതനായി ജീവിക്കുന്നുണ്ടാകാം, രാജു ഒരു ഡോക്ടരായതറിയാതെ.

—o—

(11-ാംപേജ് തുടർച്ച)

## പൂവാലിമങ്ക

"നിങ്ങൾ വിഷമിക്കേണ്ടാ. ഞങ്ങൾ പോകുകയാണു്." ആ ചെറുപ്പക്കാർ അതിവേഗം നടന്നകന്നു. ഹതപൗരുഷനായ ആ സുഹൃത്തിനെപ്പററി അവർക്കു സഹതാപമേ തോന്നിയുള്ളൂ.

മത്തായിക്കുഞ്ഞിൻെറ നാട്ടിലെ ഒരു തെങ്ങുകയററക്കാരൻ ഓണത്തിനു തലേദിവസം ഒരേത്തക്കുലയുമായി ബംഗ്ലാവിലൊന്നു ചെന്നു. ചെറുപ്പത്തിൽ അവർ അടിച്ചുതല്ലി വളന്നവരാണു്. പഴയ ചങ്ങാത്തമൊന്നു പുതുക്കാം. അദ്ദേഹത്തിനു നല്ല കാലമല്ലേ? വല്ലതും കിട്ടാതേയുമിരിക്കയില്ല. നേന്ത്രക്കുല കൊണ്ടുവന്നു അടുക്കളവാതില്ക്കൽ അവൻ വച്ചു. മാറിനിന്നു വിസ്തരിച്ചൊന്നു തൊഴുതു.

"ആരാ, എന്നാ വേണം?" ഊഞ്ഞാക്കട്ടിലിൽക്കിടന്നാടിക്കൊണ്ടിരുന്ന സെലീനാ ചോദിച്ചു.

"മത്തായിക്കുഞ്ഞിൻെറ ട ത്തു ള്ള യാളാ. ഓണക്കാഴ്ചേംകൊണ്ടു വന്നതാ."ആ യുവാവു സാദരം പറഞ്ഞു.

"ഇവിടെ നേർച്ചേം കാഴ്ചേമൊന്നും വേണ്ടാ. കൊണ്ടുപൊയ്ക്കോ" അവൾ കട്ടായമായിട്ടങ്ങു പറഞ്ഞു.

"മത്തായിക്കുഞ്ഞിനെ ഒന്നു കണ്ടിരുന്നേൽ..."

"ഇപ്പോഴൊക്കത്തില്ല. വേറെ ജോലിയുണ്ടു്."

പിൻവശത്തുള്ള തേങ്ങാക്കൂട്ടിലേക്കു തുടർച്ചയായി നാളികേരം വീഴുന്ന ശബ്ദം കേട്ടു് ആഗതൻ അങ്ങോട്ടുചെന്നു. രണ്ടുമൂന്നു കൂലിക്കാരുമൊന്നിച്ചു മത്തായിക്കുഞ്ഞു പണിയെടുക്കുകയാണു്. പത്തു പതിനയ്യായിരം തേങ്ങ അന്നു തട്ടിൽക്കയറണം. അയാൾ എറിഞ്ഞെറിഞ്ഞു വശംകെട്ടു. ഏതായാലും കൂട്ടുകാരൻ വന്നതു നന്നായി. അയാൾ കൂടെ മത്തായിക്കുഞ്ഞിനെ സഹായിച്ചു. തേങ്ങ ഒട്ടുമുക്കാലും തീന്നു.

പടിഞ്ഞാറെ ചക്രവാളത്തിൽ ഒരു പഴുപ്പൻ തേങ്ങാ നിന്നു ജ്വലിക്കുന്നതുപോലെ തോന്നി.

മത്തായിക്കുഞ്ഞു കൂട്ടുകാരനുമൊന്നിച്ചു പുറത്തേക്കു പോയി. ഓണക്കാഴ്ച്ചയ്ക്കു കൊണ്ടുവന്ന വാഴക്കുലയും അയാളുടെ കൈയിലുണ്ടായിരുന്നു. നാട്ടുംപുറത്തെ ഒരു ചായക്കടയിൽനിന്നു് അവർ വയറു നിറയെ കാപ്പികുടിച്ചു ഓണക്കാഴ്ച ആ കടക്കാരനു വില്ക്കുകയും ചെയ്തു.

മത്തായിക്കുഞ്ഞിനു ഒരു കാര്യമേ അവനോടു പറഞ്ഞയക്കാനുണ്ടായിരുന്നുള്ളു. തൻെറ ഭാര്യവീട്ടിലെ കാര്യങ്ങളൊന്നും എങ്ങും പറയരുതെന്നു്.

### VI

കാലം ആർക്കുവേണ്ടിയും കാത്തുനിന്നില്ല. സംവത്സരചക്രത്തിൽനിന്നു ദിവസങ്ങളും മാസങ്ങളും അടന്നുവീണു. ദത്തുകാരായ ഭർത്താക്കന്മാരെല്ലാം ഇങ്ങനെയാണെങ്കിൽ മത്തായിക്കുഞ്ഞു് ആ പ്രസ്ഥാനത്തെ പ്രതിഷേധിക്കുന്നു. ഒരു ദത്തുവിരുദ്ധസംഘടന തന്നെ രൂപീകരിച്ചാൽ അയാൾക്കു് അതിൻെറ പ്രസിഡൻറാകാൻ ആഗ്രഹമുണ്ടു്. പക്ഷെ ശാന്തരിൽ ശാന്തനായ ആ പാവം എന്തു ചെയ്യും.

ലോകം പറയുന്നു അയാൾ ഒരു ഭാഗ്യവാനാണെന്നു്. പക്ഷെ ഏഴു വർഷത്തെ കുടുംബജീവിതത്തിനിടയിൽ അയാൾ ഒന്നും നേടിയിട്ടില്ല. ആത്മാഭിമാനം അതിൻെറ അവസാനത്തെ തലമുടിനാരിഴയിൽ തൂങ്ങുകയാണു്. ഒരു ഭത്താവിൻെറ കടമകൾ വിശ്വസ്തതയോടെ അയാൾ നിർവ്വഹിക്കുന്നു. പക്ഷെ അതു് ആദരിക്കപ്പെടുന്നില്ല.

സ്ത്രീജീവിതത്തിൻെറ വെറുമൊരു കാവൽഭടനോ അംഗരക്ഷകനോ ആണു് അയാളുടെ ഭർത്തൃത്വം. സെലീന ജീവിതത്തിൽ അങ്ങിനെ ഒരുദ്യോഗത്തിനു അപേക്ഷകൾ ക്ഷണിച്ചു. മത്തായിക്കുഞ്ഞിൻെറ അപേക്ഷ സ്വീകരിക്കപ്പെട്ടു. അയാൾ ജോലിയിൽ നിയമിതനായി. പക്ഷെ ചെയ്യാവുന്നതിലേറെ ജോലിയുണ്ടവിടെ. ഈ പ്രാരബ്ധം പിടിച്ച പണി രാജിവയ്ക്കാമായിരുന്നെങ്കിൽ അയാൾ പണ്ടേ അതു ചെയ്തേനെ.

അദ്ധ്വാനവും ചിന്താക്ലേശവും കൂടി അയാളെ രോഗത്തിൻെറ നടുക്കടലിലേക്കു കൊണ്ടുപോയി. അവിടെ അവസാനത്തെ അമരക്കാരനായ വൈദികൻ വന്നു. ആ ജീവിതത്തോണി മറിയുവാൻ പോവുകയാണു്. സുരക്ഷിതത്വത്തിൻെറ രക്ഷാരശനകൾ (life belts) അദ്ദേഹം നൽകി.

"ജീവിതത്തിൽ എന്തെങ്കിലും ആശകളോ നിരാശകളോ അവശേഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ മറയ്ക്കാതെ പറയണം." അദ്ദേഹം ഉപദേശിച്ചു.

"അച്ചാ," അയാൾ പറഞ്ഞു, "ആശിച്ചതു പലതും എനിക്കു കിട്ടി. അതുകൊണ്ടു ഞാനൊന്നും നേടിയിട്ടില്ല. മരണവേളയിൽ സ്വന്തനിലയിൽ എനിക്കു നിരാശപ്പെടാനൊന്നുമില്ല. പക്ഷെ..." അയാൾ അർദ്ധോക്തിയിൽ വിരമിച്ചു.

"എന്താണു്, തുറന്നുപറയൂ."

"എൻെറ ഭാര്യയെപ്പററി ചിന്തിക്കുമ്പോൾ ഞാൻ എങ്ങനെ നിരാശപ്പെടാതിരിക്കും."

"അതു സാരമില്ലല്ലോ. ഇത്രയേറെ സ്വത്തുക്കളുള്ള അവളെ ആരെങ്കിലും വിവാഹം ചെയ്യും. അങ്ങിനെ സുഖമായി ജീവിക്കുകയും ചെയ്യും"

"അവൾ പുനർവ്വിവാഹം ചെയ്യുന്നതിലാണു എൻെറ ഖേദം" ആവുന്നത്ര ദൃഢസ്വരത്തിൽ അയാൾ പറഞ്ഞു.

"അതു ലോകസാധാരണമല്ലേ? ഒരാളിൻെറ മരണത്തോടുകൂടി വിവാഹബന്ധമവസാനിക്കുന്നു. അതു പുതിയൊരു ബന്ധത്തിനു കവാടം തുറക്കും."

"ദയവായി അവൾ ഇനി വിവാഹം ചെയ്യാതിരിക്കുവാൻ അച്ചനൊന്നുപദേശിക്കാമോ? ഇതു് എൻെറ അവസാനാഭ്യർത്ഥനയാണെന്നു പറയണേ..." ആ രോഗിയുടെ കടക്കണ്ണുകളിൽ രണ്ടു വലിയ ബിന്ദുക്കൾ മിനുങ്ങി.

"എന്താണു് ഇക്കാര്യത്തിൽ ഇത്ര പ്രത്യേകത?" അല്പസമയം ചിന്താകുലനായിരുന്നശേഷം വൈദികൻ ചോദിച്ചു.

"എന്നെപ്പോലെ നിർഭാഗ്യവാനായ ഒരു ഭത്താവു് ഇനിയുണ്ടാകാതിരിക്കട്ടെ എന്നു കരുതിയാണു്. എൻെറ ജീവിതബലി പിൻഗാമികൾക്കെങ്കിലും പ്രയോജനപ്പെട്ടുമെങ്കിൽ കൃതാർത്ഥതയ്ക്കു വകയുണ്ടു്." അയാൾ പറഞ്ഞു നിറുത്തി.

അധരത്തിൽ വിരിഞ്ഞുവന്ന സ്മിതരേഖ അദ്ദേഹം പണിപ്പെട്ടുമത്തി.

× × ×

പിറേറന്നു നാട്ടുവഴിയിൽക്കൂടി മത്തായിക്കുഞ്ഞിൻെറ ശവമഞ്ചം നീങ്ങിയപ്പോൾ ഒരു ചെറുപ്പക്കാരൻ പറഞ്ഞു: "പാവം മത്തായിക്കുഞ്ഞു മരിച്ചു പോയല്ലോ. ആ പൂവാലിമങ്കയുടെ ഭത്താവു്. അയാൾ ഭാഗ്യവാനായിരുന്നു."

കക്കടകമഴയിൽക്കുളിച്ച വൃക്ഷത്തലപ്പുകളിൽ തിളങ്ങിത്തൂങ്ങുന്ന ജലകണികകൾ നോക്കി കാട്ടുപൂക്കൾ പറയുകയായിരുന്നു: "ഉയരത്തിൽത്തിളങ്ങുന്ന ആ ജലകണികകൾ ഭാഗ്യമുള്ളവയാണു്."

# മാതാവിൻെറ മാദ്ധ്യസ്ഥത്താലാണു പോർട്ടുഗൽ ആക്രമിക്കപ്പെടാതിരുന്നതു്

## സിസ്റ്റർ ലൂസിയുടെ പ്രവചനം കർദ്ദിനാൾ പരസ്യമാക്കുന്നു

ഫാത്തിമായിൽ പരിശുദ്ധ കന്യകമറിയം പ്രത്യക്ഷപ്പെട്ട മൂന്നു കുട്ടികളിൽ ഒരാൾ—ലൂസി—മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു. രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു് ആറുമാസം മുൻപു സിസ്റ്റർ ലൂസി അതേപ്പററി പ്രവചിച്ചിരുന്നുവെന്ന വസ്തുത ഇപ്പോൾ പരസ്യമാക്കപ്പെട്ടിരിക്കുന്നു. ലിസ്ബൺപാത്രിയക്കീസായ കർദ്ദിനാൾ സെറീജീറാ തിരുമേനി ബ്രസീലിയൻ പത്രലേഖകന്മാർക്കു നൽകിയ ഒരു സന്ദർശനവേളയിലാണു് ഈ വസ്തുത പ്രസ്താവിച്ചതു്.

"ഫാത്തിമായിലെ മെത്രാൻകൂടിയായ ലീരിയായിലെ മെത്രാനു്, യുദ്ധാരംഭത്തിനു ആറുമാസം മുൻപു്, 1939 ഫെബ്രുവരിമാസത്തിൽ, സിസ്റ്റർ ലൂസി അയച്ച ഒരു കത്തു് എൻെറ കൈവശമുണ്ടു്. ആ സെപ്റ്റംബർ ആദ്യമാണല്ലോ യുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. അങ്ങനെ ആറുമാസംമുൻപു തന്നെ യുദ്ധം ആരംഭിക്കുവാൻ പോകുകയാണെന്ന വസ്തുത ആ കത്തിൽ അവർ പ്രസ്താവിച്ചിരിക്കുന്നു. അവരുടെ വാക്കുകൾ ഇങ്ങനെയാണു്: "ഫാത്തിമായിൽവച്ചു മാതാവു പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ യുദ്ധവും പ്രവചിക്കപ്പെട്ടിട്ടുണ്ടു്. അതു് അത്യാസന്നമായിരിക്കുന്നു. എന്നാൽ പരിശുദ്ധ കന്യകമറിയത്തിൻെറ പ്രത്യേകമാദ്ധ്യസ്ഥത്താൽ പോർട്ടുഗൽ പ്രത്യേകമായവിധം സംരക്ഷിക്കപ്പെടുന്നതാണു്."

"1940 ഡിസമ്പർ 2-ാംനു മാർപ്പാപ്പാ തിരുമനസ്സിലേക്കയച്ച ഒരു കത്തിലും സിസ്റ്റർ ലൂസി ഈ സംഗതികൾ ആവർത്തിച്ചുപറഞ്ഞിട്ടുണ്ടു്. അക്കാലത്തു്, യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുമുൻപു്, സംഭവിക്കുവാൻപോകുന്നതെന്താണെന്നു മുൻകൂട്ടി കാണുവാൻ ആർക്കാണു സാധിക്കുമായിരുന്നതു്. രാഷ്ട്രങ്ങൾ ഒന്നൊന്നായി നശിക്കുന്നതു നാം കണ്ടു. പ്രതിരോധിച്ചുനില്ക്കാവുന്ന ശക്തികളൊന്നും ഉണ്ടായിരുന്നില്ല. എല്ലാ രാജ്യാതിർത്തികളും ലംഘിക്കപ്പെട്ടു. പോർട്ടുഗലിൻെറ ആക്രമണം അത്യാസന്നമാണെന്നു തോന്നപ്പെട്ടു. ആക്രമിക്കാനുള്ള ശക്തികൾ സന്നദ്ധമായിരുന്നു. പക്ഷെ ആ ആക്രമണം സംഭവിക്കുകയുണ്ടായില്ല."

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യയ്ക്കു പുറമെ " 8—12—0

ചെറുകഥ

# പൂവാലിമങ്ക

(ജയിംസ് കെ. സി. മണിമല)

വികസിച്ചുവരുന്ന സൂര്യകാന്തിപ്പൂപോലെ മനോഹാരിണിയാണു സെലീനാ. തലയിൽ പച്ചറിബൺകെട്ടി, കൊച്ചുടുപ്പുമിട്ടു കൈത്തണ്ടിലെ വളകൾ കിലുങ്ങുമാറു അവൾ നടക്കുന്നതുകണ്ടാൽ ആരും നോക്കിനിന്നുപോകും. കുടയും പുസ്തകവുമെല്ലാം ചുമന്നുകൊണ്ടു അന്നപ്പെണ്ണു പിറകെ വന്നുകൊള്ളും. കുട്ടികൾക്കൊക്കെ സെലീനായെപ്പററി അസൂയയാണു്. അവൾക്കു് ഒന്നിനും ഒരു കുറവില്ല. ദിവസവും ഉടുപ്പുകൾ മാറിമാറിയാണു പള്ളിക്കൂടത്തിൽ കൊണ്ടുപോകുന്നതു്. സെലീനായുടെ ഉടുപ്പുകളുടെ എണ്ണമെടുക്കലാണു് ചിലരുടെ ജോലി. അവരക്കൊക്കെ സംസാരവിഷയവും അവളാണു്. ബാങ്കർ വറീച്ചന്റെ മകളല്ലേ? ഭാഗ്യം പിറന്ന പെണ്ണാണവൾ.

സമൃദ്ധിയുടെ പുറത്താണു് അവൾ ജനിച്ചതു്. ലക്ഷപ്രഭുവാണു ബാങ്കർ വറീച്ചൻ. മൂത്തകുഞ്ഞുങ്ങൾ രണ്ടു പേർ മരിച്ചതിനുശേഷമാണു സെലീനായുടെ ജനനം. അവളെ അയാൾ ഓമനിക്കുന്നതിനു കണക്കില്ല.

“പെണ്ണിനെ പുന്നാരിച്ചു പുന്നാരിച്ചു ചീത്തയാക്കും.” വറീച്ചന്റെ ഭാര്യ മറിയാമ്മ ചിലപ്പോഴൊക്കെ താക്കീതുചെയ്യാറുണ്ടു്.

“നീയൊന്നു പോടി. കുഞ്ഞുങ്ങളെ സ്നേഹിച്ചുതന്നെ വളർത്തണം”

സെലീനായെ പള്ളിക്കൂടത്തിൽ കൊണ്ടുപോകുകമാത്രമാണു അന്നപ്പെണ്ണിന്റെ ജോലി. അവൾ വറീച്ചന്റെ പറമ്പിൽ താമസിക്കുന്ന ഒരു പാവപ്പെട്ട വിധവസ്ത്രീയുടെ മകളാണു്. ഭക്ഷണം മുണ്ടു് ഇവയ്ക്കു പുറമേ മാസം രണ്ടു രൂപയാണു് അന്നപ്പെണ്ണിന്റെ കൂലി. സ്ലേററും പുസ്തകവും കുടയുമെല്ലാം ചുമക്കുക, കുസൃതിപ്പിള്ളേരുടെ ശല്യത്തിൽനിന്നു സെലീനായെ രക്ഷിക്കുക, ഇതൊക്കെയാണു് അവളുടെ ചുമതലകൾ.

ചില “കുരുത്തം കെട്ട” പിള്ളേരുകൂടി സെലീനായ്ക്കു് ഒരു പേരിട്ടിട്ടുണ്ടു്. “പൂവാലിമങ്ക.” അതിനു കാരണവുമുണ്ടു്. സെലീനാ രണ്ടായി പിന്നിയിട്ട ചുരുൾമുടിയുടെ അഗ്രത്തിൽ വിചിത്രവർണ്ണാങ്കിതമായ റിബൺ കെട്ടിയിരിക്കും. അതു ദിവസവും മാറിമാറിക്കൊണ്ടുവരികയും ചെയ്യും. ഒരിക്കൽ ഒരു “കോലാച്ചിപ്പെണ്ണു്” അതിലൊന്നു സൂത്രത്തിൽ കട്ടെടുത്തു. സെലീനായുടെ അംഗരക്ഷക അന്നപ്പെണ്ണു് അതു കണ്ടുപിടിച്ചു. അവർ അദ്ധ്യാപകസമക്ഷം കേസു ഫയൽചെയ്തു. അദ്ദേഹം ആ കള്ളിപ്പെണ്ണിനെ ക്ലാസ്സിൽ പരസ്യമായി നിറുത്തി പൂച്ചെടിവടികൊണ്ടു മൂന്നടി അടിച്ചു. അവളുടെ കൈ പൊട്ടി ചോരവന്നു. അവൾ അടക്കാനാവാത്ത അമർഷത്തോടെ സെലീനായ്ക്കു് പൂവാലിമങ്ക എന്നൊരു പേരിട്ടു പകവീട്ടി. ക്രമേണ കുട്ടികളുടെയിടയിൽ ആ പേരങ്ങു പ്രചരിക്കുകയും ചെയ്തു.

അവളുടെ വിദ്യാഭ്യാസകാലം റിക്കാർഡു് ഭേദിച്ചതാണു്. ത്രിവത്സരപദ്ധതികളാണു മിക്കവാറും എല്ലാ ക്ലാസിലും. അതിന്നിടയിൽ ബാങ്കറുടെ ശുപാർശകളും തിരുമുൽക്കാഴ്ചകളുമൊക്കെ അദ്ധ്യാപകരുടെയടുക്കലേക്കു നീങ്ങാറുമുണ്ടു്. ഏതായാലും പതിന്നാലാമത്തെ വയസ്സിൽ സെലീനാ അഞ്ചാംക്ലാസ്സു ജയിച്ചു പക്ഷെ ഒരു കലാലയത്തിൽ കടന്നുചെല്ലാനുള്ള ശാരീരികവളർച്ച ഇതിനകം അവൾ നേടിക്കഴിഞ്ഞു.

യൗവ്വനത്തിനു മുഖംനോട്ടമില്ല. അതു സമ്പന്നയേയും ദരിദ്രയേയും ബുദ്ധിമതിയേയും ബുദ്ധിഹീനയേയും ഒരുപോലെ ആശ്ലേഷിക്കും. എന്നിരിക്കെ സുഭിക്ഷതയുടെ വളക്കൂറുള്ള മണ്ണിൽ അതു സെലീനായെ വളർത്തിവളർത്തിയെടുത്തു.

“അമ്പടീ പൂവാലിമങ്ക, അവളെന്തൊരു തടിച്ചിക്കോതയാ.” കൂട്ടുകാർ അവളെ വിമർശിച്ചു. ആ വാക്കുകളെങ്ങാനും അവളുടെ ചെവിയിൽ പെട്ടാൽ അപ്പോഴേ അപ്പച്ചന്റെയടുത്തു് ആവലാതി സമർപ്പിക്കാൻ സെലീനാ മടിക്കുകയില്ല. അദ്ദേഹം അതൊന്നു ചോദിക്കാതെ വെറുതെ വിടുകയുമില്ല.

അങ്ങിനെ കിരീടമണിയാത്ത ഒരു റാണിയായിട്ടാണു് സെലീന മിഡിൽസ്കൂളിലേക്കുചെന്നതു്. നീളത്തിലും വണ്ണത്തിലും വേഷവിധാനങ്ങളിലുമെങ്ങും അവളെ മികച്ചുപോകുവാൻ അവിടെയാരുമില്ലായിരുന്നു, ബാങ്കറുടെ മകളാണല്ലോ എന്നൊരു മതിപ്പു് അദ്ധ്യാപകർക്കുമുണ്ടായി. പക്ഷെ അവളെ പഠിപ്പിച്ചുതുടങ്ങിയപ്പോൾ അവർക്കു നിരാശയായി. അവളുടെ വലിപ്പത്തിലും രൂപത്തിലും ഒരു റബർപാവയുണ്ടാക്കിവച്ചു പഠിപ്പിച്ചാലും വേണ്ടില്ലെന്നു അവർക്കു തോന്നാതിരുന്നില്ല.

കാലത്തിനു നോക്കിനില്ക്കാൻ നേരമില്ല. സെലീനായുടെകൂടെ പഠിച്ചവരിൽപലരും ഹൈസ്കൂളും കടന്നു കോളേജിലെത്തി. പക്ഷെ അവളുടെ മൂന്നാംപഞ്ചവത്സരപദ്ധതി സെക്കൻഡുഫാറത്തിൽ ആരംഭിച്ചതേയുള്ളു. അതുകൊണ്ടു് ആമയെപ്പോലെ ഇഴഞ്ഞുനീങ്ങുന്ന ഈ പഠിത്തം അങ്ങു നിറുത്തിക്കളയുവാൻതന്നെ അവൾ തീരുമാനിച്ചു. അതിനൊരു തൽക്കാലകാരണവുമുണ്ടായി. ഒരിക്കൽ ഗൃഹപാഠം ചെയ്തുകൊണ്ടുവന്നില്ല എന്ന കാരണത്തിനു നാല്പത്തഞ്ചുമിനിട്ടുനേരം അവളെ ഒരദ്ധ്യാപകൻ ക്ലാസിൽ എഴുന്നേല്പിച്ചുനിറുത്തി. നാട്ടിലെ പ്രമാണിയായ ബാങ്കറുടെ മകളോടു ഈ “അനീതി” പ്രവർത്തിച്ചതു് ഒട്ടും നന്നായില്ല. ആ അദ്ധ്യാപകനെ ഒരിക്കൽ വറീച്ചൻ വഴിക്കു തടഞ്ഞുനിറുത്തി തല്ലല്ലാത്ത എല്ലാ ശിക്ഷകളും കൊടുത്തുകളഞ്ഞു.

“ഇനിയും നീയൊരുത്തനും എന്റെ കുഞ്ഞിനെ എഴുന്നേല്പിച്ചു നിറുത്തുകയില്ല.” അദ്ദേഹത്തിനു വാശിയേറി. അങ്ങിനെ മകളുടെ പഠിത്തവുമങ്ങു നിറുത്തി.

II

“പെണ്ണിനു കല്യാണം വല്ലോടത്തുമാലോചിക്കണം. ഇങ്ങനെ ഒന്നുമറിയാതെ നടന്നാലൊക്കുവോ” വറീച്ചനു ഭാര്യ കാലോചിതമായ ഒരനുസ്മരണമേകി.

“നീയത്ര തത്രപ്പെടാനൊന്നുമില്ല. ഇത്രേം മുതലുള്ള ഒരു പെങ്കുഞ്ഞിനെ കെട്ടാനെത്രപേരുവേണേലും കാണും.” ആ പിതാവിനു നല്ല ഉറപ്പാണു്. എന്തുകൊണ്ടു അദ്ദേഹം ചഞ്ചലപ്പെടണം? ലക്ഷക്കണക്കിനു പണം കൈകാര്യം ചെയ്യുന്ന ബാങ്കുണ്ടു്. റബർത്തോട്ടവും തേയിലത്തോട്ടവുമായിട്ടു പത്തുനൂറേക്കർ വരും. നെല്പാടങ്ങളും ഏകദേശം അത്രയുമുണ്ടു്. താമസിക്കാൻ ഒരു നല്ല ബംഗ്ലാവും. ഈ സ്വത്തുക്കൾക്കെല്ലാം ഏക അവകാശിനിയാണു സെലീനാ. അവൾക്കുണ്ടോ ഒരു ഭർത്താവിനെ ലഭിക്കാൻ വിഷമം? ആലോചന ഒന്നാരംഭിക്കാത്ത കുറവേയുള്ളു. വിവാഹാർത്ഥികൾ നൂറുകണക്കിനുവന്നു ക്യൂ നിന്നുകൊള്ളും. കാശിനു വകയില്ലാത്തവരാണു പെണ്ണിനെക്കെട്ടിക്കാനൊക്കെ ഇങ്ങനെവെമ്പിനടക്കുന്നതു്.

പക്ഷെ മറിയാമ്മയ്ക്കു അക്കാര്യത്തിൽ അത്രതന്നെ ഉറപ്പില്ല. “എന്നും പറഞ്ഞിരുന്നാണോ,” അവർ പറഞ്ഞു, “ഓരോരുത്തരൊക്കെ പറേണകേട്ടേച്ചാപ്പിന്നൊന്നും വേണ്ടാ.”

“ഓരോരുത്തനൊക്കെ എന്നാ പറയാനാടീ?” വറീച്ചനു ശുണ്ഠിവന്നു.

“വേളാങ്കിപ്പെണ്ണാ. അനുസരണകെട്ടോളാ. കഴുതലമാടാ. ഒരക്ഷരം പഠിച്ചിട്ടില്ല. അങ്ങനെ എന്തെല്ലാം!”

“ഫ,” അയാൾ ഒരാട്ടുകൊടുത്തിട്ടു് ഭാര്യ നടുങ്ങിപ്പോയി. “പാമ്പറ അവന്റെയൊക്കെ അ.....”

ഇത്തരം സംവാദങ്ങളും കലഹങ്ങളും ആ കുടുംബത്തിൽ പതിവായിത്തീർന്നു. സെലീനായ്ക്കും മനസ്സിലായി തന്നെസംബന്ധിച്ചാണു് അപ്പച്ചനും അമ്മച്ചിയും ഇങ്ങനെ ശണ്ഠകൂടുന്നതെന്നു്. പക്ഷെ അമ്മയുടെ ഈ വെപ്രാളത്തിന്റെ കാരണം അവൾക്കു മനസ്സിലായില്ല. ഉന്നതവ്യക്തികൾ ആരുവേണമെങ്കിലും ഏതവസരത്തിലും തന്നെ കല്യാണംകഴിക്കാൻ വരുമെന്നു് അവൾക്കറിയാം.

കല്യാണാലോചനകൾ പലതുവന്നു. ഗവമ്മെന്റു് സെക്രട്ടറിയേററിലെ ഒരുദ്യോഗസ്ഥൻ, ഒരു സിനിമാപ്രൊഡ്യൂസർ, ഒരു പത്രാധിപർ, ഒരു വ്യവസായപ്രമുഖൻ അങ്ങനെ നോക്കിയാൽ എല്ലാവരും നല്ല നിലയിലുള്ളവരാണു്. പക്ഷെ ഒന്നുമങ്ങോട്ടു സ്ഥിരപ്പെടുന്നില്ല. ആർക്കും പെണ്ണിനെ ഇഷ്ടപ്പെട്ടില്ലെന്നു പറഞ്ഞില്ല. പണത്തിന്റെ കാര്യം ഒരു പ്രശ്നമേയല്ലതാനും.

യൗവ്വനം ഒരു വർഷത്തെ കലാഭംഗികൾ അവളുടെ ശരീരത്തിൽ ഒരു മാസംകൊണ്ടു ചെയ്തുതീർക്കും. അവളുടെ സമപ്രായക്കാരായ ചില യുവതികൾ പറയും: “അമ്പ! ആ പെണ്ണു്, നോക്കിനില്ക്കുമ്പോൾ വളർന്നുപോകുന്നതുകാണാം.”

സൗന്ദര്യത്തിൽ സെലീനാ കുച്ചധികപ്പുറായെങ്കിലേയുള്ളു. ചില നടന്മാരുടെ ഓവർആക്റ്റുമൂലം പ്രേക്ഷകരുടെ അസംതൃപ്തിക്കിരയാകാറില്ലേ? അതുപോലെ അവളെപ്പററി വല്ലവരും അഭിപ്രായപ്പെട്ടെങ്കിലേയുള്ളു.

അന്നപ്പെണ്ണിന്റെ കല്യാണം കഴിഞ്ഞു. അവൾക്കു കുട്ടികൾ രണ്ടുണ്ടു്. ഭർത്താവു് ഒരു ചുമട്ടുകാരനാണു്. ദിവസം രണ്ടുമൂന്നുരൂപയ്ക്കു ജോലിചെയ്യും. അവൾക്കു വറീച്ചന്റെ ബംഗ്ലാവിലെ അടുക്കളജോലിയുമുണ്ടു്. അവർ അങ്ങനെ സംതൃപ്തിയോടെ കഴിയുന്നു. എന്നിട്ടും സെലീന അവിവാഹിതയായി നില്ക്കുന്നു. അവൾ മഠത്തിൽ പോകാനും മററും ഉദ്ദേശിച്ചിട്ടില്ല. അതിനാൽ ഇങ്ങനെ “കരക്കന്യാസ്ത്രീ”ചമഞ്ഞുനില്ക്കുന്നതു അഭിമാനമല്ലെന്നു മറിയാമ്മ പലവുരു പറഞ്ഞു. അതിലേതാണ്ടൊരു “ചേലുകേടു”ണ്ടെന്നു വറീച്ചനും തോന്നി. അദ്ദേഹത്തിനു വാശികേറി. ഒരു കല്യാണമങ്ങുറപ്പിച്ചു നടത്തി. വരനു വലിയ സ്വത്തൊന്നുമില്ല. സ്കൂൾഫൈനൽക്ലാസ്സിൽ മൂന്നുപ്രാവശ്യമെഴുതി തോററുപോയി. അതിനെന്താണു്? ഉദ്യോഗത്തിനൊന്നും പോകാതെ ജീവിക്കാൻ അവിടെ വിഷമമൊന്നുമില്ലല്ലോ.

III

ഭാഗ്യം കണ്ണുതുറക്കുവാൻ അധികം കാലമൊന്നും വേണ്ട. ഒരു നല്ല വിവാഹംമതി ഒരാൾക്കു നല്ലകാലംവരാൻ. മത്തായിക്കുഞ്ഞിന്റെ ശുക്രദശയിൽ സമവയസ്കർ അസൂയപ്പെട്ടു.

അയാൾക്കു സ്വപ്നംകാണാനൊക്കാത്ത ഒരു കല്യാണമാണതു്. “രണ്ടുനാലുദിനംകൊണ്ടു്” വറീച്ചൻ ആ യുവാവിനെ “തണ്ടിലേററി”ക്കളഞ്ഞു. പെണ്ണിനു് അയാളെ ഇഷ്ടപ്പെടുമോയെന്നു പേടിച്ചുപേടിച്ചാണു് ആലോചന പുരോഗമിപ്പിച്ചതു്. വിവാഹം കഴിയുന്നതുവരേയും അക്കാര്യത്തിൽ എല്ലാവർക്കും സംശയമായിരുന്നു. പറയത്തക്ക സ്വത്തൊന്നുമില്ല. ഗണ്യമായ വിദ്യാഭ്യാസമില്ല. പേരില്ല, പെരുമയില്ല, കണ്ടാലും അത്രവലിയ സുന്ദരനൊന്നുമല്ല. ഒരു ലക്ഷപ്രഭുവിന്റെ മകൾ എങ്ങനെ ഇത്തരത്തിലുള്ള ഒരു യുവാവിനെ ഇഷ്ടപ്പെടും. വൈദികന്റെ മുമ്പിൽവച്ചുപോലും തനിക്കു ആ വിവാഹത്തിനു മനസ്സില്ലെന്നു പറയാനുള്ള തന്റേടമുള്ളവളാണു് സെലീനാ. അതിനാൽ കല്യാണം മാറാതിരിക്കാൻ മത്തായിക്കുഞ്ഞിന്റെ മാതാവു് അൽഫോൻസാമ്മയ്ക്കു നേർച്ചനേർന്നു. ഇടനിലക്കാരനെ വേണ്ടതിലധികം മാനിച്ചു തൃപ്തിപ്പെടുത്തി. എങ്കിലും കാര്യം നാണക്കേടായിത്തീരുമെന്നു അവരൊക്കെ സംശയിച്ചു.

പക്ഷെ ശങ്കിച്ചതൊന്നും സംഭവിച്ചില്ല. വിവാഹം മംഗളമായി നടന്നു. മത്തായിക്കുഞ്ഞു് വധൂഗൃഹത്തിലേക്കങ്ങു പോകുകയുംചെയ്തു. അവൻ ശാന്തശീലനാണു്. വലിയ “അടിപിടി”യൊന്നുമില്ല. അതുകൊണ്ടു് ദൈവം അവന്റെ നേരെ കണ്ണുതുറന്നതാണെന്നു എല്ലാവരും വിചാരിച്ചു. നല്ലൊരു ഭാവി സ്വപ്നംകണ്ടുകൊണ്ടു് ആ യുവാവു് ദത്തുകാരനായി വധൂഗൃഹത്തിൽ താമസവുംതുടങ്ങി.

VI

ജീവിതാവശ്യങ്ങൾ സുഭിക്ഷമായി നിർവ്വഹിക്കാവുന്ന ഒരു തടങ്കൽപ്പാളയമായിരുന്നു ആ യുവാവിന്റെ ഭർതൃപദവി. ഭാര്യാഗൃഹത്തിലുള്ള സകല സ്വത്തുക്കളും അയാളുടേതാണു്. പക്ഷെ ഒരു മുട്ടുസൂചിപോലും അയാൾക്കു സ്വന്തമായി അവിടെയുണ്ടെന്നു പറഞ്ഞുകൂടാ. ഒരിക്കൽ കുറെ പഴയ പത്രങ്ങൾ അയാൾ വില്ക്കുവാനൊരുങ്ങി. വിലപറഞ്ഞു സമ്മതിച്ചു് ഒരു വ്യാപാരിവന്നു. കടലാസു മുഴുവൻ തൂക്കിക്കെട്ടിവച്ചു. ഇരുപതുറാത്തലുണ്ടു്.

“പത്രമൊന്നും കൊടുക്കണ്ടാ, എനിക്കൊന്നൂടെ വായിക്കണം” സെലീനാ പറഞ്ഞു.

“ഓ, ഈ പഴങ്കടലാസെന്നാ വായിക്കാനാ. ഞാൻ കൊടുക്കാമെന്നു പറഞ്ഞുപോയി. അച്ചാരവും വാങ്ങിച്ചു. അയാൾ കൊണ്ടുപോകട്ടെ.” ഒരു ഭർത്താവിന്റെ അധികാരസ്വരം ആ വാക്യത്തിലുണ്ടായിരുന്നു.

“അതു നിശ്ചയിക്കുന്നതു ഞാനാ.”

സെലീനായുടെ നിർദ്ദേശമാദരിച്ചു് ഒരു വേലക്കാരൻ പത്രക്കെട്ടുകൾകൊണ്ടുപോയി അലമാരിയിൽവച്ചു പൂട്ടിക്കഴിഞ്ഞു. ആ ഭർത്താവിന്റെ അഭിമാനം ചുമട്ടുചുമടായി ഇടിഞ്ഞുവീഴുകയായിരുന്നു.

നാട്ടിലെ പ്രാമാണ്യമുള്ള ചില ചെറുപ്പക്കാർ ഒരു വായനശാലയ്ക്കു പണപ്പിരിവിനുവേണ്ടി മത്തായിക്കുഞ്ഞിനെ സമീപിച്ചു. കൊള്ളാവുന്ന കുടുംബത്തിലെ “ദത്തു”കാരനാണയാൾ. സമപ്രായക്കാരായ നാലഞ്ചുപേർ നിർബന്ധിച്ചാൽ എങ്ങനെ പിൻവാങ്ങും. ഒരു പത്തുരൂപാ കൊടുക്കാമെന്നയാൾ സമ്മതിച്ചു. അപ്പോഴാണു സെലീനായ്ക്കു കാര്യം മനസ്സിലായതു്. “എന്തിനാ?” അവൾ പൂമുഖത്തേക്കു വന്നു പറഞ്ഞു: “വായനശാലയ്ക്കോ, ഒററപൈസാ ഇവിടെനിന്നു കൊടുക്കാനില്ല” അവൾ തീർത്തുപറഞ്ഞു.

“ഞാൻ വാക്കുപറഞ്ഞുപോയല്ലോ.”

“പറയാനാരു പറഞ്ഞു?”

“നിന്റെ വകയൊന്നും വേണ്ടാ. എന്റെ വീട്ടിൽനിന്നു ഞാൻ വാങ്ങിച്ചുകൊടുത്തോളാം” അയാളുടെ പൗരുഷത്തിനു വാശികേറി.

“എന്നാലതെനിക്കൂടൊന്നു കാണണം. നിങ്ങൾ പോയി വേറെ വല്ല ജോലീം നോക്കു്. ഇവിടുന്നൊന്നും കിട്ടുകേല.” തികഞ്ഞ ധാർഷ്ട്യത്തോടെ ആ പണക്കാരിയായ ഭാര്യ വീണ്ടും പറഞ്ഞു. എള്ളിൽവീണ ഒച്ചുപോലെ ദയനീയമായിരുന്നു മത്തായിക്കുഞ്ഞിന്റെ മുഖഭാവം.

(ശേഷം 10-ാംപേജിൽ)


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്ത)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു

### ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, ആതിരമ്പുഴ, ചങ്ങനാശേരി,
കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10 00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | ” | 39,47,506—0—0 |

**ഡയറക്ടേഴ്സ്**

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
4. ” തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
5. ” കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. ” തോമസ് ററി. കുരിശുംമൂട്ടിൽ (മാനേജിംഗ് ഡയറക്ടർ)

Wednesday
October 3
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 8




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,




ആഗ്നസ് ഒരു വിവാഹാലോചനയിൽ കുടുങ്ങിയിരിക്കുകയാണ്. നാട്ടിലെ പ്രബലനായ അധികാരി അവളെ കല്യാണം കഴിക്കുവാൻ ആഗ്രഹിക്കുന്നു. അല്ല, അക്കാലത്തെ രീതിയനുസരിച്ച് "തിരുവായ്ക്കെതിർവാക്കു" സാദ്ധ്യമല്ല. അവളെ അതിനു സമ്മതിപ്പിക്കുവാൻ അധികാരിയുടെ ദൂതൻ അങ്ങിനെ രാപകലില്ലാതെ ഉപദേശിക്കുകയാണ്. ആ വിവാഹം വഴി നേടാവുന്ന ഗുണഗണങ്ങൾ, സുഖസൗകര്യങ്ങൾ, സ്ഥാനമാനങ്ങൾ ഇവ മാറി മാറി വർണ്ണിക്കുകയാണ്. അതിനെ നിഷേധിച്ചാൽ വന്നുകൂടാവുന്ന അപമാനങ്ങൾ, നാശനഷ്ടങ്ങൾ, പീഡനങ്ങൾ ഇവയോരോന്നും മാറിമാറി വിവരിച്ചു ഭീഷണിപ്പെടുത്തിനോക്കുന്നുണ്ട്. ചുരുക്കത്തിൽ ചതുരുപായങ്ങളും പ്രയോഗിച്ചു പരീക്ഷിക്കുകയാണ്. ആഗ്നസിനു ദൃഢമായ ഒരു മറുപടിയേയുള്ളു: "ഞാനൊരു സ്നേഹബന്ധത്തിൽ ഏർപ്പെട്ടുപോയി." അവൾ മനമുരുകി പ്രാർത്ഥിക്കുന്നുണ്ട് അവളുടെ ദിവ്യമണവാളനോട്, എല്ലാ പ്രലോഭനങ്ങളേയും ജയിക്കുന്നതിനു വേണ്ട ശക്തി ലഭിക്കുവാൻവേണ്ടി.

യുവതീയുവാക്കന്മാരുടെ ജീവിതത്തിൽ അനുദിനമെന്നവണ്ണം അനുഭവപ്പെടുന്ന ഒരു കീറാമുട്ടിപ്രശ്നമാണ് സ്നേഹത്തിന്റെ പേരിൽ അവരെ വലയം ചെയ്യുന്നതു്. സ്നേഹത്തെ എതിർക്കാൻ ആർക്കാണ് കഴിയുക? സ്നേഹപൂർവ്വം തങ്ങളെ സമീപിക്കുന്നവരെ ആട്ടിപ്പായിക്കുവാൻ ആർക്കാണ് കെല്പുണ്ടാവുക? യഥാർത്ഥസ്നേഹത്തെ സംബന്ധിച്ചു ഇതു വാസ്തവമാണ്. പക്ഷെ സ്നേഹത്തിനു ഇത്രയേറെ മഹത്വമുള്ളതുകൊണ്ട് സ്നേഹത്തിന്റെ പേരിൽ വളരെയധികം കള്ളനാണയങ്ങൾ ലോകത്തിൽ പ്രചരിക്കുന്നുണ്ട്. ഒരു കറൻസിനോട്ടു നല്ല നോട്ടാണോ, കള്ളനോട്ടാണോ എന്നു തരംതിരിച്ചു നോക്കി സ്വീകരിച്ചില്ലെങ്കിൽ ലക്ഷപ്രഭു ഒരു രാത്രികൊണ്ടു പാപ്പരായി എന്നു വരാം. മാത്രമല്ല അവർ കാരിരുമ്പഴികൾക്കുള്ളിൽ കുടുങ്ങിയെന്നും വരാം. അതുപോലെ സ്നേഹഭാവം കാണിച്ചു വരുന്നവരെ ശരിയായി പരിശോധിച്ചുനോക്കാതെ സ്വീകരിച്ചാൽ കാരിരുമ്പഴികളെക്കാൾ ദുസ്സഹമായ ഒരു കാരാഗൃഹത്തിലായിരിക്കും നാം പെടുകയെന്നു യുവഹൃദയങ്ങൾ മനസ്സിലാക്കണം. അതിനെ സധീരം ചെറുക്കണം.

വല്യേട്ടൻ.

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

81. എം. ജി. വർഗ്ഗീസ് മുണ്ടപ്പാക്കൽ, ചെറുവള്ളി.
82. കെ. ജെ. തോമസ് കളപ്പുരക്കൽ, കല്ലൂർക്കാട്.
83. എം. ടി. ജോസഫ് മാലത്തുവീട് നെടുംപൊയിൽ.
84. കെ. എൽ. ആൻറണി കല്ലുക്കാരൻ, ഊരകം.
85. ജോസഫ് ജെ. പൊരിയത്തു്, തിടനാട്.

## 87-ാം നമ്പർ പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ബാലരംഗം

## പ്രശ്നം നമ്പർ 88

(കെ. ജെ. തോമസ് കളപ്പുരക്കൽ Reg. No. 82)

സുഖജീവിതത്തിനു പററിയ സങ്കേതമാണ് ഞാൻ. മാർത്തോമ്മാശ്ലീഹായുടെ ചരിത്രവുമായി എനിക്കുള്ള ബന്ധംകൊണ്ടു എന്റെ പേരിൽ ഒരു പുതിയ ഗ്രന്ഥം ഇറങ്ങിയിട്ടുണ്ട്. എന്റെ പേരിനു നാലക്ഷരമുണ്ട്. ഒന്നും രണ്ടും അക്ഷരം ചേർന്നാൽ അതിനെ ത്രിസന്ധികളിലും നിങ്ങൾ ശ്രവിക്കും. മൂന്നും നാലും അക്ഷരം ചേർന്നാൽ അതു ധനവാന്മാരുടെ ആസ്ഥാനമാകും. ഒന്നും നാലും അക്ഷരം ചേർന്നാൽ അതു കുട്ടനാടൻ കൃഷിക്കാർക്കു ചങ്കിടിപ്പുണ്ടാക്കും. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)




ചെറുകഥ

## പിരിഞ്ഞുപോയ വിദ്യാർത്ഥി

(മേരി ജെയിക്കബ്, തത്തമ്പള്ളി)

ഇതൊരു പിരിഞ്ഞുപോയ വിദ്യാർത്ഥിയുടെ കഥയാണ്. ആനന്ദത്തിന്റെ മുന്തിരിച്ചാറു് ആവോളമൂററിക്കുടിക്കുന്ന വിദ്യാലയജീവിതകാലത്തു് വിദ്യാലയത്തിൽനിന്നും പിരിഞ്ഞുപോയ ഒരു വിദ്യാർത്ഥിയുടെ കഥ. സ്കൂൾ തുറന്നപ്പോൾ ഒരു ഭാരിച്ച ഹൃദയത്തോടെ അമ്മയുടെ വീട്ടിൽനിന്നും മടങ്ങിവന്ന ഡോക്ടരുടെ ഏകമകൻ റോമിയെ സ്വാഗതം ചെയ്തതു് ആറുമാസത്തോളം ആൾ താമസമില്ലാതിരുന്ന അയൽവീട്ടിൽനിന്നും പൊന്തിവന്ന ഒരു ഓടക്കുഴൽ നാദമാണ്. മുററത്തെ മൂവാണ്ടൻമാവിലുടക്കിയ റോമിയുടെ പട്ടത്തിന്റെ കുരുക്കഴിക്കാൻ അവൻ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ "ഞാനഴിച്ചുതരാം" എന്നു പറഞ്ഞുകൊണ്ടു് അവനെ സമീപിച്ച ആ ഓടക്കുഴൽവായനക്കാരൻ രാജുവിനെ അവനന്നാണു പരിചയപ്പെട്ടതു്. അവനു് ആരുമില്ലെന്നും, വൃദ്ധയായ ഒരു മാതാവു മാത്രമേയുള്ളുവെന്നും അവനു തേഡ് ഫോറത്തിൽവച്ചു ഫസ്റ്റ്ക്ലാസ്സുണ്ടെന്നറിഞ്ഞ ദിവസമാണ് അപ്പൻ മരിച്ചതെന്നും കേട്ടപ്പോൾ റോമിയുടെ ദേഹം കോരിത്തരിച്ചുപോയി.

ഞാനും, രാജുവും, റോമിയും സുഹൃത്തുക്കളാണ്. ഞങ്ങളുടെ ക്ലാസ്സിലെ ഏററവും രസികനായ കുട്ടിയും പഠിക്കുന്ന കുട്ടിയും രാജുതന്നെയാണ്. അവനു ഫീസുകൊടുക്കുന്നതു ഡോക്ടരാണ്. മിക്കപ്പോഴും ഊണു അവനു് വീട്ടിൽനിന്നും കൊടുക്കാറുണ്ട്.

അന്നൊരു ബുധനാഴ്ച, ഫൈനൽ എക്സാമിനേഷന്റെ ഒരുമാസം മുൻപു് മത്തായിസാറു കെമിസ്ട്രി പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ക്ലാസ്സിലെ രണ്ടു വികൃതികളായ ഞാനും രാജുവുംകൂടി ഡസ്കിനടിയിൽ ഒരു മാസികവച്ചുകൊണ്ടു് അതിലെ കഥ വായിക്കുകയാണ്. "അവൾ കരഞ്ഞു; പക്ഷേ അവളുടെ കണ്ണുനീർ..." ഞാൻ കഥയിൽ രസം പിടിച്ചിരിക്കുകയാണ്. "ഹൈഡ്റജനും, ഓക്സിജനും കൂടി ചേർന്നാൽ എന്തുണ്ടാകുന്നു? ജേക്കബ് പറയൂ" സാറിന്റെ ഒരു ചോദ്യം. ഞാൻ ഞെട്ടിപ്പോയി. "കണ്ണുനീർ" ഞാൻ സ്വപ്നശയ്യയിൽനിന്നുണർന്നതുപോലെ പറഞ്ഞു. ക്ലാസിൽ കൂട്ടച്ചിരിയുണ്ടായി. "എടാ സിറിയക്കേ, സാറെന്താണു ചോദിച്ചതു്" മുൻബെഞ്ചിലിരിക്കുന്ന സിറിയക്കിനോടു രാജു ചോദിച്ചതു് സാറു കേട്ടോ എന്തോ. "നെക്സ്റ്റ്". രാജു പറയൂ ഇതിന്റെ ആൻസർ" രാജു എണീററുനിന്നു പരുങ്ങുകയാണ്. വാസ്തവത്തിൽ എനിക്കു ചിരിവരുന്നുണ്ട്. "എടാ, നൈട്രജനെന്നു പറയെടാ" ഓപ്പസിററു സൈഡിലിരിക്കുന്ന റോമി പറഞ്ഞു. അതു കേട്ടതാമസം. രാജു പറഞ്ഞുകഴിഞ്ഞു. "സാറെ, എനിക്കറിയാം. നൈട്രജൻ." ക്ലാസ്സിൽ കൂക്കുവിളികൾ ഉയരുകയാണ്. രാജുവിനു പറഞ്ഞുകൊടുത്തു എന്ന കുററത്തിനു് അന്നു മുഴുവൻ നില്ക്കുവാനും, അതു തെററായിരുന്നതിനു് ഇരുപതുപ്രാവശ്യം ഇമ്പോസിഷൻ എഴുതുവാനും സാറു റോമിയെ ശിക്ഷിച്ചു. മത്തായിസാറു പണ്ടേ വലിയ ദേഷ്യക്കാരനാണ്. ക്ലാസ്സു നിശ്ശബ്ദമായപ്പോൾ രാജു തലചൊറിഞ്ഞുകൊണ്ടു പറഞ്ഞു: "സാറെ, ചോദ്യം നല്ലതുപോലെ കേട്ടില്ല."

"നിങ്ങൾ എന്തുചെയ്യുകയായിരുന്നു?" സാറിന്റെ ശബ്ദം വളരെയധികം ഉയർന്നു. "സാറെ അവരു കഥ വായിക്കുകയായിരുന്നു" റോമിയുടെ അടുത്തിരിക്കുന്ന എല്ലൻ തോമസു പറഞ്ഞു. സാറു മാസിക വാങ്ങിച്ചു മേശപ്പുറത്തുവച്ചിട്ടു പറഞ്ഞു: "ബോത്തു് ഓഫ് യൂ ഗെററ് ഔട്ട്" ഞങ്ങൾ അപരാധികളെപ്പോലെ പുറത്തിറങ്ങാൻ ഭാവിച്ചപ്പോൾ സാറു പറഞ്ഞു: "ജേക്കബിന്റെ ഫാദറിനോടു ഞാൻ പറഞ്ഞുകൊള്ളാം. രാജുവിന്റെ ഫാദറിനെ എനിക്കൊന്നു കാണണം."

"എന്റെ ഫാദർ ഇപ്പോൾ സ്വർഗ്ഗത്തിലാണോ നരകത്തിലാണോ എന്നെനിക്കറിഞ്ഞുകൂടാ. ഫാദർ മരിച്ചിട്ടു രണ്ടു വർഷം കഴിഞ്ഞു. അപ്പന്റെ ഒരു ഫോട്ടോ എന്റെ കൈയിലുണ്ട്. സാറിനതുമതിയോടാ ജേക്കബേ?" രാജു എന്നോടായിട്ടുമാത്രമാണ് ഈ ഫലിതം പറഞ്ഞതു്. പക്ഷേ എല്ലൻ തോമസ് അതും വിളിച്ചുപറയുമെന്നാരും നിനച്ചിരുന്നതല്ല. സാറു കോപംകൊണ്ടു വിറച്ചു.

നാലുമണിക്കു് ടീച്ചേഴ്സ് റൂം പൂട്ടുന്ന ചുമതല രാജുവിനാണ്. അന്നു് അവൻ ആ ചുമതല എന്തുകൊണ്ടോ റോമിയെ ഏല്പിച്ചു. ടീച്ചേഴ്സ് റൂമിലിരുന്നുകൊണ്ടു് മത്തായിസാറു തോമസിനു കെമിസ്ട്രി പറഞ്ഞുകൊടുക്കുന്നതവൻ കണ്ടു. അവന്റെ പ്രതികാരം തല ഉയർത്തി. പ്രതികാരം! ആ നാലക്ഷരം മൂകമായ അന്തരീക്ഷത്തിൽ മുഴങ്ങുന്നതുപോലെ അവനു തോന്നി. അവൻ മുറിപൂട്ടി!

പിറേറദിവസം രാവിലെ സ്കൂളിൽ വലിയ ഒരു കോളിളക്കം. മത്തായിസാറിനോടും തോമസ്സിനോടുമുള്ള വൈരാഗ്യത്തിനു് രാജു അവരെ ടീച്ചേഴ്സ്റൂമിലിട്ടു പൂട്ടി. ഹെഡ്മാസ്റ്റർ വന്നു. രാജുവിനെ വിസ്തരിച്ചു. അവനെന്തുപറയാനാണ്? റോമിയാണു ഇന്നലെ മുറി പൂട്ടിയതെന്നു പറഞ്ഞാൽ...? അവനെ പിതൃതുല്യം സ്നേഹിക്കുന്ന ഡോക്ടരുടെ മകൻ ശിക്ഷയനുഭവിക്കും. അതു പാടില്ല. അഥവാ അവൻ കുററം സമ്മതിച്ചാൽ അവനു സഹായം നൽകുന്ന കവാടങ്ങളെല്ലാം പൂട്ടപ്പെട്ടുപോകും, അവന്റെ ഹൃദയത്തിൽ ഒരു മല്പിടുത്തമുണ്ടായി. സാധു ഇടയ്ക്കിടയ്ക്കു റോമിയെ നോക്കുന്നുണ്ട്. അവനിരുന്നു വിയർക്കുകയാണ്. രാജു സത്യം പറഞ്ഞാൽ! ദൈവമേ! റോമിക്കു ലഭിക്കുന്ന ശിക്ഷയെപ്പററി അവനു ചിന്തിക്കക്കൂടി സാദ്ധ്യമല്ല. ഒടുവിൽ രാജു വിക്കിവിക്കി പറഞ്ഞു: "സാറെ, എന്നോടു ക്ഷമിക്കണം.അങ്ങിനെ വന്നുപോയി." തെററുചെയ്യാതെ അവൻ തെററിനുവേണ്ടി ക്ഷമായാചനം ചെയ്തു. എങ്കിലും അവനെ ഫൈനൽ എക്സാമിനേഷനു് ഇരുത്തുന്നതല്ലെന്നു ഹെഡ്മാസ്റ്റർ വിധിയെഴുതി! "അയ്യോ!" രാജു പറഞ്ഞുപോയി. വാസ്തവത്തിൽ ഇത്രവലിയ ഒരു ശിക്ഷ ആരും പ്രതീക്ഷിച്ചിരുന്നതല്ല. ഷർട്ടിന്റെ അഗ്രംകൊണ്ടു കണ്ണീർ തുടച്ചുകൊണ്ടു് രാജു ഇറങ്ങിപ്പോയപ്പോൾ റോമിയുടെ കണ്ണുകൾ നിറയുന്നതു ഞാൻ കണ്ടതാണ്.

അന്നുരാത്രി റോമി ഉറങ്ങിയില്ല. അല്ല പേക്കിനാവുകൾ അവനെ ഉറക്കിയില്ല. നേരം പുലർന്നു. അവനു പൊള്ളുന്ന പനി. റോമിയെ ആശുപത്രിയിലേക്കു മാററി. മൂന്നാം ദിവസം അവൻ കിടക്കയിൽ എണീററിരുന്നുകൊണ്ടു് തലേ ദിവസത്തെ പത്രം വായിച്ചു. "ഇവിടെ ഫിഫ്തിൽ പഠിക്കുന്ന രാജു എന്ന കുട്ടി ഇന്നലെ രാത്രിയിൽ നിരാശമൂലം ആത്മഹത്യചെയ്യാൻ ശ്രമിക്കയിൽ സാരമായ പരുക്കേററു് ആശുപ..." റോമി പിറകോട്ടു മറിഞ്ഞു. അവനു വീണ്ടും ബോധം വന്നപ്പോൾ ആസ്പത്രിയുടെ ഒരു കോണിൽനിന്നും ഒരു വൃദ്ധയുടെ ദീനരോദനം കേൾക്കാമായിരുന്നു. അവൻ ജാലകത്തിലൂടെ ആ ഭാഗത്തേക്കു നോക്കി. വെളുത്ത തുണികൊണ്ടു് കൈയും മുഖവും കെട്ടി ആ കിടന്നു ഞരങ്ങുന്നതാരാണ്? ആ തുണികളിൽ രക്തം പുരണ്ടിരിക്കുന്നല്ലോ? അവന്റെ ഹൃദയം ശക്തിയായി തുടിച്ചു. അരനിമിഷം! റോമി ഒരു ഭ്രാന്തനെപ്പോലെ അങ്ങോട്ടോടി. ആ അർദ്ധപ്രാണനെകെട്ടിപ്പുണർന്നു. ഡോക്ടർ ഓടിവന്നു. അദ്ദേഹത്തിന്റെ സ്തെതസ്കോപ്പു കിടക്കുന്ന മാറിലേക്കു ഓമനമകൻ റോമി തളർന്നു വീണു.

ദിവസങ്ങൾ ഓടിക്കൊണ്ടിരുന്നു. അന്നു് ഒരു പ്രഭാതത്തിൽ മത്തായിസാറിന്റെ മുറിയുടെ വാതില്ക്കൽ ഇരുപതു പ്രാവശ്യം ഇമ്പോസിഷൻ എഴുതിയ ഒരു കടലാസും ഒരു കത്തും കിടക്കുന്നതു കണ്ടു. തെററിനുവേണ്ടി അതിൽ ക്ഷമായാചനം ചെയ്തിരുന്നു. അതിലെ ഓരോ അക്ഷരവും പശ്ചാത്താപത്തിന്റെ നീലമുത്തുകളായിരുന്നു. ഡോക്ടറുടെ മകൻ റോമിയെ കാണാനില്ല എന്ന വാർത്ത നാടാകെ പരന്നു! ദയയില്ലാത്തയാളെന്നു രോഗികൾ പറയാറുള്ള ആ ഡോക്ടർ കരഞ്ഞുപോയി. പത്രത്തിൽ പരസ്യമിട്ടു. റോമിയെ അന്വേഷിച്ചാളിറങ്ങി.

രാജുവിനെ പരീക്ഷയ്ക്കിരുത്തുകയില്ലെന്നുള്ള ശിക്ഷ ഡോക്ടർ പിൻവലിപ്പിച്ചു. അവനു ലീവുലെററർ എഴുതിക്കൊടുത്തപ്പോൾ അതിൽ രണ്ടുമൂന്നു കണ്ണീർത്തു

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I